JYOTHIMARGOM

# ജ്യോതിമാർഗ്ഗം

വാർത്താ പത്രിക

RNI.NO.KER MAL/2002/8041

PUBLISHED FROM THIRUVALLA ON 13-10-2017

VOL. 18 | NO. 10 | 2017 October | Pages 12 | Price ₹ 5/-

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്

# ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



ജനറൽ കൺവൻഷൻ ആലോചനാ യോഗത്തിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി. തോമസ് സംസാരിക്കുന്നു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ലായിലുള്ള ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ വച്ച് നടക്കും.

സ്വദേശത്തും വിദേശത്തുമുള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും. ഒരാഴ്ച നീണ്ടുനിൽക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനും വിജയകരമായ നടത്തിപ്പിനു വേണ്ടി 2017 സെപ്തംബർ 27 മുതൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും ഉപവസിച്ച് പ്രാർത്ഥിക്കും.

2018 ജനുവരി 15 മുതൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഉപവാസ പ്രാർത്ഥന കൺവൻഷൻ ഗ്രൗണ്ടിൽ വച്ചു നടക്കുമെന്ന് മുളക്കുഴയിൽ നടന്ന കൺവൻഷൻ ആലോചനായോഗത്തിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് പ്രസ്താവിച്ചു.

സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാസ്റ്റർ ജോസഫ് മറ്റത്തുകാല സ്വാഗതവും പാസ്റ്റർ വൈ. റെജി നന്ദിയും അറിയിച്ചു. പാസ്റ്റർ ഷിബു കെ. മാത്യു സങ്കീർത്തനം വായനക്കും ബ്രദർ അലക്സാണ്ടർ വർഗീസ് പാസ്റ്റർമാരായ വിനോദ് ജേക്കബ്, കെ.എ. ഉമ്മൻ, റ്റി.എം. മാമ്മച്ചൻ എന്നിവർ പ്രാർത്ഥനയ്ക്കും നേതൃത്വം കൊടുത്തു. കൗൺസിൽ അംഗങ്ങൾ, ബിലീവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കമ്മറ്റി അംഗങ്ങൾ തുടങ്ങി അനേക ശുശ്രൂഷകന്മാരും വിശ്വാസികളും സമ്മേളനത്തിൽ സംബന്ധിച്ചു. സ്റ്റേറ്റ് കൺവൻഷന്റെ അടുത്ത ആലോചനായോഗം ഒക്ടോബർ 17-ാം തീയതി ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് മുളക്കുഴ സീയോൻ കുന്നിൽ വെച്ച് നടക്കും.

# പി.സി.എൻ.എ.കെ ലോക്കൽ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു

**നിബു വെള്ളവന്താനം**
*(നാഷണൽ മീഡിയ കോർഡിനേറ്റർ)*

**ബോസ്റ്റൺ:** 2018 ജൂലൈ 5 മുതൽ 8 വരെ ബോസ്റ്റൺ പട്ടണത്തിലുള്ള സ്പ്രിങ്ങ്ഫീൽഡ് മാസ് മ്യൂച്ചൽ കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന 36 മത് നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിന്റെ ലോക്കൽ കമ്മറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു.ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജോൺസൺ വി. സാമുവേൽ, ലോക്കൽ സെക്രട്ടറി ബ്രദർ ജെയിംസ് ജോർജ്, ജോയിന്റ് സെക്രട്ടറി ബ്രദർ മാത്യു തരകൻ, ലോക്കൽ ട്രഷറാർ ബ്രദർ ഡാനിയേൽ കുഞ്ഞ് കുഞ്ഞ് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ലോക്കൽ കമ്മറ്റിയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

മറ്റ് ഭാരവാഹികൾ: പ്രയർ കോർഡിനേറ്റേഴ്സ്: പാസ്റ്റർ വി.പി.തോമസ്, ഡോ. റോബിൻസൻ, യൂത്ത് കോർഡിനേറ്റേഴ്സ്: റോബിൻ ജോൺ, സോണി ചെറിയകളത്ത്, ചിൽഡ്രൻസ് കോർഡിനേറ്റേഴ്സ്: എലിസബത്ത് റോബിൻ, ജെയ് സഖറിയ, ലേഡീസ് കോർഡിനേറ്റേഴ്സ്: സൂസൻ ജോൺസൺ, സുജ ഇടിക്കുള, രജിസ്ട്രേഷൻ: ഷിജിൻ സോമേൻ, ഡോ.സിജുമോൻ കെ. അഷേഴ്സ്: സാമുവേൽ കൃപാകർ, പി.കെ.മാത്യൂ, മ്യൂസിക്: ജെഫ്രി ജോർജ് മിറിയം തോമസ്, സംഗീതം മലയാളം: മനോജ് മാത്യൂ, ജോർജ് ഷെറിംഗ്, സെക്യൂരിറ്റി: ജോൺ ചെറിയകളത്ത്, അക്കോമഡേഷൻ: ഡോ. ഷിബു പൗലോസ്, ദീപക് നൈനാൻ, ട്രാൻസ്പോർട്ടേഷൻ: ജേക്കബ് അലക്സാണ്ടർ, ഓഡിയോ: ജോനാഥൻ ജോൺസൺ, ജോനാഥൻ റോബിൻസൻ , വീഡിയോ ഫോട്ടോഗ്രാഫി: രവി റോബിൻസൻ, .ജാനിസ് ജോർജ്, ലൈറ്റിംഗ്: ജേക്കബ് മാത്യൂ, മീഡിയ: ജയൻ കോശി, ജെരമ്യ തോമസ്, വെബ്സൈറ്റ്: ജോഷ്വാ ഫ്രാൻസിസ്, കെ. ഗൗതം, സ്പോർട്സ്: സ്റ്റീഫൻ തോമസ്, ഷോൺ ഷെറിംഗ്, റിസിപ്ഷൻ: നിഷ കോശി, ജെമിമ ജോൺസൻ, സ്റ്റേജ് : ഡോ. ഷിബു പൗലോസ്, ഡോ.ജോവാൻ ഫിലിപ്പ്, ഫുഡ്: സേതു അലക്സാണ്ടർ, ഗ്രേസ് മാത്യു, മെഡിക്കൽ ടീം: ഡോ. സിനി ജോർജ്, ഡോ. ജോൺ ആളൂർ

നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഇടിക്കുള, നാഷണൽ സെക്രട്ടറി ബ്രദർ വെസ്ലി മാത്യു, നാഷണൽ ട്രഷറാർ ബ്രദർ ബാബുക്കുട്ടി ജോർജ്, യൂത്ത് കോർഡിനേറ്റർ ബ്രദർ ഷോണി തോമസ്, കോൺഫ്രൻസ് കോർഡിനേറ്റർ ഡോ.തോമസ് ഇടിക്കുള, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആശ ഡാനിയേൽ, പ്രയർ കോർഡിനേറ്റർ പാസ്റ്റർ റജി ശാമുവേൽ എന്നിവർ ദേശിയ കോൺഫ്രൻസിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

# നവാപൂർ കൺവൻഷൻ

## ഒക്ടോബർ 24 ന് ആരംഭിക്കും

**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ 37-ാമത് നവാപൂർ കൺവൻഷൻ ഒക്ടോബർ 24-29 വരെ മഹാരാഷ്ട്രയിലെ നവാപൂരിന് സമീപമുള്ള കരഞ്ചി കൂർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ഒക്ടോബർ 24 വൈകിട്ട് 6ന് ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വി.ഒ. വർഗീസ്, എം. എസ്. ശാമുവേൽ, ലാജി പോൾ, ഡോ. മോനിസ് ജോർജ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. ഫിലദൽഫിയ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം, ഫിലദൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നര പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. സഭയുടെ ഇന്ത്യയിലെ വിവധ സംസ്ഥാനങ്ങളിലുള്ള ആയിരത്തിൽ അധികം സഭകളിൽ നിന്നുമായി പതിനായിരക്കണക്കിന് വിശ്വാസികൾ കൺവൻഷനിൽ പങ്കെടുക്കും.

## നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ്

# നാഷണൽ കോൺഫ്രൻസ് കമ്മറ്റി വിപുലീകരിച്ചു



നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസിന്റെ നാഷണൽ കമ്മറ്റി അംഗങ്ങൾ

**ഡാളസ്:** 2018 ജൂലൈ 19 മുതൽ 22 വരെ ഒക്കലഹോമയിൽ നടക്കുന്ന 23-ാമത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസിന്റെ നാഷണൽ കമ്മറ്റി വിപുലീകരിച്ചു.

സെപ്റ്റംബർ 16 നു ഒക്കലഹോമയിൽ കൂടിയ നാഷണൽ പ്രതിനിധികളുടെ പ്രഥമ കമ്മറ്റി മീറ്റിംഗിലാണു കോൺഫ്രൻസിന്റെ വിവിധ പദ്ധതികൾ തയ്യാറാക്കിയത്. മിഡ്വെസ്റ്റ് സിറ്റി ഒക്കലഹോമയിലെ മനോഹരമായ ഷെറാട്ടൺ ഹോട്ടലാണു കോൺഫ്രൻസ് വേദിയാകുക. എബ്രായർ 12:1 നെ അധികരിച്ച് 'ഓട്ടം സ്ഥിരതയോടെ ഓടുക' എന്നതായിരിക്കും കോൺഫ്രൻസ് ചിന്താവിഷയം. പാസ്റ്റർ ജെയിംസ് റിച്ചാർഡ് ( പ്രസിഡന്റ്), റവ. ഫിജോയ് ജോൺസൻ (വൈസ് പ്രസിഡന്റ്), വിജു തോമസ് (സെക്രട്ടറി), ഡേവിഡ് കുരുവിള (ട്രഷറർ), ബെഞ്ചമിൻ വർഗ്ഗീസ് (യൂത്ത് കോർഡിനേറ്റർ), റവ. സ്റ്റീഫൻ ബെഞ്ചമിൻ (പ്രയർ കോർഡിനേറ്റർ), പ്രസാദ് തീയാടിക്കൽ ( മീഡിയ കോർഡിനേറ്റർ) എന്നിവരെ കൂടാതെ സഹോദരി സമ്മേളനങ്ങൾക്ക് സിസ് അമ്മിണി മാത്യു (പ്രസിഡന്റ്), ലാലി സാം കുട്ടി (വൈസ് പ്രസിഡന്റ്), സൂസൻ ബി. ജോൺ ( സെക്രട്ടറി) എന്നിവരടങ്ങുന്ന നാഷണൽ ടീം മറ്റ് സ്റ്റേറ്റ് റെപ്രസെന്റേറ്റീവിസിനോടൊപ്പം സമ്മേളനങ്ങൾക്ക് നേതൃത്വം നല്കും. മീഡിയ കോർഡിനേറ്റർ: പ്രസാദ് തീയാടിക്കൽ.

# ശാരോൻ ജനറൽ കൺവൻഷൻ നവം. 27 മുതൽ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ഇക്കൊല്ലത്തെ ജനറൽ കൺവൻഷൻ നവംബർ 27 തിങ്കൾ മുതൽ ഡിസംബർ 3 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ വെച്ചു നടക്കും. സഭാ പ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്യും. ആത്മനിറവും വചനപരിജ്ഞാനവുമുള്ള ദൈവദാസിദാസന്മാർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും. കൺവൻഷനോടനുബന്ധിച്ച് പൊതുയോഗങ്ങളെ കൂടാതെ ബൈബിൾ സ്റ്റഡി, പാസ്റ്റേഴ്സ് സെമിനാർ, കാത്തിരിപ്പുയോഗം, മിഷൻ ചലഞ്ച്, വനിതാ സമ്മേളനം, സി.ഇ.എം - സൺഡേസ്കൂൾ സംയുക്ത സമ്മേളനം, സംയുക്ത സഭായോഗം തുടങ്ങിയവയും നടക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി പാസ്റ്റർമാരായ കെ.വി.ദാനിയേലുകുട്ടി, ലാലു ഈപ്പൻ (പ്രയർ), ഏബ്രഹാം മന്ദമരുതി, ജോർജ് മുണ്ടകൻ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ.ജോർജുകുട്ടി, കെ.കെ.തോമസ് (ഫൈനാൻസ്), ഏബ്രഹാം ഉമ്മൻ, റ്റി.ഒ.പൊടിക്കുഞ്ഞ് (അറേഞ്ച്മെന്റ്സ്), പാസ്റ്റേഴ്സ് സാം ഫിലിപ്പ്, കെ.ജോണിക്കുട്ടി (ഫുഡ്), ബിജു ജോസഫ്, ജേക്കബ് ജോർജ് കെ (അക്കോമഡേഷൻ) മാത്യൂസ് ജോർജ്, എ.വി.ജോസ് (വോളന്റിയേഴ്സ്), കുര്യൻ മാത്യു (രജിസ്ട്രേഷൻ), സോവി മാത്യു, ബിജു ജോസഫ് (മ്യൂസിക്) എന്നിവർ കൺവീനേഴ്സായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

email jyothimargom@gmail.com

ജ്യോതിമാർഗ്ഗം
വാർത്താ പത്രിക

EDITORIAL BOARD
MANAGING EDITOR
Pr. J.Joseph
CHAIRMAN
Pr. Thomas V. Thomas
CHIEF EDITOR
Evg. P.I. Abraham
PUBLISHER
Pr. P.G. Mathews
GENERAL EDITOR
Jaise Pandanad
RESIDENT EDITOR
Pr. Shaji Idukki
MANAGER
Pr. Shaiju Thomas
EDITORS
Rev. P.P. Kurian
Thomas Thonnackal
Thomas Joseph
Pr. Finny Joseph
Jaimohan Athirunkal
Pr. Biju Thankachan, Mumbai
Pr. Sovi Mathew
Pr. Biju Joy
OVERSEAS EDITORS
Roy Mepral
Rev. Johnson Zachariah
Rev. Sunny Thazhampallom
USA CO-ORDINATOR
Pr. Abraham Mathew
STATE CO-ORDINATOR
Pr. Saji George
CO.ORDINATORS
Mathew Varghese, New York
Rev.Eldho Mappalail-Western Canada
Evag.Wilson Varghese-Eastern Canada
Shaji Vennikulam - Atlanta
Thomas Koshy - Bahrain
Faith Abraham - Oman
Tiju Raj - Kuwait

ADVISORY BOARD
Pr. O.J. Mathew
Pr. Issac Simon
Pr. C.C.Thomas

ജ്യോതിമാർഗ്ഗം
വാർത്താപത്രിക
വാർഷിക വരിസംഖ്യ
ഇൻഡ്യയിൽ: 150 രൂപ
യുഎസ്എ & കാനഡ: US $ 30
യു.കെ.: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂ

വരിസംഖ്യ അയക്കേണ്ട വിലാസം
JYOTHIMARGOM
P.O. BOX - 15
ERAVIPEROOR P.O.,
THIRUVALLA - 689 542, KERALA
Ph: 9447455820
Mob: 9048869944

## എഡിറ്റോറിയൽ

# വിജയത്തിന് കുറുക്കു വഴികളില്ല



പാസ്റ്റർ ജെ. ജോസഫ്

ജീവിതത്തിൽ ഒരിക്കലെങ്കിലും പരാജയം നേരിടാത്തവർ ചുരുക്കമാണ്. വിദ്യാഭ്യാസത്തിലോ, ബിസിനസ്സിലോ, ജീവിതത്തിലോ ഏതെങ്കിലും വിധത്തിൽ പരാജയം അനുഭവിച്ചിട്ടുള്ളവരാണ് അധികവും. എന്നാൽ പരാജയത്തിന്റെ കൈയ്പ്പുനീർ കുടിക്കുവാൻ ആരും ആഗ്രഹിക്കുന്നില്ല. വിജയത്തിലേക്കുള്ള പാതയിൽ കുതിച്ചു മുന്നേറുവാൻ ആണ് മനുഷ്യന്റെ ശ്രമം. എന്നാൽ അപ്രതീക്ഷിതമായി ജീവിതത്തിൽ കടന്നുവരുന്ന പരാജയബോധം മനുഷ്യനെ നിരാശനാക്കുന്നു. പരാജയം യഥാർത്ഥത്തിൽ നമ്മെ കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നത്. ഏതു വിജയത്തിന്റേയും മുമ്പിൽ നമ്മെ നിരാശരാക്കുന്ന ഒരു പ്രതികൂലസാഹചര്യം കടന്നുവരും. സാഹചര്യങ്ങളോടുള്ള നമ്മുടെ പ്രതികരണമാണ് നമ്മെ വിജയികളോ പരാജിതരോ ആക്കുന്നത്. ആ സാഹചര്യത്തിൽ നമ്മുടെ കാലുകൾ പതറരുത്. കാരണം അത് വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്.

വിജയപ്രാപ്തിക്കുവേണ്ടി പലതും വർജ്ജിച്ചവരാണ് നമ്മിലനേകരും. എന്നാൽ നമ്മുടെ മുമ്പിലണയുന്ന പ്രതികൂലസാഹചര്യങ്ങളെ നേരിടുന്നതെങ്ങനെ എന്നതിനെ സംബന്ധിച്ച് നമുക്ക് വ്യക്തമായ ധാരണയില്ലെങ്കിൽ വിജയം എക്കാലവും നമുക്ക് അപ്രാപ്യമായ ദൂരത്തായിരിക്കും.

നമുക്കൊരിക്കലും പരാജയം നേരിടുകയില്ലായെന്ന് ഇതിനർത്ഥമില്ല. പരാജയങ്ങളൊന്നും ആയതിനാൽ തന്നെ അന്തിമമല്ല. അതിനാൽ പരാജയം ഒരു പ്രതികൂല സാഹചര്യം മാത്രമാണ്. അവയെ ശരിയായ മനോഭാവത്തോടുകൂടി നേരിടുന്നവർ വിജയം പ്രാപിക്കുകയാണ് ചെയ്യുന്നത്. അതേ, പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്.

ഒന്നാം ലോകമാഹായുദ്ധത്തിൽ ബ്രിട്ടൻ വിജയിച്ചതിന്റെ പിന്നിൽ ഡോ. വെയ്സ്മാൻ എന്ന ശാസ്ത്രജ്ഞന്റെ പങ്ക് വളരെ വലുതായിരുന്നു. യുദ്ധാരംഭത്തിൽ ബ്രിട്ടനായിരുന്നു തോൽവി. കാരണം ബ്രിട്ടന് വെടിമരുന്നു ലഭിച്ചരിന്ന സ്ഥലങ്ങൾ ജർമ്മൻകാർ പിടിച്ചെടുത്തു. റഷ്യക്കാരനായ ഡോ. വെയ്സ്മാൻ എന്ന യഹൂദൻ ഈ സമയം ഇംഗ്ലണ്ടിലെ ഒരു കോളേജിൽ ശാസ്ത്രാദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയായിരുന്നു. ഇദ്ദേഹം ഒന്നിലധികം രാസവസ്തുക്കളുടെ സമ്മിശ്രമായ റ്റി. എൻ. റ്റി. എന്ന സ്ഫോടകം കണ്ടുപിടിച്ചു. റ്റി. എൻ. റ്റി. വാതകം യുദ്ധസ്ഥലത്തേക്കു കൊണ്ടുപോകുമ്പോൾ സ്വയം തീ കത്തുവാൻ തുടങ്ങി. ഡോ. വെയ്സ്മാൻ ചിന്താധീനനായി. ഒടുവിൽ ഇയ്യോ. 38:22,23 വാക്യങ്ങൾ അദ്ദേഹത്തിനു പ്രചോദനം നല്കി. സ്ഫോടകവ്സതുവും, ഹിമവും തമ്മിലുള്ള ബന്ധം മനസ്സിലാക്കിയ ഡോ. വെയ്സ്മാൻ ഐസ് പെട്ടിക്കകത്ത് ഈ വാതകം കൊണ്ടുപോകുകയും, തുടർന്ന് ബ്രിട്ടൺ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു.

ഡോ. വെയ്സ്മാന്റെ സഹായത്തിനു പ്രതിഫലമായിട്ടാണ് ബ്രട്ടീഷ് ഗവൺമെന്റ് യിസ്രയേൽ രാഷ്ട്ര സ്ഥാപനത്തിനും യഹൂദന്മാരുടെ മടങ്ങിവരവിനും സഹായഹസ്തം നീട്ടിയത്. ഡോ.വെയ്സ്മാൻ മാത്രമല്ല, അദ്ദേഹത്തെപ്പോലെയുള്ള ഒട്ടനേകം പേരും തിരുവചനത്തിന്റെ താളുകളിൽ നിന്ന് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടിയെടുത്തവരാണ്. ദൈവവചനം ഒരു ശാസ്ത്രഗ്രന്ഥമല്ല. എന്നാൽ ദൈവവചനത്തെപ്പോലെ ജീവിത വിജയത്തിനു ഉപയുക്തമായ മറ്റൊരു ഗ്രന്ഥമില്ല. അനുദിന ആത്മിയയുദ്ധത്തിൽ അത് ഉപദേശകനാണ്. യിസ്രായേൽ രാജാവായ ദാവീദിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു. (സങ്കീ. 119:105) ഇരുൾ ഏറിയ ജീവത പാതകളിൽ സഞ്ചരിക്കുന്ന ഏതൊരു പഥികനും ദൈവവചനത്തിന്റെ സഹായത്താൽ വെളിച്ചത്തിലേക്കും വിജയത്തിലേക്കും നശ്ചയമായും എത്തുവാൻ കഴിയും. വിജയത്തിന് ഒറ്റമൂലിയില്ല. തികഞ്ഞ ദൈവാശ്രയവും, ദൈവവചനത്തിലുള്ള ധൈര്യവും ഏറിയ സമർപ്പണവും ഉള്ളവർക്കേ ഇവിടെ വിജയം ലഭിക്കൂ. പ്രാർത്ഥനയാലും ഉപവാസത്താലും എളുപ്പം വിജയം നേടുവാൻ വെമ്പുന്നവരുടെ ഒരു നിര തന്നെ നമ്മുടെ സമൂഹത്തിൽ ഉണ്ട്. എന്നാൽ ഇവയുടെ കൂടെത്തന്നെ മുകളിൽ ചൂണ്ടിക്കാണിച്ച അനുഭവങ്ങൾ നിർബന്ധമായും പുലർത്തണം.

ഒരിക്കൽ യുദ്ധമുന്നണിയിൽ ആസന്നമായ പരാജയത്തെ മുമ്പിൽ കണ്ട് ഭയചകിതരായിത്തീർന്ന ബ്രിട്ടീഷ് പടയാളികൾ "We win, we win what ever may be the cost" എന്നുള്ള പ്രധാന മന്ത്രി വിൻസ്റ്റൻ ചർച്ചിലിന്റെ ധീരോത്തമമായ ആഹ്വാനം ഏറ്റെടുത്ത് പട പൊരുതി അസാദ്ധ്യമെന്നു കരുതിയ യുദ്ധവിജയത്തെ കരസ്ഥമാക്കിയതുപോലെ ഏവർക്കും വിജയിക്കുവാൻ കഴിയട്ടെ..............

## പബ്ലിഷർ എഴുതുന്നു

# സമാധാനം പുലരട്ടെ

**നിരന്തരം വാക്കുമാറുകയും വിശ്വസിച്ചവരെ ചതിക്കുകയും ചെയ്യുന്ന പ്രവണത ഏറിവരുന്നതിനാൽ, ആരെയും വിശ്വസിക്കാൻ സാധിക്കുന്നില്ല. എപ്പോഴാണു സമാധാനത്തെ തകർത്തുകൊണ്ട്, സ്നേഹിതർ എന്നഭിനയിക്കുന്നവർ ശത്രുവായി വരുന്നതെന്നറിയില്ല. അതിനാൽ ജാഗ്രതയോടെ കരുതിയിരിക്കുകയാണ്. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ ഉപയോഗിക്കുന്നതിനെക്കാളേറെ പണവും താല്പര്യവും പ്രതിരോധത്തിനാണ് ഉപയുക്തമാകുന്നതെന്നറിയുമ്പോൾ, സമാധാനത്തെ തകർക്കുന്ന ശക്തിയുടെ വ്യാപ്തി നമുക്കു ഗ്രഹിക്കാം.**



പാസ്റ്റർ പി. ജി. മാത്യൂസ്

സമാധാനം എത്ര മനോഹരമായ പദമാണ്! ഏവരും വളരെ ആഗ്രഹത്തോടെ അതിലേക്ക് ഉറ്റുനോക്കുന്നു. വ്യക്തിയിലും സമൂഹത്തിലും അത് ഉണ്ടാകണമെന്നു വളരെ താല്പര്യപ്പെടുന്നു. ലോകരാജ്യങ്ങളും സമാധാനം നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ അതിനെക്കാളുപരി, സ്വാർത്ഥരായ അന്യരാജ്യക്കാരുടെ ആക്രമണങ്ങൾ ഉണ്ടായാൽ അതിനെ ചെറുത്തുനിൽക്കുവാനും തോല്പിക്കുവാനും കൂടുതൽ പണം ബജറ്റിൽ വകയിരുത്തി. സമാധാനം ആഗ്രഹിക്കാഞ്ഞിട്ടല്ല. മറ്റാരെയും വിശ്വസിക്കാൻ കഴിയാത്ത സാഹചര്യത്തിലാണു ലോകജനത. നിരന്തരം വാക്കുമാറുകയും വിശ്വസിച്ചവരെ ചതിക്കുകയും ചെയ്യുന്ന പ്രവണത ഏറിവരുന്നതിനാൽ, ആരെയും വിശ്വസിക്കാൻ സാധിക്കുന്നില്ല. എപ്പോഴാണു സമാധാനത്തെ തകർത്തുകൊണ്ട്, സ്നേഹിതർ എന്നഭിനയിക്കുന്നവർ ശത്രുവായി വരുന്നതെന്നറിയില്ല. അതിനാൽ ജാഗ്രതയോടെ കരുതിയിരിക്കേണ്ടതാണ്.

ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ ഉപയോഗിക്കുന്നതിനെക്കാളേറെ പണവും താല്പര്യവും പ്രതിരോധത്തിനാണ് ഉപയുക്തമാകുന്നതെന്നറിയുമ്പോൾ, സമാധാനത്തെ തകർക്കുന്ന ശക്തിയുടെ വ്യാപ്തി നമുക്കു ഗ്രഹിക്കാം. ഞാൻ നിങ്ങൾക്കു സമാധാനം തന്നേച്ചു പോകുന്നു എന്ന് യേശു പറഞ്ഞു. അതു ഞാൻ അനുഭവിക്കണം. മറ്റുള്ളവർക്ക് അവകാശപ്പെട്ടതു കൂടി എനിക്കു ലഭിക്കണം എന്ന ചിന്താഗതി ഉള്ളിടത്താണു സമാധാനം തകരുന്നത്. സ്വാർത്ഥത, സൈര്യവും സ്വസ്ഥതയും സമാധാനവും നീക്കി വിദ്വേഷവും വെറുപ്പുമുളവാക്കുന്നു. രാഷ്ട്രത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ദീർഘവീക്ഷണമുള്ളവർ മാനവ സമാധാനത്തിനായി പലതും ചെയ്തുവെച്ചെങ്കിലും, യേശു തരുന്ന സമാധാനത്തിനു പകരം വെയ്ക്കാൻ മറ്റൊന്നില്ല. നിലനില്ക്കുന്ന സമാധാനത്തിനു പകരം വെയ്ക്കാൻ മറ്റൊന്നില്ല. നിലനില്ക്കുന്ന സമാധാനമാണു കർത്താവു തന്നിട്ടുള്ളത്. വ്യക്തിവൈരാഗ്യങ്ങളും സാമൂഹ്യ വേർതിരിവുകളും മാറ്റി, യേശു തന്നെ സമാധാനമായി നിലകൊള്ളുന്നു. അവൻ നമ്മുടെ സമാധാനം. അവൻ ഇരുപക്ഷത്തെയും ഒന്നാക്കുവാൻവേണ്ടി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞവർ. എന്നേക്കുമുള്ള സമാധാനം ദാനം ചെയ്തതു കർത്താവു മാത്രമാണ് (യോഹ.19:20).

ദൈവത്തോടും മനുഷ്യരോടും നാം സമാധാനമായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ചിലർ മറ്റുള്ളവരുമായി സന്തോഷത്തോടെ ഇടപെട്ട് സ്വസ്ഥതയോടെ ജീവിക്കും. എന്നാൽ ദൈവവുമായി വളരെ അകന്നവരായിരിക്കും. ദൈവത്തോടു നിരപ്പ്, ദൈവത്തോടു സമാധാനം എന്നീ വാക്കുകൾ ലേഖനങ്ങളിൽ നാം വായിക്കുന്നു (റോമർ 5:2). പ്രധാനമായും നാം ദൈവത്തോടു നിരപ്പുള്ളവരായെങ്കിൽ മാത്രമേ മനുഷ്യരോടു കുറ്റമറ്റ മനഃസാക്ഷി പുലർത്തുവാനും സമാധാനത്തോടെ ജീവിക്കാനും കഴിയൂ (അപ്ര.24:16). 'നിനക്ക് ഒരു ദോഷവും ചെയ്യാത്ത മനുഷ്യനോട് നീ വെറുതെ ശണ്ഠയിടരുത്' എന്നു സദൃശവാക്യം നമ്മോടു പറയുന്നു. സമാധാനം നഷ്ടപ്പെടുന്നതിന്റെ ഒരു പ്രധാനകാരണം, അവരവർക്കു ദൈവം അനുവദിച്ചിട്ടുള്ള അതിരുകൾ ലംഘിക്കുന്നതാണ്. തങ്ങളെ ബാധിക്കാത്ത പല വിഷയങ്ങളിലും ഇടപെട്ട്, തങ്ങളുടെയും മറ്റുള്ളവരുടെയും സമാധാനം നശിപ്പിക്കുന്നവരുണ്ട്. നമുക്കു ദൈവം വച്ചിട്ടുള്ള അതിര് ഏതെന്ന ബോദ്ധ്യം നമുക്കുണ്ടായിരിക്കണം.

ബുദ്ധിക്കും യുക്തിക്കും അപ്പുറമാണു ദൈവം തരുന്ന സമാധാനം. സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം എന്നു ഫിലിപ്യ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഫിലി.4:7). ക്രിസ്തുവിന്റെ ഇഷ്ടദാനമായ സമാധാനം ഒരു നദിപോലെ സമൃദ്ധമായിട്ടുള്ളതും പൂർണ്ണവുമാണ്. ദൈവത്തിന്റെ വാഗ്ദാനം വ്യർത്ഥമല്ലാത്തതിനാൽ, തന്റെ അടുക്കൽ വരുന്ന ഏവർക്കും ഇതു നൽകുന്നു. നീതിമാനായ ദൈവമാണു സമാധാനത്തിന്റെ ഉടമസ്ഥൻ. യേശുക്രിസ്തുവിനെ സമാധാനപ്രഭു എന്നു വിളിക്കുന്നു (യെശ.9:6). നീതിമാന്മാർക്കു മാത്രമേ സമാധാനം ഉണ്ടാക്കുവാൻ കഴിയുകയുള്ളൂ. സമാധാനത്തിനു വഴിയൊരുക്കുന്നവർ ഭാഗ്യവാന്മാരാണ്. സമാധാനം ഉണ്ടാക്കുന്നവരെ ഭാഗ്യവാന്മാർ, ദൈവത്തിന്റെ പുത്രന്മാർ എന്നൊക്കെയാണു കർത്താവു തന്നെ വിളിച്ചിട്ടുള്ളത് (മത്തായി 5:9).

പഴയ, പുതിയ നിയമങ്ങളിൽ സമാധാനം ആശംസിക്കുന്നതു നാം വായിക്കുന്നു. അവിടെയെല്ലാം, സമാധാനം ദൈവത്തിൽ നിന്നുണ്ടാകട്ടെ എന്നാണ് ആശംസിക്കുന്നത്. ദൈവത്തിൽ നിന്നല്ലാത്ത സമാധാനം താല്ക്കാലികമായിരിക്കും. നിത്യമായ സമാധാനം നൽകാൽ ദൈവത്തിനേ കഴിയൂ.

(ശേഷം പേജ് 10)

# അസഹിഷ്ണതയുടെ അഗ്നി കത്തി പടരുന്നു



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

**ഭാ**വനയിൽനിന്ന് ചരിത്രവും ചരിത്രപുരുഷന്മാരെയും സൃഷ്ടിക്കാനും വിശ്വാസങ്ങളെ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി ഉപയോഗിക്കുകയും ചെയ്യുകയാണ് ഇൻഡ്യയിലെ ചില രാഷ്ട്രീയ പാർട്ടികൾ ചെയ്യുന്നത്. അതിന്റെ പരിണിത ഫലമോ അസഹിഷ്ണതയുടെ നാമ്പുകൾ എങ്ങും മുളപൊട്ടി കഴിഞ്ഞു. ചരിത്രത്തെ വളച്ചൊടിച്ച് എങ്ങനെ തങ്ങളുടെ വരുതിയിലാക്കം എന്നാണ് അവരുടെ ചിന്ത. അതിനു വേണ്ടി വ്യാജ ചരിത്ര നിർമ്മിതി നടത്തി ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യ സംസ്കാരത്തിന് കടുത്ത 'ഭീക്ഷണി ഉയർത്തുകയാണിപ്പോൾ. ഇന്ത്യയിലെ താജ്മഹൽ അടക്കമുള്ള മൂവായിരം ആരാധനാലയങ്ങൾക്കാണ് ഫാസിസ്റ്റുകൾ അവകാശം ഉയർത്തിയിരിക്കുന്നത്. കേരളത്തിലെ അർത്തുങ്കൽപള്ളിയും അതിൽ ഉൾപ്പെടന്നു എന്നാതാണ് സത്യം.

ഇന്നത്തെ നമ്മുടെ നാടിന്റെ അവസ്ഥ വളരെ ദയനീയമാണ്. ദൗർഭാഗ്യവശാൽ എതിർക്കുന്നവരെ കൂടെയിരുത്തി സംസാരിക്കാനുള്ള സൗമ്യഭാഷ നമ്മുടെ നാടിന് നഷ്ടപ്പെട്ടുപോയി. എതിർക്കുന്നവരെ എങ്ങനെ ഇല്ലാതാക്കാം എന്നതാണ് ഇപ്പോഴത്തെ ചിന്ത. അതിന്റെ പ്രത്യക്ഷ ലക്ഷണമാണ് ഗൗരി ലങ്കേഷ് എന്ന എഴുത്തുകാരിയെക്കൂടി കൊന്നത്. തുടർച്ചയായ കൊല്ലപ്പെടലുകൾ ഉണർത്തിവിടുന്ന ഭീതിയും കാലുഷ്യവും ശങ്കകളും അപകടകരമാണ്. 'എവിടെ നിർഭയമാകുന്നു മാനസം, എവിടെ നിൽക്കുന്നു ശീർഷം സമുന്നതം" അവിടമാണ് സ്വാതന്ത്ര്യ സ്വർഗം എന്ന് ടാഗോർ സ്വപ്നം കണ്ടു. പത്രപ്രവർത്തകയും സാമൂഹ്യപ്രവർത്തകയുമായ ഗൗരി ലങ്കേഷ് ബംഗളൂരുവിൽ കൊല്ലപ്പെട്ടുവെന്ന വാർത്ത ഏവരേയും ഞെട്ടിക്കുന്നതായിരുന്നു. അതിന്റെ പരിണിത ഫലമായി രാജ്യത്തെമ്പാടും സ്വാഭാവികമായ വൻ പ്രതിഷേധമുയർന്നു. തുടർന്ന് വർഗ്ഗീയ ഫാസിസ്റ്റ് നിലപാടുകളെക്കുറിച്ചും തീവ്ര ഹിന്ദുത്വസംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്ക് ഇത് വീണ്ടും അവസരമൊരുക്കി. മുൻകൂട്ടി ആസൂത്രണം ചെയ്ത് നടത്തുന്ന നാലാമത്തെ കൊലപാതകമാണ് ഗൗരി ലങ്കേഷിന്റേത്.

ഇതിന് മുന്നമെ മുന്നുപേരെ സമാനമായ രീതിയിൽ വധിച്ചു. 2013-ൽ പുണെയിൽ നരേന്ദ്ര ധബോൽക്കറും 2015-ൽ ഫെബ്രുവരിയിൽ ഗോവിന്ദ് പൻസാരെയും 2015-ൽ ആഗസ്തിൽ കർണാടകയിലെ ധാർവാഡിൽ പ്രൊഫ. എം എം കലബുർഗിയുമാണ് ഇങ്ങനെ കൊല്ലപ്പെട്ടത്. ഗൗരി ലങ്കേഷിന്റെയും മറ്റ് മൂന്നു പ്രമുഖ ബുദ്ധിജീവികളുടെയും കൊലപാതകം വിരൽചൂണ്ടുന്നത് വർഗീയശക്തികൾക്കെതിരെ എഴുതുകയും ചിന്തിക്കുകയും ചെയ്യുന്നവരെ ഉന്മൂലനം ചെയ്യാനുള്ള ആസൂത്രിതമായ നീക്കത്തിലേക്കാണ്. എന്തിനാണ് ഇവർ ഇങ്ങനെ ചെയ്യുന്നത്. മോഹങ്ങളും ഭയവും വിതയ്ക്കുക, ചരിത്രത്തിൽ, ഫാസിസ്റ്റുകളുടെ സങ്കേതമാണ് ഇവ. ഇതിൽ രണ്ടിലൂടെയും കീഴ്പ്പെടുത്തുക എന്ന ആദർശമൂല്യം ഉയർന്നുവരുന്നുണ്ട്. ഇന്ത്യയിൽ ഇന്ന് ഫാസിസം പ്രവർത്തിക്കുന്ന വഴികളിൽ ഒന്ന് ഇതാണ്. തങ്ങൾക്കെതിരെ എഴുതുന്നവരെ സംസാരിക്കുന്നവരെ ഭയപ്പെടുത്തി മരണത്തെ അവരുടെ മുന്നിലെത്തിക്കുന്നു, അങ്ങനെ മരണഭയത്തിൽ അനുസരണയും വിധേയത്വവും ശീലിപ്പിക്കുന്നു. പ്രതിഷേധിക്കുന്നവരെ മരണഭയം വിതച്ച് സ്തബ്ധരാക്കാമെന്ന് അവർ കരുതുന്നു. അതിന്റെ ഫലമായി ധബോൽക്കറും കൽബുർഗിയും പെരുമാൾ മുരുകനും വെമുലയും ഒടുവിൽ ഗൗരിയും അങ്ങനെ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഓർക്കുക വാക്കിന്റെ നാക്കു മുറിച്ചാലും ആയിരം ജന്മങ്ങളെടുത്ത് അത് ശബ്ദിച്ചുകൊണ്ടേയിരിക്കും. എഴുത്തുകാരനെയോ എഴുത്തുകാരിയെയോ കൊന്നാലും അവർ എഴുതിയ എഴുത്ത് ഉയിർത്തെഴുന്നേറ്റുകൊണ്ടിരിക്കും, അത് തമസ്കരിക്കപ്പെടാതെ സംസാരിച്ചുകൊണ്ടേയിരിക്കും. ഒരിക്കലും എഴുത്തിന്റെ പിന്നിലെ സത്യം കൊല്ലപ്പെടുന്നില്ല. ഓരോ കൊലപാതകത്തിന്റെ പിന്നിലും പ്രത്യക്ഷമായി നാമറിയാത്ത പലതുമുണ്ടാകാം. കൊലപാതകം ഓർമ്മയിലിരിക്കുമ്പോഴും കൊല്ലപ്പെട്ടവരെ സ്മരിക്കുമ്പോഴും അവയ്ക്കുപിന്നിലെ ക്രൂരത മനുഷ്യമനസ്സിൽനിന്ന് മാഞ്ഞുപോകണം. കാരണം ഈ ക്രൂരത പകർച്ചവ്യാധിയായി വരുന്നു ഇന്ന് ഇന്ത്യ മുഴുവൻ പടരുകയാണ്. മതത്തിന്റെ പേരിലും ബീഫിന്റെ പേരിലും പടരുന്ന അസഹിഷ്ണത ക്രൂരമായ കുലപാതകമായി മാറുന്നു. ഇതിൽ നിന്നും നമ്മുടെ നാടിനെ രക്ഷിച്ചു നിർത്താൻ കഴിയണമെങ്കിൽ തികഞ്ഞ മാനവികതയിലുറച്ച മതനിരപേക്ഷമനസ്സും ഇനിയും അധികം ചോർന്നുപോയിട്ടില്ലാത്ത സഹിഷ്ണുതയും ഏവർക്കും ഉണ്ടാകണം. എന്റെ വിശ്വാസം കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾ ഇത്തരത്തിൽ ചിന്തിക്കുന്നവരാണെന്നാണ്.

സംവാദങ്ങളുടെ നാടായിരുന്നു നമ്മുടേത്, വിവാദങ്ങളുടേതല്ല. വിവാദങ്ങൾ അസത്യമാർഗത്തിലൂടെ ജനഹൃദയങ്ങളിൽ സ്വാർത്ഥവാശിയും പകയും ആന്ധ്യവും കൂട്ടുകയേ ഉള്ളൂ. എന്നാൽ മറുവശത്ത് സംവാദങ്ങൾ സത്യം തേടുന്നു. അത് പരസ്പരം ആദരിക്കാൻ പഠിപ്പിക്കുന്നു. അന്യോന്യം സഹിക്കാൻ ശീലിപ്പിക്കുന്നു. ആത്മവിശാലതയും ഉദാരതയും തരുന്നു. എന്നാൽ ഇപ്പോൾ സംഭവിക്കുന്നത് എന്താണ്. സംവാദമല്ല കുലപാതകമാണ്. തങ്ങളുടെ രഹസ്യ അജണ്ട നടപ്പിലാക്കുവാൻ വേണ്ടി എന്ത് ഹീനകൃത്യവും ചെയ്യുവാൻ മടിയില്ലാത്തവരായി ഫാസിസ്റ്റുകൾ മാറി. അതുകൊണ്ട് ചരിത്രത്തെ തങ്ങൾക്ക് ബോധിച്ച വിധം വളച്ചൊടിക്കുന്നു. ചരിത്രം ഇത്തരം ഫാസിസ്റ്റ് ശക്തികളെ എന്നും അസ്വസ്ഥമാക്കി, എന്തുകൊണ്ടെന്നാൽ ശരിയായ ചരിത്രം പറയുന്നത് സത്യം മാത്രം മാത്രമായിരിക്കും. ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ അടിസ്ഥാനമായ സഹിഷ്ണുത മറച്ചുവയ്ക്കുവനുള്ള വ്യഗ്രതയാണ് ഇപ്പോൾ നടക്കുന്നത്. ചരിത്രത്തിന്റെ അപനിർമ്മിതി ഫാസിസ്റ്റുകളുടെ അപ്രഖ്യാപിത അജൻഡയാണ്. അതുകൊണ്ടാണ് മുസ്ളിം-ക്രിസ്ത്യൻ ആരാധനാലയങ്ങൾ സംബന്ധിച്ച വസ്തുതാവിരുദ്ധമായ പ്രചാരണങ്ങൾക്ക് തുടക്കം കുറിച്ചത്. എന്നിട്ട് ചരിത്രത്തിന്റെ അപനിർമ്മിതിയിലൂടെ അതിന് ആധികാരികതയുടെ ആവരണം നൽകുന്നതിന്റെ ഉദ്ദേശം.

ഇതരമതങ്ങളുടെ പ്രാർഥനാലയങ്ങൾ ഒരു കാലത്ത് ഹിന്ദുക്ഷേത്രങ്ങളായിരുന്നെന്നും അവയൊക്കെ മുസ്ളിങ്ങളും ക്രിസ്താനികളും പിടിച്ചെടുത്തതാണെന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. മതേതരത്വത്തിൽ അവിശ്വാസം ജനിപ്പിച്ച്, അസംബന്ധമാക്കി സാമാന്യ ബോധത്തിൽ ഉറപ്പിച്ച് തകർത്തുകൊണ്ടുമാത്രമേ ഇന്ത്യൻമനസ്സിനെ സവിശേഷമായും കീഴടക്കാനാവൂ എന്ന് ഇന്ത്യൻഫാസിസം മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇതിനുള്ള ചിട്ടയായ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് അവർ. അതിനു വേണ്ടി ചരിത്രത്തത്തെ വളച്ചൊടിച്ച് സംസ്കാരത്തിൽ കൈവയ്ക്കുകയാണ് ഇതിന്റെ ആദ്യപടി. സംസ്കാരത്തെ മെരുക്കിയാൽ ലോകത്തെ കീഴടക്കാമെന്ന് അവർക്കറിയാം. ദേശീയതയിലും അതിനാധാരമായ രൂപകങ്ങളിലും ഇടപെടുകയാണ് ഇതിന്റെ യഥാർഥവഴി. ബലപ്രയോഗവും ഭീഷണികളും മാത്രമല്ല വൃത്തിവൽക്കരണവും സൗന്ദര്യവൽക്കരണവും വഴി വ്യാമോഹങ്ങളുടെ ഉൽപ്പാദനവും അത് സ്വന്തം രീതി ശാസ്ത്രവഴികളായി തെരഞ്ഞെടുത്തിരിക്കുന്നു. വിമർശനാത്മകതയെ അപഹസിച്ച് നിറംകെടുത്തുന്നതും ശാസ്ത്രബോധത്തെ വ്യാജശാസ്ത്രംകൊണ്ട് പകരംവയ്ക്കുന്നതും ചരിത്രത്തെ മിത്തുകൾകൊണ്ട് മായ്ച്ചെഴുതുന്നതും അതുകൊണ്ടാണ്.

ഇന്ത്യയിൽ ഇന്നുപയോഗിക്കുന്നതെല്ലാം പാശ്ചാത്യമാണെന്നും പാശ്ചാത്യമായത് അസംബന്ധങ്ങളാണെന്നും അത് ഉച്ചത്തിൽ നിരന്തരം ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരിക്കുന്നതും അതുകൊണ്ടാണ്. നീണ്ട ദേശീയപ്രസ്ഥാനത്തിന്റെ പൈതൃകമായി നമുക്ക് ലഭിച്ച രാഷ്ട്രസങ്കൽപ്പത്തെ മാറ്റാനുള്ള ശ്രമങ്ങൾ ശക്തിയാർജിക്കുന്ന ഒരു കാലമാണിത്. ഇന്ത്യയുടെ ബഹുസ്വരതയെ മാറ്റി, ജനാധിപത്യത്തെ മാറ്റി, മതസ്വാതന്ത്ര്യത്തെയും സാമുദായിക സഹവർത്തിത്വത്തെയും മാറ്റി, ഒരു പ്രത്യേക രീതിയിൽ വ്യാഖ്യാനിച്ചെടുത്ത മതത്തിൽ അധിഷ്ഠിതമായ രാഷ്ട്രമാക്കി ഇന്ത്യയെ മാറ്റാനുള്ള ശ്രമങ്ങൾ അരങ്ങേറുന്നു. ഇത് തിരിച്ചറിയുകയും ഇന്ത്യയുടെ ഭരണഘടനയും സെക്കുലറിസവും സംരക്ഷിക്കാനായി പ്രതിജ്ഞ എടുക്കുകയുമാണ്, എല്ലാ ഇന്ത്യക്കാരും ചെയ്യേണ്ടത്




# സമാധാനം പുലരട്ടെ

(2-ാംപേജ് തുടർച്ച)

നമ്മെ ശുദ്ധീകരിക്കുന്നതു സമാധാനത്തിന്റെ ദൈവം തന്നെയാണ്.

ദൈവം ഒരിക്കലും ഇഷ്ടപ്പെടാത്ത ഒന്നാണു ഭിന്നത. എല്ലാവരോടും സമാധാനം ആചരിക്കണമെന്നു ദൈവവചനം ആവശ്യപ്പെടുന്നു (എബ്രാ.12:14). ദൈവത്തിന്റെ രാജ്യത്തിന്റെ സവിശേഷത തന്നെ നീതിയും സമാധാനവും തമ്മിൽ വലിയ ബന്ധമുണ്ട്. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു എന്നു സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നു (സങ്കീ.85:10). അന്യോന്യം സമാധാനമായിരിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. നാം അനുഭവിക്കേണ്ടുന്ന സമാധാനത്തിന് എന്തെങ്കിലും കുറവുണ്ടെങ്കിൽ, അതു നാം തന്നെ പരിശോധിച്ചു പരിഹരിക്കണം. ദൈവവുമായി നമുക്കു നല്ല ബന്ധമുണ്ടെങ്കിൽ, നല്ല മനഃസാക്ഷി പുലർത്തുന്നവരാണെങ്കിൽ, നമ്മുടെ സമാധാനം തകർക്കുവാൻ ആർക്കും കഴിയുകയില്ല. 'ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാകുന്നത്' (സങ്കീ.4:8) എന്നാണല്ലോ വചനം. എത്രയോ ആളുകൾ സമാധാനമായി ഉറങ്ങുവാൻ ആഗ്രഹിച്ചിട്ടും കഴിയുന്നില്ല! സ്വസ്ഥതയില്ലാതെ ചിന്തിച്ചും ഭാരപ്പെട്ടും കഴിയുന്നു. വളരെ ആലോചിച്ചിട്ടും ആകുലചിന്തകൾ വർദ്ധിച്ചു വരുന്നതല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല. ചിലർ ആത്മഹത്യയിൽ അഭയം തേടുന്നു. മറ്റുചിലർ നരകയാതനകൾ അനുഭവിച്ചു രാത്രികൾ കഴിച്ചു കൂട്ടുന്നു. ദൈവവുമായുള്ള ബന്ധം തകർന്നതാണ് ഏറ്റവും വലിയ പ്രശ്നം.

സമാധാനം നഷ്ടപ്പെട്ടവർ, പരിഹാരത്തിനായി ദൈവത്തിന്റെ അടുക്കലേക്കു തന്നെ ചെല്ലണം. സ്വസ്ഥതയില്ലായ്മ പാപജീവിതത്തിന്റെ ഫലമായിട്ടുണ്ടാകുന്നതാണ്. സകല പാപങ്ങളും ക്ഷമിക്കുന്ന ദൈവത്തിന്റെ അടുത്തേക്ക് അനുതാപത്തോടെ മടങ്ങിച്ചെല്ലുമ്പോൾ, ദൈവം വിടുവിക്കുകയും സമാധാനം നൽകുകയും ചെയ്യും. രാവും പകലും സ്വസ്ഥത നഷ്ടപ്പെട്ടവരുണ്ട്. അസംതൃപ്തമായ അവരുടെ ജീവിതത്തിന് ഒരു ലക്ഷ്യസ്ഥാനത്തെത്തുവാൻ കഴിയുന്നില്ല. ജനിച്ചു പോയതുകൊണ്ടു മാത്രം ജീവിക്കുന്നവർ. ദൈവത്തിനോ മറ്റുള്ളവർക്കോ അവർക്കുതന്നെയോ ഒരു പ്രയോജനവുമില്ലാതെ ജീവിക്കുന്ന അവർ ദൈവത്തിലേക്കു ചെന്നാൽ, അർത്ഥസമ്പുഷ്ടമായ ജീവിതം നയിക്കുവാൻ അവർക്കു കഴിയും.

സമാധാനകാംക്ഷികളായ വ്യക്തികളുള്ള ഭവനം അനുഗ്രഹിക്കപ്പെട്ടതായിരിക്കും. അവരെക്കൊണ്ടു നിറയുന്ന സഭ മാതൃകാസഭയായിരിക്കും. ആകയാൽ സമാധാനമുള്ളവരായി ജീവിച്ച്, ഭൂമിയിൽ സ്വർഗ്ഗജീവിതം നയിക്കാൻ ദൈവം സഹായിക്കട്ടെ.

# ഫാമിലി കോൺഫറൻസ്

**ഒറ്റപ്പാലം:** ഭാരതപ്പുഴ കൺവൻഷൻ കമ്മിറ്റിയുടെ യുവജന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 19 ന് ഒറ്റപ്പാലം ഐ.പി.സി ഹാളിൽ ഫാമിലി കോൺഫറൻസ് നടക്കും. ഡോ. ഐസക് വി. മാത്യു ക്ലാസുകൾ നയിക്കും. നേരത്തെ രജിസ്ടർ ചെയ്യുന്ന അൻപത് കുടുംബങ്ങൾക്കാണ് പ്രവേശനം. കുടുംബ ബഡ്ജറ്റിംഗ്, സെൽഫ് എസ്റ്റീം, ഫാമിലി കൗൺസിലിംഗ്, ഗ്രൂപ്പ് ആക്ടിവിക്ടി, ടൈം മാനേജ്മെൻറ് എന്നിവ ക്ലാസിന്റെ ഭാഗമായി നടക്കുമെന്ന് ജന.സെക്രട്ടറി പി. കെ. ദേവസ്യ, പ്രോഗ്രാം കൺവീനർ സജി മത്തായി കാതേട്ട് എന്നിവർ അറിയിച്ചു.

▸ സാമാന്യജ്ഞാനം

# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!

**പി.ജി വർഗീസ്**

**2017** ജൂലൈ മാസത്തിൽ ഡൽഹിയിലെ ഹിന്ദുസ്ഥാൻ ടൈംസ് പത്രത്തിൽ വന്ന മൂന്നു വാർത്തകൾ ഭയപ്പെടുത്തുന്നതായിരുന്നു. ഒന്ന്: ഡൽഹിയിൽ ഒരു മാസം ക്രഡിറ്റ്/ ഡബിറ്റ് കാർഡുകൾ ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കുന്നതിന്റെ () 50 കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

ക്രഡിറ്റ്/ ഡബിറ്റ് കാർഡുകൾ ഉള്ളവർ ശ്രദ്ധിക്കുക. ഈ കാർഡ് കടയിൽ, റസ്റ്റോറൻസിൽ കൊടുക്കുമ്പോൾ മാറിനിൽക്കരുത്. അടുത്ത് സൂക്ഷ്മതയോടെ ശ്രദ്ധിച്ചു നിൽക്കുക. നിങ്ങൾ പിൻനമ്പർ കുത്തുന്നത് കടക്കാർ ദൂരത്തുനിന്നു പോലും കാണുവാൻ ഇടയാകരുത്.

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട. അടുത്തതായി, നിങ്ങളറിയാതെ നിങ്ങളുടെ അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചതായി ഫോണിൽ സന്ദേശം വന്നാൽ ഉടനെ, അതേ ഉടൻതന്നെ നടപടി എടുക്കുക. പിന്നെയും മോഷ്ടാക്കൾ പണം പിൻവലിക്കുകയോ സാധനങ്ങൾ വാങ്ങുകയോ ചെയ്യാത്ത വിധം നിങ്ങളുടെ കാർഡ് ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് ബ്ലോക്ക് ചെയ്യുക. ഉടൻതന്നെ പരാതിപ്പെടുക.

ഓർമ്മയിരിക്കട്ടെ: എറ്റിഎം കാർഡിന്റെ പാസ്‌വേർഡോ പിൻനമ്പറോ ഒരിക്കലും അതേ, ബാങ്കുകാരോ, കാർഡിന്റെ കമ്പനിയോ ചോദിക്കുകയില്ല. ആരെങ്കിലും ബാങ്ക് ഓഫീസർ ചമഞ്ഞ് ഫോൺ ചെയ്ത് വിവരങ്ങൾ ആരാഞ്ഞാൽ ഓർക്കുക, അതു നിങ്ങളുടെ പണം മോഷ്ടിക്കുവാൻ ശ്രമിക്കുന്നവരാണ്.

രണ്ട്: ഡൽഹി മെട്രോയിൽ തിരക്കുള്ള സ്റ്റേഷനുകളിൽ പോക്കറ്റടി വർദ്ധിച്ചിരിക്കുന്നു. പോക്കറ്റടിക്കാരിൽ 90 ശതമാനവും സ്ത്രീകളാണ്. അതേ, പത്തിൽ ഒൻപത്, നൂറിൽ 90 പേർ സ്ത്രീകളാണ്.

പേക്കറ്റടിച്ച പണം, സാധനങ്ങൾ തിരികെ ലഭിക്കാൻ സാദ്ധ്യത കുറവാണ്. പക്ഷേ പോക്കറ്റടിക്കാരിൽ നിന്നു രക്ഷപ്പെടാൻ പോലീസുകാർ നൽകുന്ന സൂചനകൾ ഇതാ:

രണ്ടോ അതിൽ കൂടുതലോ ബാഗുള്ളവരെ മോഷ്ടാക്കൾ ലക്ഷ്യമിടുന്നു. ടെലഫോണിൽ സംസാരിക്കുന്നവരെ ലക്ഷ്യമിടുന്നു. വിദേശികളെയും വിദേശത്തു ജോലിചെയ്യുന്നവരെയും നോട്ടമിടുന്നു. കാരണം ഇവർ കേസ് ഫയൽ ചെയ്യാനും അതു നടത്തുവാനും മുന്നോട്ടു വരില്ല. ബസിൽ, മെട്രോയിൽ, ഓഫീസ് പ്രവർത്തകർ കയറിയിറങ്ങുന്ന ട്രെയിനിൽ കയറുന്നതിനു മുൻപേ മോഷ്ടാക്കൾ ഇരകളെ കണ്ടുവെച്ചിരിക്കും. രണ്ടിലധികം ബാഗുള്ളവർ, കൊച്ചുകുഞ്ഞുങ്ങൾ കൂടെയുള്ളവർ, കൂടെയുള്ളവരുമായി വർത്തമാനത്തിൽ മുഴുകിയിരിക്കുന്നവരെയെല്ലാം അവർ നോട്ടമിടും.

ചിലപ്പോൾ ഇവർ നിങ്ങളെ സഹായിക്കുവാൻ ശ്രമിക്കും, സംസാരിക്കും. ഇരയുടെ ശ്രദ്ധ മറ്റെവിടെയെങ്കിലും തിരിച്ചുവിടാൻ ശ്രമിക്കും. മിക്കപ്പോഴും മോഷ്ടാക്കൾ മൂന്നോ, പതിനഞ്ചോ പേരുടെ സംഘമായതിനാൽ ഒരാൾ ശ്രദ്ധ മാറ്റും. മറ്റൊരാൾ പോക്കറ്റടി നടത്തി ഒന്നുമറിയാത്തതു പോലെ സ്ഥലം വിടും.

പോക്കറ്റടി നടത്തുന്നവർ ഒന്നുമറിയാത്ത സാധാരണ യാത്രക്കാരെപോലെ നടന്നു നീങ്ങുന്നു, തെളിവുകൾ നശിപ്പിച്ച് അടുത്ത ഇരയെ നോക്കി പോകുന്നു. അല്ലെങ്കിൽ അടുത്ത സ്റ്റേഷനിൽ ഇറങ്ങി മറ്റൊരു ട്രയിനിൽ കയറുന്നു.

**ശ്രദ്ധിക്കുക.**

- നിങ്ങളുടെ ബാഗ് പുറത്തല്ല, മുൻപിൽ തൂക്കിയിടുന്നത് ശീലിക്കുക,




- പുരുഷൻമാരുടെ പേഴ്സിനും ചുറ്റും ഒരു റബർബാൻഡ് ഇട്ടാൽ വേഗത്തിൽ പോക്കറ്റിൽ നിന്നും വലിച്ചെടുക്കുന്നതു തടയാൻ കഴിയും.
- പുരുഷൻമാരുടെ പാന്റിന്റെ പുറകിലത്തെ പോക്കറ്റിൽ പേഴ്സു വെച്ചശേഷം ബട്ടൻസിടുന്നതു ശീലമാക്കുക. ബട്ടനിട്ടാൽ പേഴ്സ് എടുക്കുന്നത് കുറേക്കൂടി പ്രയാസമാണ്.
- ആൾത്തിരക്കുള്ളപ്പോൾ പാന്റിന്റെ പുറകിലുള്ള പോക്കറ്റിൽ പേഴ്സ് വയ്ക്കാതെ, സൈഡിലെ പോക്കറ്റിൽ പേഴ്സ് വയ്ക്കുക. അതിന്റെ പുറത്തു കവർ ചെയ്ത് റുമാൽ നിവർത്തി പൊതിഞ്ഞിട്ടാൽ പേഴ്സ് എടുക്കുവാൻ പ്രയാസമായിരിക്കും.
- നിങ്ങളുടെ കുറേ പണം മറ്റൊരു പോക്കറ്റിലായിരിക്കട്ടെ. അഥവാ പേഴ്സ് മോഷ്ടിക്കപ്പെട്ടാൽ, നഷ്ടപ്പെട്ടാൽ വീട്ടിൽ ചെന്നുപറ്റാൻ കഴിയണം.
- സ്ത്രീ പുരുഷൻമാർ ഒരു പേഴ്സിൽ കൂടുതൽ രൂപ സൂക്ഷിക്കാതിരിക്കുക.
- ഒരു പഴയ പേഴ്സോ വില കുറഞ്ഞ പേഴ്സോ പാന്റിന്റെ പുറകിലത്തെ പോക്കറ്റിൽ കുറേ കടലാസുകളുമായി വയ്ക്കുക. രൂപയുള്ള പേഴ്സ് സൈഡ് പോക്കറ്റിലും.
- യാത്രയ്ക്കിടെ പുസ്തകം വായിക്കുകയോ, ഇയർഫോണിലൂടെ പാട്ടുകേൾക്കുകയോ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ബാഗ് ഒഴിഞ്ഞ സീറ്റിൽ വെയ്ക്കരുത്. കാലിനോടു ചേർത്ത് താഴെ വെക്കുക. സുരക്ഷിതമായി സൂക്ഷിക്കുക.
- ട്രയിനിന്റെ വാതിൽക്കൽ നിൽക്കുമ്പോൾ കൂടുതൽ ജാഗരൂകരായിരിക്കണം. വാതിൽക്കൽ നിന്നാൽ ഫോൺ മോഷ്ടാക്കൾ തട്ടിപ്പറിക്കാം, ലഗേജ് വയ്ക്കുന്നിടത്തെ കാരിയറിൽ നിന്നും ബാഗ് വലിച്ചെടുത്ത് ട്രയിൻ നീങ്ങിത്തുടങ്ങുമ്പോൾ കള്ളൻമാർ ചാടി രക്ഷപ്പെടും.
- പ്ലീസ്, സ്വർണ്ണാഭരണങ്ങൾ ധരിച്ച് ആൾത്തിരക്കിൽ യാത്രയ്ക്ക് ഒരുങ്ങരുതേ! വെള്ളി, മുത്ത് (പോൾ) ആഭരണങ്ങൾ പിടിച്ചുപറിക്കാരെ ആകർഷിക്കുന്നില്ല. സ്വർണ്ണം പിടിച്ചുപറിക്കാരുടെ മുഖ്യലക്ഷ്യമാണ്.
- തോളിലൂടെ ബാഗോ, പേഴ്സോ ഇടാറുണ്ടോ? ഇതിന്റെ വള്ളി, ചെയിൻ കഴിയുന്നത്ര ചുരുങ്ങിയതായിരിക്കട്ടെ. പേഴ്സ് സൈഡിലിടാതെ ശരീരത്തിന്റെ മുൻവശത്തായിരിക്കട്ടെ. വള്ളിയില്ലാത്ത പേഴ്സ് പിടിച്ചു പറിക്കാൻ കൂടുതൽ സൗകര്യമുള്ളതാണ്. അതിനാൽ ചെറുതെങ്കിലും വള്ളിയുള്ള പേഴ്സായിരിക്കട്ടെ.
- മറ്റുള്ളവർ കാണത്തക്ക വിധം പേഴ്സിലും ബാഗിലും പരതുന്നത് പോക്കറ്റടിക്കാരെ ആകർഷിക്കുന്നു. പേഴ്സിൽ നിന്നും എടുക്കേണ്ട രൂപ അഥവാ മറ്റൊരു കടലാസ് നേരത്തെ മാറ്റിവെക്കുക.
- എയർപോർട്ടിലോ മെട്രോ സ്റ്റേഷനിലോ ക്യാമറായിലൂടെ ബാഗ് വിടേണ്ടിവരുമ്പോൾ മറ്റുള്ളവരുടെ മുൻപിൽ പോക്കറ്റിലെ പേഴ്സ് ബാഗിൽ വയ്ക്കരുത്. ക്യാമറായ്ക്ക് അപ്പുറത്ത് ചെല്ലുമ്പോൾ പേഴ്സ് ബാഗിൽ നിന്നും അപ്രത്യക്ഷമായ അനുഭവം ഉണ്ടായിട്ടുണ്ട്.
- മെട്രോയുടെ വാതിൽ അടഞ്ഞാൽ പിന്നെ തുറക്കാൻ സാദ്ധ്യമല്ലാത്തതിനാൽ പല കള്ളൻമാരും കതകടയുന്ന സമയം നോക്കി മൊബൈൽ ഫോൺ, പേഴ്സ്, മാല വലിച്ചെടുത്ത് പുറത്തുചാടുന്നു, കതകടയുന്നു. നഷ്ടം നിങ്ങൾക്കാണ്., കഴിവതും കതകിന്റെ അടുക്കൽ നിൽക്കാതിരിക്കുക. നിൽക്കേണ്ടി വന്നാൽ സാധനങ്ങൾ സൂക്ഷിക്കുക. വീതി വലുതായ പോക്കറ്റുകൾ പോക്കറ്റടിക്കാരുടെ ശ്രദ്ധ ആകർഷിക്കുന്നു. ഇത്തരം പോക്കറ്റുകളിൽ പേഴ്സ് വെക്കരുതേ.

മൂന്ന് : കല്യാണപ്പന്തലിലും വിരുന്നുസൽക്കാരത്തിലും ആൾക്കാരുടെ ബാഗും ബ്രീഫ് കേസും മോഷ്ടിക്കുന്നതിന് എട്ടു മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളെ പരിശീലിപ്പിച്ച് അയയ്ക്കുന്നു. ഒരു മോഷണത്തിൽ 60,000 രൂപ വരെ പ്രതിഫലം മാതാപിതാക്കൾക്കും നൽകുന്നു.

കോട്ടും ടൈയ്യും ധരിച്ച് ഫോർക്കും നൈഫും ഉപയോഗിച്ച് ആഹാരം കഴിക്കാൻ, ഉയർന്ന നിലവാരം പുലർത്തുന്നവരുടെ ഇടയിൽ വലിയ വീട്ടിലെ കുഞ്ഞുങ്ങളെ പോലെ ഇടപഴകുവാൻ രണ്ടു വർഷം വരെ പരിശീലനം നൽകുന്നു.



▸ ധ്യാനചിന്തകൾ

# മനുഷ്യന്റെ ആഗ്രഹങ്ങളും പദ്ധതികളും

*"ഒരു മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളുണ്ട്; യഹോവയുടെ ആലോചനയോ നിവർത്തിയാകും."* (സദൃ.19:21)

**മ**നുഷ്യൻ എന്ന വാക്കിന് മനനം ചെയ്യുന്നവൻ എന്ന് ഒരു അർത്ഥം പറയുന്നുണ്ട്. തിരിച്ചറിവു നേടുന്ന സമയം മുതൽ ഒരുവൻ ചിന്തിക്കുവാൻ തുടങ്ങുന്നു. അവന്റെ ബുദ്ധിയുടെ വികാസം അനുസരിച്ച് തന്റെ ഭാവിയെക്കുറിച്ച് ചിലതൊക്കെ ആഗ്രഹിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. സ്കൂളുകളിൽ അദ്ധ്യാപകർ വിദ്യാർത്ഥികളോട് അവർ ആരായിത്തീരുവാൻ ആഗ്രഹിക്കുന്നു എന്നു ചോദിക്കാറുണ്ട്. ഓരോരുത്തരും നല്ലഭാവിയെക്കുറിച്ച് സ്വപ്നം ഉള്ളവരാകയാൽ തങ്ങൾ ആരാകുവാൻ ആഗ്രഹിക്കുന്നു എന്ന് വ്യക്തമാക്കാറുണ്ട്. (ഒരു സ്കൂൾ അദ്ധ്യാപകനും പ്രഭാഷകനും ആകുവാനുള്ള ആഗ്രഹമാണ് ഈയുള്ളവൻ വച്ചു പുലർത്തിയിരുന്നത്. എന്നാൽ ആത്മീയ മണ്ഡലത്തിൽ അങ്ങനെ ആകുവാനാണ് ദൈവം വഴികളെ ഒരുക്കിയത്. അതിനായി ഹൃദയംഗമായി ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ചിലപ്പോൾ ചിലർ പ്രകടിപ്പിക്കുന്ന ആഗ്രഹം അപക്വമായ മനസ്സിൽ നിന്നുമായിരിക്കും. എന്നാൽ മറ്റു ചിലർ തങ്ങളുടെ മനസ്സിൽ രൂപം കൊണ്ടിരിക്കുന്ന ആഗ്രങ്ങൾക്കായി അക്ഷീണം പരിശ്രമിക്കുകയും വിജയ സോപാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ചരിത്രസാക്ഷ്യങ്ങൾ ഇതിനു പിൻബലം നൽകുന്നുണ്ട്.

ഇവിടെ ഉദ്ധരിച്ചിരിക്കുന്ന വചനത്തിൽ വിചാരങ്ങൾ എന്നതിന് പദ്ധതികൾ കാര്യപരിപാടികൾ എന്നൊക്കെ അർത്ഥം ഉണ്ട്. ചിലർ ലക്ഷ്യം നേടുന്നതിന് നേരായ മാർഗ്ഗം അവലംബിച്ച് നിരന്തരം പരിശ്രമിക്കുമ്പോൾ മറ്റു ചിലർ കുറുക്കുവഴികളെ തേടുന്നു. തെറ്റായ മാർഗ്ഗങ്ങളെ ജീവിതവിജയത്തിനായി കണ്ടെത്തുന്നവർ പിന്നീട് അതേക്കുറിച്ച് ദുഃഖിക്കേണ്ടതായി വരാറുണ്ട്.

യഹോവയായ ദൈവം യെശയ്യാവിൽ കൂടി യിസ്രായേൽ ജനത്തോട് പറഞ്ഞു: "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല" (യെശ.55:8) ദൈവവചനാനുസരണം ഒരുവൻ ദൈവവഴികളിൽ കൂടി സഞ്ചരിക്കുമ്പോൾ ലജ്ജിക്കേണ്ടതായി വരികയില്ല. ജ്ഞാനിയായ ശലോമോന്റെ വാക്കുകൾ ശ്രദ്ധിക്കുക, "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്: നിന്റെ എല്ലാവഴികളിലും അവനെ നിനച്ചു കൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും." (സദൃ.3:5,6) ശലോമോൻ തന്റെ ജീവിതാന്ത്യത്തിൽ ദൈവവഴികളിൽ നിന്നും വ്യതിചലിച്ച് ദൈവദൃഷ്ടിയിൽ അനിഷ്ടനായിത്തീർന്നു എന്നത് ചരിത്രസാക്ഷ്യം.


ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും തിരിഞ്ഞുനോട്ടം ആവശ്യമാണ്. ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ചു എന്നു ബോദ്ധ്യപ്പെട്ടാൽ തെറ്റുകൾ അംഗീകരിച്ച് തിരുത്തുന്നതിനെ അവഗണിച്ചു കൂടാ. തന്റെ അപ്പന്റെ ഭവനത്തിലേക്കുള്ള മടക്കയാത്രയിൽ യബ്ബോക് കടവിങ്കൽ വച്ച് ദൈവവുമായി നേരിട്ടുള്ള ഒരു കൂടിക്കാഴ്ചയെക്കുറിച്ച് യാക്കോബ് ചിന്തിച്ചു കാണുകയില്ല.

ജ്യേഷ്ഠനേയും അപ്പനേയും കബളിപ്പിച്ച് ജ്യേഷ്ഠാവകാശവും അപ്പന്റെ അനുഗ്രഹവും കൈക്കലാക്കിയതിൽ ഒരിക്കലെങ്കിലും അവന് കുറ്റബോധം തോന്നിയിട്ടുള്ളതായി വചനത്തിൽ കാണുന്നില്ല. എന്നാൽ ഇങ്ങനെയൊരു അഭിമുഖത്തിന് ദൈവം പദ്ധതിയിട്ടിരുന്നു. നിശ്ചിതസമയത്ത് അതു നടന്നു. ദൈവാനുഗ്രഹത്തിനായി കെഞ്ചിയപ്പോൾ (ഹോശെയാ.12:3,4) ദൈവം യാക്കോബിനോട് അപ്രതീക്ഷിതമായി ചോദിച്ചു, "നിന്റെ പേരെന്ത്?" (ഉല്.32:27) എന്നാ, സർവ്വജ്ഞാനിയായ ദൈവത്തിന് ഇങ്ങനെയൊക്കെ ചോദിച്ചറിയേണ്ട ആവശ്യം ഉണ്ടോ? വെറും പേര് അല്ല ദൈവത്തിന് അറിയേണ്ടിയിരുന്നത്, അവന്റെ പേരു പറയുന്നതോടൊപ്പം ഒരു കുറ്റ സമ്മതവും ദൈവം ആഗ്രഹിച്ചിരുന്നു. ആദ്യ മനുഷ്യനായിരുന്ന ആദമിനോടും ഇതേ രീതിയിലാണ് യഹോവയായ ദൈവം ചോദിച്ചത്. (Not for information, but for confirmation and confession) യാക്കോബിന്റെ മറുപടിയിൽ അവന്റെ പേര് മാറ്റി യിസ്രായേൽ (Prince with God) ദൈവത്തിന്റെ പ്രഭു ആക്കുന്നതിനുള്ള വാഗ്ദത്തം അവനു നൽകുകയുണ്ടായി.

ആകയാൽ സ്വന്തവഴികൾ കണ്ടെത്താതെ ദൈവഹിതം ആരാണ്, അവന്റെ വചനവ്യവസ്ഥയിൽ നിന്നുകൊണ്ട് ആഗ്രഹസഫലീകരണത്തിനായി പരിശ്രമിക്കുവാൻ കർത്താവ് ഓരോരുത്തരേയും സഹായിക്കട്ടെ. മാറാനാഥാ

**പ്രാർത്ഥന:**

കർത്താവേ, ഇതുവരെയുള്ള എന്റെ ചിന്താഗതിയിൽ മാറ്റം വരുത്തി ദൈവഹിതാനുസരണമായ മാർഗ്ഗങ്ങളെ അവലംബിച്ച് ദൈവനാമ മഹത്വത്തിനായി പ്രവർത്തിപ്പാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. അങ്ങയുടെ പരിശുദ്ധാത്മാവ് നൽകുന്ന നിയോഗം അനുസരിപ്പാൻ സഹായിക്കേണമേ. ആമേൻ...



# ആത്മീയതയും മതാത്മകതയും തിരിച്ചറിയുക



അലക്സ് പൊൻവേലിൽ,
ബെംഗളൂരു

**ചി**ല വർഷങ്ങൾക്കു മുൻപ് നമ്മുടെ രാജ്യസഭാ അധ്യക്ഷൻ ഒരു പുസ്തക പ്രസാധന ചടങ്ങിൽ ഓർപ്പിക്കയുണ്ടായി, കേരളത്തിൽ കണ്ടുവരുന്നത് ആത്മീയതയല്ല മറിച്ച് മതാത്മകതയാണ് എന്ന്. ആത്മീയതയെ ഏറെ പാവനമായി കണ്ടിരുന്ന ഒരു പൈതൃകം നമുക്കുണ്ടായിരുന്നു. അത് ഇപ്പോൾ മതഭക്തിക്കു വഴിമാറിയിരിക്കുന്നു മതം എന്നാൽ അഭിപ്രായം എന്നു നിർവചനം, ദൈവത്തിന്റെ ആഭിപ്രായം അല്ല മനുഷ്യന്റെ.

യേശു ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാ കാലയളവിൽ ദൈവജനമായ യഹൂദന്മാർ ദൈവത്തോടുള്ള ഹൃദയ ബന്ധം വിട്ടു യഹൂദമതം എന്ന സ്വന്തം അഭിപ്രായങ്ങളുടെ വക്താക്കളായി മാറി. ശബ്ബത്തിന്റെ നീയമങ്ങൾക്കും അതിന്റെ ദിനചര്യകൾക്കു വരെ അവർ നീയമം ഉണ്ടാക്കി, ദൈവീക ഓർമ്മകൾക്കും ദൈവത്തോടുള്ള കടപ്പാടുകൾക്കും അവർ ഉത്സവആഘോഷത്തിന്റെ നിറം നൽകി ചടങ്ങുകളാക്കി മാറ്റി. ഈ ആപത്തിനെതിരെ യേശു ക്രിസ്തു വിട്ടുവീഴ്ചയില്ലാതെ ചാട്ടവാറോങ്ങി. നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു; ചേർന്ന (ചേർത്ത)ശേഷം അവനെ നിങ്ങളേക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു. (മത്തായി 23: 15). മത പ്രവേശനം നമ്മേ നരകത്തിലേക്കു മാത്രമേ എത്തിക്കൂ എന്ന് കർത്താവ് ഓർപ്പിക്കുന്നു.

ക്രിസ്തു എന്ന യാഥാർത്ഥ്യത്തിലേക്ക് അല്ലാതെ ഏതു നിയമത്തിലേക്കോ, വിശ്വാസ പ്രമാണത്തിലേക്കോ, പാരമ്പര്യത്തിലേക്കോ, വ്യക്തിയിലേക്കൊ,നാം ആരെ നയിച്ചാലും അതെ കേവലം മതം എന്ന നരക പ്രവേശന കവാടത്തിലേക്ക് നയിക്കുന്നതിനു തുല്യം ആണ്. ഇന്ന് ക്രിസ്തുവിനെ പിന്തുടർന്ന് വിശുദ്ധ ജിവിത വഴിയിലൂടെ മുന്നേറുന്ന ബഹുശതം വ്യക്തികളും അവസാനിക്കുന്നത് ആത്മിയ വഴിയിലല്ല മറിച്ച് മത ഭക്തി എന്ന അപകടത്തിലാണ്.

വിവേചനമോ ആത്മാവിന്റെ സംവേദന ക്ഷമതയോ ഇല്ലാത്ത വിശ്വാസി പലപ്പോഴും ആത്മീകതയേ മതാത്മകതയായി തെറ്റിധരിക്കാറുണ്ട്. എന്നാൽ ഇവ തമ്മിൽ വലിയ വ്യത്യാസത്തിന്റെ ഒരു ലോകം തന്നേയാണുള്ളത് എന്ന് നാം തിരിച്ചറിയണം. മതാത്മകത മാനുഷീകവും ആത്മീയത ദൈവീകവും ആണ്. നീയമങ്ങൾ മനുഷ്യരെ ആത്മീയരല്ല മറിച്ച് മതഭക്തരാക്കും. ബാഹ്യമായും പ്രകടമായുള്ളതിന് മാത്രം മതാത്മകത പ്രാധാന്യം കൊടുക്കുമ്പോൾ ആത്മീയത ഹൃദയത്തോടു മാത്രം ബന്ധപ്പെട്ടുകിടക്കുന്നു. അന്ത്യകാലഘട്ടങ്ങളിൽ ശക്തിയില്ലാത്ത ഭക്തിവേഷ ധാരികളേ പറ്റി (2 തിമൊ 3:5) തിരുവചനം നമ്മേ ഓർമിപ്പിക്കുന്നു. ഭക്തരായി തന്നെ അവർ പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിക്കുകയും, നന്നായി പ്രാർത്ഥിക്കുകയും, ബൈബിൾ വായിക്കുകയും, മുഴുരാത്രിപ്രാർത്ഥനകളിൽ സംബന്ധിക്കുകയും , ഉപവസിക്കുകയും, വരുമാനത്തിന്റെ കൃത്യമായ ദശാംശം നൽകുകയും ഒക്കെ ചെയ്യും എന്നിരുന്നാലും മനുഷരാലുള്ള മാനം, സ്ഥാനം, തനിക്കായി തന്നെ ജീവിക്കുക, പണ സ്നേഹം, പരദൂഷണം എന്നിവ വിട്ടുകളയുവാൻ മനസ്സില്ലാത്ത ഈ കൂട്ടരെ ഏതു സഭയുടേയോ സമൂഹത്തിന്റേയോ ഭാഗം ആയിരുന്നാലും ആത്മീകരായിട്ടല്ല മതാത്മകരായോ മതഭക്തരായൊ മാത്രമേ കാണുവാൻ കഴിയൂ. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- ജഡ ഇച്ഛകളെ ക്രൂശിക്കുന്നതിനുപരിയായി, പ്രാർത്ഥനയോഗങ്ങളിൽ സംബന്ധിക്കുന്നതിനാണ് അധികം പ്രാധാന്യം നൽകുന്നതെങ്കിൽ.
- ദിവസം മുഴുവനും ഹൃദയത്തേയും നാവിനേയും കടിഞ്ഞാണിടാതെ, സമയം ചിലവഴിക്കുന്നതിനു പരിയായി ബൈബിൾ വായിച്ചു എന്നതിൽ സംതൃപ്തനാകുന്നവനെങ്കിൽ
- ദ്രവ്യാഗ്രഹത്തിലുപരി ഉപവാസപ്രാർത്ഥനയിൽ തല്പരനെങ്കിൽ
- വ്യക്തിപരമായി ശുദ്ധീകരണം പ്രാപിക്കുക എന്ന ലക്ഷ്യത്തിലുപരി സുവിശേഷികരണത്തിനു പ്രാധാന്യം നൽകുന്നെങ്കിൽ
- മതാത്മകതയിൽ വേരൂന്നിയവർ അക്ഷരത്തിലും ന്യായപ്രമാണത്താലുള്ള നീതികരണത്തിലും അവസാനിക്കും. ആത്മീയതയിൽ വേരൂന്നിയവർ വചനം ജഡ രക്തധാരിയായ് വന്നവനിലും അവനിലൂടെ ലഭിച്ച ദൈവീക നീതിയിലും, ദിവ്യ സ്വഭാവത്തിനു കൂട്ടവകാശികളും ആയിരിക്കും
- മതാത്മകതയിലുള്ളവർ മറ്റ് ദൈവദാസന്മരെയും അവരുടെ വാക്കുകളേയും പ്രവർത്തനങ്ങളേയും താരതമ്യപെടുത്തി തങ്ങളെ തന്നെ മറ്റുള്ളവരുടെ മുൻപിൽ നീതികരിക്കുന്നവർ ആയിരിക്കും, ആത്മീകർ ഒരിക്കലും മനുഷ്യരുടെ മുൻപാകെ ഒരിക്കലും തങ്ങളെ തന്നെ നീതികരിക്കാൻ ശ്രമിക്കാറില്ല.
- തങ്ങളെ പറ്റി പറഞ്ഞ ഉന്നത സ്ഥാനീയരായവരുടെ വാക്കുകൾ വർഷങ്ങളോളം ഹൃദയത്തിൽ സൂക്ഷിക്കുന്നവരായിരിക്കും. ആത്മീയർ യേശുവിനേപ്പോലെ മനുഷ്യരുടെ സാക്ഷ്യങ്ങളെ നിരസിക്കുന്നവരായിരിക്കും (യോഹന്നാൻ 5: 34) മറ്റുള്ളവരുടെ പ്രശംസാവാക്കുകളേക്കാൾ സ്വയം തങ്ങളെ തന്നെ തിരിച്ചറിയുവാൻ കഴിയുന്നതുകൊണ്ട് പ്രശംസാവാക്കുകളെയും അതിന്റെ പൊള്ളത്തരങ്ങളെയും തള്ളിക്കളയുവാൻ പ്രാപ്തരായിരിക്കും.
- അവരുടെ മനോനില കർത്താവിനെ സേവിക്കുന്നതുകൊണ്ട് എനിക്ക് എന്ത് ലഭിക്കും എന്നയിരിക്കില്ല മറിച്ച്, എന്റെ ക്ഷണികമായ ഈ ജീവകാലത്ത് കർത്താവിനുവേണ്ടി എനിക്ക് എന്തു ചെയ്യാൻ കഴിയും എന്നായിരിക്കും.

മുകളിൽ ഉദാഹരണമായി പറഞ്ഞ മതഭക്തരായ വരുടെ സകല പ്രവർത്തനങ്ങളും ഒരു പക്ഷേ നല്ലതായിരിക്കാം, എന്നാൽ ചോദ്യം നാം ഏതിനു പ്രാധാന്യം നൽകും എന്നതാണ്.

ഒരു ആത്മീയനെ തിരിച്ചറിയുന്നത് അവൻ എന്തിനു പ്രാധാന്യം കൊടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. പൌലോസിന്റെ വാക്കുകൾ ശ്രദ്ധിക്കു, 'സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല; സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും ഞാൻ യാതൊന്നിനും അധീനനാകയില്ല.' (1 കോരിന്ത്യർ 6:12, 10:23). നമ്മുടെ പ്രാധാന്യം എന്തിന്? സ്വയം നമുക്ക് വിലയിരുത്താം.



ജോബ് ജോൺ മംഗളൂരു



# അപകടകരമായ ആൾ ദൈവഭക്തി

**ഓ**രോ ദിവസവും ആൾ ദൈവങ്ങളുടെ നെറികെട്ട ജീവിതരീതികളെപ്പറ്റി പത്രങ്ങളിൽ നിറയുമ്പോഴും അവരോടുള്ള ആളുകളുടെ ആരാധന കുറയുന്നില്ല എന്ന സത്യം സാംസ്കാരീക ലോകത്തിനു ഭീഷണി ആണ്. പുറം ലോകത്ത് എന്ത് സംഭവിച്ചാലും അതുപോലെ തന്നെ ഉള്ള ചില അപകടങ്ങൾ പെന്തകോസ്ത് ആത്മീയ ലോകത്തും കാണാൻ സാധിക്കും. എത്ര പറഞ്ഞാലും അതിനെ എല്ലാം ചില വാക്യങ്ങളുടെ അടിസ്ഥാനത്തിൽ പൊളിച്ചു പുറത്താക്കാൻ നമ്മുടെ ഇടയിൽ ചില ആളുകൾക്ക് ഉള്ള വിരുത് എടുത്തു പറയേണ്ടതാണ്. മൂല്യച്യുതിയും കപട രാഷ്ട്രീയവും നമ്മുടെ ഇടയിൽ യഥേഷ്ടം നടമാടുന്നത് തിരിച്ചറിയേണ്ടി ഇരിക്കുന്നു. ആത്മീയ ലോകത്തേക്ക് നോക്കിയാൽ, ഒരുകാലത്ത് പ്രസംഗകനല്ല പ്രസംഗമാണ് വലുത് എന്ന് പറഞ്ഞിരുന്നവർ ഇന്ന് പ്രസംഗമല്ല പ്രസംഗകനാണ് വലുത് എന്ന് പറയുന്ന അവസ്ഥാന്തരത്തിലേക്ക് കാൽവച്ചത് പേടിയോടെ മാത്രമേ ഒരാൾക്ക് ഓർക്കാൻ കഴിയൂ.

ഇന്നുള്ള പ്രസംഗകരിൽ നല്ല ശതമാനവും വ്യക്തിപരമായി മാർക്കറ്റ് ചെയ്തു വിജയം വരിക്കുന്നവരാൻ. അത്ഭുതവും അടയാളവും നടത്തുവാൻ കഴിവുള്ളവർ എല്ലാവരും വിജയിക്കണമെന്നില്ല. എന്നാൽ ഈ സിദ്ധികളെ വേണ്ട വിധത്തിൽ മറ്റുള്ളവരിലേക്ക് എത്തിച്ചാൽ നല്ല പരസ്യം ലഭിക്കുകയും വിദേശ രാജ്യങ്ങളിൽ ഉൾപ്പടെ വേദികൾ ലഭിക്കുകയും ചെയ്യും. കൂടുതൽ പ്രാവശ്യം വിദേശത്ത് പോയവർക്കും കൂടുതൽ ആളുകളുടെ പേർവിളിച്ചു പ്രവചന വരം തെളിയിച്ചവർക്കും കൂടുതൽ രോഗശാന്തി അവകാശപ്പെടുന്നവർക്കും കൂടുതൽ മാർക്കറ്റ് എന്നതാണ് ഇന്നത്തെ അവസ്ഥ.

മന്ത്രിമാരെയും ക്രിക്കറ്റ് താരങ്ങളെയും വരെ തങ്ങളുടെ പ്രശസ്തിക്കുവേണ്ടി ഉപയോഗിക്കത്തക്ക വൈദഗ്ദ്യം ലഭിച്ച പ്രസംഗകർ നമ്മുടെ ഇടയിലുണ്ട്. രാഷ്ട്രീയക്കാരെയും സിനിമാതാരങ്ങളെയും ഇറക്കി സാക്ഷ്യം പറയിപ്പിച്ചു പരസ്യം നേടുന്നവരുമുണ്ട്. അവർ അത് ചെയ്യട്ടെ. അത് അവരുടെ മിടുക്ക്. എന്നാൽ ഈ രാഷ്ട്രീയക്കാരെയും സിനിമാക്കാരെയും അവിടേക്ക് അടുപ്പിക്കുന്ന ഘടകം അവിടുത്തെ ജനക്കൂട്ടമാണെന്നും, നമ്മൾ തന്നെ ആണ് ഈ ജനക്കൂട്ടമെന്നും, എന്തൊക്കെയോ അത്ഭുതം ലഭിക്കും എന്ന വ്യാജ പ്രതീക്ഷ നൽകി നമ്മളെ അവിടെ എത്തിച്ചിരിക്കുന്നത് ഒരു മാർക്കറ്റിംഗ് തന്ത്രമാണെന്നും ഈ ആളുകൾ എന്ന് തിരിച്ചറിയും? ജനത്തെ ഉപയോഗിച്ച് സെലിബ്രിറ്റി കളെ കൊണ്ടുവന്നു മുഖസ്തുതി പറയിപ്പിച്ചു വീണ്ടും പബ്ലിസിറ്റി നേടുന്ന പ്രസംഗകരെ നാം എന്താണ് വിളിക്കേണ്ടത്.

നമ്മുടെ ആളുകൾ ആൾദൈവങ്ങളെ ആരാധിക്കുന്ന ഉത്തരേന്ത്യക്കാരെ പരിഹസിക്കുകയും അതിനേക്കാൾ വലിയ ഭോഷത്തരങ്ങളിൽ നിപതിക്കുകയും ചെയ്യുന്നതാണ് സങ്കടകരമായ വസ്തുത. സ്വന്തമായി പരസ്യം നേടാൻ പണിപ്പെടുന്നതും അംഗീകാരം ലഭിക്കാൻ ഓടുന്നതും ദൈവസ്നേഹം കൊണ്ടോ ആത്മഭാരം കൊണ്ടോ അല്ല പ്രത്യുത സ്വന്തം സാമ്രാജ്യവും കീശയും വീർപ്പിക്കുന്നതിനാണ്. ഇവരുടെ ഗിമ്മിക്കുകളിൽ പെടുന്നവരാണ് യഥാർത്ഥത്തിൽ ഉത്തരേന്ത്യയിലെ വിദ്യാഭ്യാസം ഇല്ലാത്തവരുടെ നിലവാരത്തിലേക്ക് താഴുന്നത്. രാഷ്ട്രീയക്കാർക്കും സിനിമാക്കാർക്കും മറ്റും പ്രശസ്തി ആവശ്യമാണ്. അതിനു വേണ്ടി അവർ ഏതു അറ്റം വരെയും പോകും. എന്നാൽ ദൈവ വചനം പ്രസംഗിക്കുന്നവർക്ക് എന്തിനാണ് പ്രശസ്തി. പ്രസംഗിക്കുന്നവർക്കാണോ അതോ പ്രസംഗിക്കുന്ന വചനത്തിനാണോ പ്രാധാന്യം. ദൈവവചന പ്രഘോഷണം സെലിബ്രിറ്റി കളുടെ കൈകളിലേക്ക് വെച്ച് കൊടുക്കുന്നത് അപകടകരമായ അവസ്ഥയാണ്. അവർ അതിനെ അവരുടെ പേരിനും പ്രശസ്തിക്കും വേണ്ടി മാത്രമേ ഉപയോഗിക്കൂ.

പ്രശസ്തരായ ചില സംഗീതകാരന്മാരുടെ പേര് ഉണ്ടെങ്കിൽ മാത്രമേ ആളുകൾ മീറ്റിംഗുകൾക്കു പോകൂ എന്നതാണ് ഇന്നത്തെ അവസ്ഥ. ഗായകൻ എന്ന പഴയ വാക്കിനു പകരം 'വർഷിപ്പ് ലീഡർ' എന്ന പുതിയ പദമാണ് ഇപ്പോഴത്തെ ട്രന്റ്. ഈ വർഷിപ്പ് ലീഡർമാരോട് ഒരു ചോദ്യം ചോദിക്കട്ടെ. നിങ്ങൾ അറിഞ്ഞോ അറിയാതെയോ നിങ്ങളെ ആരാധനയോടെ കൊണ്ട് നടക്കുന്ന ഒരു കൂട്ടം ആളുകൾ നിങ്ങളുടെ പരിപാടികളിൽ വരുന്നുണ്ട് എന്ന് നിങ്ങൾക്കറിയാമോ. അവർ വരുന്നത് നിങ്ങളുടെ പാട്ട് കേൾക്കാനോ നിങ്ങളെ കാണാനോ മാത്രമാണ്, ദൈവത്തെ ആരാധിക്കാൻ അല്ല എന്ന് നിങ്ങൾ തിരിച്ചറിയുന്നുണ്ടോ. തിരിച്ചറിഞ്ഞാൽ ആ അവസ്ഥയിൽ നിന്ന് നിങ്ങളുടെ ഫാൻസിനെ രക്ഷിക്കാൻ നിങ്ങൾ എന്തെങ്കിലും ചെയ്യുമോ? അതോ ലഭിക്കുന്ന 'ആരാധന'യിൽ മതിമറന്നു ആരാധകരുടെ എണ്ണം കൂട്ടാൻ വീണ്ടും ഓടുമോ.

പുതിയതായി ശുശ്രൂഷയിലേക്ക് വരുന്നവർ ദൈവത്തെ അല്ല ഇഷ്ടപ്പെടുന്നത്. ദൈവത്തിന്റെ പേരിൽ പേരും പണവും സമ്പാദിച്ച ചിലരെ അനുകരിക്കാൻ ആണ് ഇഷ്ടപ്പെടുന്നത്.കാരണം അവർ കൂടുതലും കാണുന്നത് അങ്ങനെ ഉള്ള ചിലരെ ആണല്ലോ. അപകടം പതിയിരിക്കുന്നത് എവിടെ ആണെന്ന് ചോദിച്ചാൽ ശ്രദ്ധയോടെ വീക്ഷിക്കുന്ന ആർക്കും മനസിലാകും, നമ്മുടെ ആത്മീയ ലോകം കച്ചവടവത്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. 'മിടുക്കന്മാർക്ക്' മാത്രമേ പിടിച്ചുനില്കാൻ കഴിയൂ, ആത്മീയർ പുറത്താകും എന്നുള്ള അവസ്ഥ ഭീതിജനകവും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതുമായ തിരിച്ചറിവാണ്. വല്ല വിധത്തിലും സെലിബ്രിറ്റി ആകുക, പണവും പ്രശസ്തിയും നേടുക, കഴിയുന്നിടത്തോളം വിദേശയാത്രകൾ നടത്തുക ഒരു അഞ്ഞൂറോ അതിലതികമോ അനുയായികളെ സംഘടിപ്പിച്ചു മെഗാ ചർച്ച എന്ന ഖ്യാതി നേടുക ഇവയൊക്കെ ആണ് ഇന്നത്തെ പെന്തക്കോസ്ത് ആൾ ദൈവങ്ങളുടെ ലക്ഷ്യം. ദൈവവചനത്തോട് വിശ്വസ്തത പുലർത്താൻ താല്പര്യമില്ലാത്ത കുറെ വ്യാജ ഭക്തന്മാരും കൂടെ ഉണ്ടാകും ഇതിനു മറപിടിക്കുന്നതിന്.

നമ്മുടെ ഇടയിൽ ദുരുപദേശകർ എന്ന് മുദ്ര കുത്തപ്പെട്ട ചില ആളുകളുണ്ട്. പക്ഷെ വൈരാഗ്യവും കോപവും വെറുപ്പും വർദ്ധിപ്പിക്കുവാൻ മാത്രമേ ഈ മുദ്ര ചാർത്തുകൊണ്ടു ഉപകാരമുള്ളൂ. അവരും അവരോടൊപ്പമുള്ളവരും രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കുകയാണ് ആവശ്യം. അതിനെക്കാൾ മുൻപേ ആൾ ദൈവങ്ങളോടുള്ള നമ്മുടെ ഓരോരുത്തരുടെയും സമീപനത്തിലും മാറ്റം വരണം. ഒരാളെപ്പറ്റിയും അമിതമായ ആരാധന നമ്മുടെ ഹൃദയത്തിൽ ഉണ്ടാകേണ്ട ആവശ്യമില്ല. നമ്മുക്ക് ഓരോരുത്തർക്കും ആവശ്യമായ അത്ഭുതങ്ങൾ ദൈവം ദൈവത്തിന്റെ സമയത്ത് ചെയ്തുകൊള്ളും. പ്രവാചകന്മാരുടെയും പ്രശസ്തന്മാരുടെയും ആൾദൈവങ്ങളുടെയും അനുകമ്പാർദ്രതക്കു വേണ്ടി കാത്തിരിക്കുന്നത് അവസാനിപ്പിക്കാം.

# ചർച്ച് ഓഫ് ഗോഡ് യു.കെ. & ഇ.യു നാഷണൽ കോൺഫ്രൻസ്

**ലണ്ടൻ:** ചർച്ച് ഓഫ് ഗോഡ് യു.കെ. & ഇ.യു.മലയാളം സെക്ഷന്റെ പത്താമത് നാഷണൽ കോൺഫ്രൻസ് ഒക്ടോബർ 21-ന് സൗത്തോൾ ചർച്ച് ഓഫ് ഗോഡിന്റെയും വെസ്റ്റ് ലണ്ടൻ ചർച്ച് ഓഫ് ഗോഡിന്റെയും നേതൃത്വത്തിൽ ഡോർമേഴ്സ് വെൽസ് ലെയ്ൻ ഹൈസ്കൂളിൽ നടക്കും. ചർച്ച് ഓഫ് ഗോഡ് ഓവർസിയർ റവ.ഡോ.ജോ കുര്യൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ റെജി ശാസ്താംകോട്ട മുഖ്യപ്രസംഗകനായിരിക്കും. ശനിയാഴ്ച പൊതുയോഗവും, യുവജന സമ്മേളനം, സഹോദരദീ സമ്മേളനം എന്നിവയും നടക്കും. ജിത്തു ജോർജിന്റെ നേതൃത്വത്തിൽ നാഷണൽ


*റവ.ഡോ. ജോ കുര്യൻ*


*പാസ്റ്റർ റെജി ശാസ്താംകോട്ട*

ക്വയർ ആരാധനക്ക് നേതൃത്വം നൽകും. പാസ്റ്റർമാരായ സജി മാത്യു, വർഗീസ് കെ.തോമസ്, തോമസ് ജോർജ്, ഇവാ സാം ശശി എന്നിവർ നേതൃത്വം നൽകും. യുകെക്ക് പുറമേ അയർലണ്ടിൽ നിന്നും ദൈവജനം പങ്കെടുക്കും.

നാഷണൽ സെക്രട്ടറി പാസ്റ്റർ വർഗീസ് കെ.തോമസിന്റെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഭാരവാഹികളായി പാസ്റ്റർ സജി മാത്യു (കോൺഫ്രൻസ് കൺവീനർ), ഇവാ സാം ശശി (സെക്രട്ടറി), മാമ്മൻ ജോർജ് (ട്രഷറാർ), ഇവാ.ജോസ്മോൻ പൗലോസ് (പബ്ലിസിറ്റി), ഇവാ.ഡോണി തോമസ് (മീഡിയാ), സിസിൽ ചെറിയാൻ (യൂത്ത് കോർഡിനേറ്റർ), പാസ്റ്റർ സന്തോഷ് കുമാർ, പാസ്റ്റർ വിത്സൺ മാത്യു എന്നിവർ പ്രയർ കോർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു.

# വൈ.പി.ഇ. മലബാർ ക്യാമ്പ് സമാപിച്ചു

**ബത്തേരി(വയനാട്):** ഇന്ത്യ പൂർണ സുവിശേഷ ദൈവ സഭ കേരളാ സ്റ്റേറ്റിന്റെ യുവജനവിഭാഗമായ വൈ പി ഇ മലബാർ ക്യാമ്പ് സമാപിച്ചു. സെപ്റ്റംബർ 29, 30 തീയതികളിലായി സുൽത്താൻ ബത്തേരി പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ നടന്ന ക്യാമ്പിൽ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 220 പേർ പങ്കെടുത്തു. അനേകം യുവതി യുവാക്കൾ ദൈവത്തിനായി സമർപ്പിച്ചു. ക്യാമ്പ് മലബാറിലെ ദൈവസഭയുടെ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകിയിരിക്കുകയാണ്.



**വൈ പി ഇ മലബാർ ക്യാമ്പ് സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ എ.റ്റി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

29 ന് രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ബ്ര. മാത്യു ബേബി അധ്യക്ഷത വഹിക്കുകയും സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ എ. റ്റി ജോസഫ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ റോബിൻ സി റോയ് സ്വാഗതവും. പാസ്റ്റർ സി. ഐ തോമസ് നന്ദിയും അറിയിച്ചു. സ്റ്റേറ്റ് ട്രഷറാർ ടോം ടി ജോർജ്ജ് സങ്കീർത്തനം വായിച്ചു. തുടർന്ന് വിവിധ സെഷനുകളിലായി ബ്ര. സജിൻ ബാംഗ്ലൂർ, റവ. ജോൺസൻ തേക്കടി, പാസ്റ്റർ തോമസ് മാത്യു സി കോട്ടയം, പാസ്റ്റർ അഭിലാഷ് എ പി,തിരുവനന്തപുരം ബ്രദർ അലൻ എന്നിവർ ക്ളാസുകൾ നയിച്ചു. കുട്ടികൾക്കായി പ്രത്യേക പ്രോഗ്രാമുകളും ഗെയ്മുകളും ഉണ്ടായിരുന്നു. ക്യാമ്പ് കോർഡിനേറ്റർ പാസ്റ്റർ ജെയിംസ് പി ജെ ഡിസ്ട്രിക്ട് പാസ്റ്റർമാരായ വി ടി എബ്രഹാം, ക്രിസ്റ്റഫർ ടി രാജു, ജോജി മിഖായേൽ, ബാബുകുട്ടി, ഇമ്മാനുവേൽ , ബിനു കെ. ചെറിയാൻ തുങ്ങിയവർ പ്രസംഗിച്ചു.

പാസ്റ്റർ ഡെന്നിസ് വർഗീസ്, പാ:ഗ്ലാഡ്സൺ ജോൺ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജിജി വി റ്റി, ജെബ്ബേസ്, റോഹൻ റോയി എന്നിവരുടെ നേതൃത്വത്തിൽ വൈ. പി.ഇ സ്റ്റേറ്റ് ക്വയർ ഗാന ശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർമാരായ കെ.വി ജോസഫും, റെജി ടി രാജും പ്രാർത്ഥനാ സെഷൻസ് നയിച്ചു. 30 ന് നടന സമാപന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് പാ: എ. റ്റി ജോസഫ് സമാപന സന്ദേശം നൽകി. എസ്. എസ്. എൽ. സി പ്ലസ്സ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു.

പാ: ഷാജി സിസിലിന്റെ നേതൃത്വത്തിൽ സോണൽ കമ്മറ്റിയും. വൈ.പി. ഇ സ്റ്റേറ്റ് ബോർഡും ക്യാമ്പിന് നേതൃത്വം നൽകി.

# ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി ജൂബിലി നിറവിൽ



**നിബു വെള്ളവന്താനം**

**ന്യൂയോർക്ക്:** അമേരിക്കയിലെ ആദ്യ മലയാളി പെന്തക്കോസ്ത് സഭയും ഐ.പി.സി നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയനിലെ പ്രമുഖ സഭയുമായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി വളർച്ചയുടെ അമ്പതാം വർഷത്തിൽ പ്രവേശിച്ചിരിക്കുന്നു. അറുപതുകളുടെ അവസാനത്തിൽ മലങ്കരയുടെ മണ്ണിൽ നിന്നും അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറി പാർത്ത ചുരുക്കം ചില ദൈവ മക്കളുടെ ശ്രമഫലമായി സ്വന്ത ഭാഷയിൽ ദൈവത്തെ ആരാധിക്കുവാനായി ആരംഭിച്ച കൂടി വരവാണ് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി (ക ഇഅ) എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന അമേരിക്കയിലെ ആദ്യത്തെ മലയാളി പെന്തക്കോസ്ത് സഭ

അഞ്ച് പതിറ്റാണ്ടുകൾ ന്യൂയോർക്ക് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടിവന്നിരുന്ന സഭ 2015 മുതൽ ലോങ്ങ് ഐലണ്ടിൽ ലെവി ടൌൺ എന്ന പട്ടണത്തിൽ സ്വന്തമായി വാങ്ങിയ വിസ്തൃതമായ മൂന്ന് ഏക്കർ സ്ഥലത്ത് ദൈവ നാമ മഹത്വത്തിനായി നിലകൊണ്ടുവരുന്നു. നൂറിൽപരം കുടുംബങ്ങളിൽ നിന്നായി മൂന്നൂറിലധികം വിശ്വാസികൾ സജീവ അംഗങ്ങളായിട്ടുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭയുടെ സീനിയർ ശുശ്രൂഷകനായി റവ. ഡോ. വിൽസൺ വർക്കിയും സെക്രട്ടറിയായി പി.എ.സാമുവേലും, ട്രഷററായി സാം ജോണും പ്രവർത്തിച്ചുവരുന്നു.

ഡിസംബർ 30 ന് ശനിയാഴ്ച സുവർണ്ണ ജൂബിലി സ്തോത്ര ശുശ്രൂഷ സഭാങ്കണത്തിൽ നട ക്കും. ഇതിനു മുമ്പായി 15 ദിവസം നീണ്ടുനിൽക്കുന്ന പ്രത്യേക ഉപവാസ പ്രാർത്ഥനകൾ ഉണ്ടായിരിക്കും. അർഹരായ 10 യുവതികൾക്ക് വിവാഹ സഹായം നൽകുക, ഭാരതത്തിലും വിവിധ സംസ്ഥാനങ്ങളിലുമായുള്ള 50 മിഷൻ സ്റ്റേഷനുകൾ ഏറ്റെടുത്ത് പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുക, വിധവകളായ 50 സഹോദരിമാർക്ക് എല്ലാ മാസവും അർഹമായ സാമ്പത്തിക സഹായം നൽകുക, എഴുപത് വയസിനു മുകളിൽ പ്രായമുള്ള മാതാപിതാക്കളെ പ്രത്യേക ഉപഹാരം നൽകി ആദരിക്കുക തുടങ്ങിയവ ജൂബിലി വർഷത്തിൽ നടത്തപ്പെടും.

ജൂബിലി കമ്മറ്റി അംഗങ്ങളായി റവ. ഡോ. വിൽസൺ വർക്കി, പി.എ.സാമുവേൽ, സാം ജോൺ, സാം തോമസ്, ജോർജ്.വി.ഏബ്രഹാം, ജേക്കബ് അലക്സാണ്ടർ, തോമസ് കുര്യൻ, സൂസൻ ജോർജ്, ഷെറിൻ കോശി എന്നിവരും റവ. മൈക്കിൾ ജോൺസൺ, റവ.കെ.ഇ ഈപ്പൻ, ബ്രദർ കുര്യൻ തോമസ് എന്നിവർ അഡ്വൈസറി ബോർഡംഗങ്ങളായും പ്രവർത്തിച്ചു വരുന്നു. അഞ്ച് ദശാബ്ദങ്ങളുടെ ചരിത്രവും വിവരണങ്ങളും ഉൾപ്പെടുത്തി സഭയുടെ സ്മരണിക പ്രസിദ്ധീകരിക്കും.

## ചർച്ച് ഓഫ് ഗോഡ്
# കർണാടക സ്റ്റേറ്റ് കൺവൻഷൻ ഒക്ടോബർ 18 മുതൽ

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് ജനറൽ കൺവൻഷൻ 2017 ഒക്ടോബർ 18 മുതൽ 22 വരെ ലിംഗരാജപുരം കാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ സി.സി തോമസ്, ബാബു ചെറിയാൻ, ഏബ്രഹാം വർഗീസ്, സണ്ണി താഴാംപള്ളം, ഡോ.ഷിബു സാമുവേൽ, ജയിംസ് കോശി, സാജൻ മാത്യു, ഡോ.ഷിബു കെ.മാത്യു, ഡോ.ജോളി ജോസഫ് താഴാംപള്ളം, ഷൈനി ഡാനിയേൽ (ഡൽഹി) എന്നിവർ മുഖ്യപ്രസംഗകരായിരിക്കും. വൈകിട്ട് 5.30 മുതൽ 9 വരെ നടക്കുന്ന രാത്രിയോഗങ്ങളെ കൂടാതെ പകൽ സമയങ്ങളിൽ ശുശ്രൂഷകസമ്മേളനം, സഹോദരി സമ്മേളനം, വൈ.പി.ഇ. സണ്ടേസ്കൂൾ പ്രോഗ്രാം, സംയുക്ത ആരാധന തുടങ്ങി വിവിധ പ്രോഗ്രാമുകൾ നടക്കും. ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.



# മിഷൻ ഡയറക്ടേഴ്സ് ചുമതലയേറ്റു

**നിലമ്പൂർ:** ഐ.പി.സി. മലബാർ മേഖലയുടെ മിഷൻ ഡയറക്ടർമാരായി ഡോ. ജോയി ഏബ്രഹാമും ഡോ.വിൽസൺ വർക്കിയും ചുമതലയേറ്റു.

മലബാറിൽ 34 സെന്ററുകളിലായി 534 സഭകളാണ് ഐ.പി.സിക്കുള്ളത്. ഇതിൽ 238 സഭകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യാതൊരു വിധ സാമ്പത്തികസഹായങ്ങളുമില്ലാതെ നൂറ്റമ്പത് സഭകൾ പ്രവർത്തിക്കുന്നു. 34 പഞ്ചായത്തുകളിൽ പെന്തെക്കോസ്തു കൂട്ടായ്മകളൊന്നും ഇല്ല. നിലവിൽ മലബാറിൽ ചില സെന്റെറുകളെ സഹായിക്കുന്നത് ഹൂസ്റ്റൺ, ഡാളസ്, കുവൈറ്റ്, മറ്റു വ്യക്തിപരമായ സഹായങ്ങളുമാണ് ലഭിക്കുന്നത്. മലബാറിലെ സുവിശേഷ മുന്നേറ്റത്തിനായി മറ്റു മിഷൻ ഡയറക്ടർമാരെയും നിയമിക്കുന്നതിനായി മലബാർ മേഖല തീരുമാനിച്ചതായി മേഖല സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പറഞ്ഞു. പുതുതായി ആരംഭിക്കുന്ന 50 പ്രവർത്തനമേഖലകൾക്ക് ഇരുവരും നേതൃത്വം നല്കും. തൃശൂർ സ്വദേശിയായ ഡോ.ജോയി ഏബ്രഹാം മികച്ച വേദ അദ്ധ്യാപകനും പ്രസംഗകനും സംഘാടകനുമാണ്. അമേരിക്കയിലെ ഒർലാൻറോ ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്ററായ ഡോ.ജോയ് എബ്രഹാം പിസിനാക്ക് നാഷണൽ കൺവീനർ, ഐ.പി.സി.നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡണ്ട്, പി.വൈ.പി.എ.കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



**ഡോ. ജോയി ഏബ്രഹാം, ഡോ.വിൽസൺ വർക്കി**

മലപ്പുറം സ്വദേശിയായ ഡോ. വിൽസൺ വർക്കി വിവിധ സെമിനാരികളിൽ വേദ അദ്ധ്യാപകനാണ്. കോട്ടയം ഐ.പി.സി സെമിനാരിയിൽ അക്കാദമിക് ഡീനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ന്യൂയോർക്കിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയിൽ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു.

# കെരിഗ്മ 2017 ഒക്ടോബർ 20 മുതൽ

**ന്യൂഡെൽഹി:** ഡൽഹി റിവൈവൽ കോൺഫറൻസ് 'കെരിഗ്മ 2017' ഒക്ടോബർ 20 മുതൽ 22 വരെ ജണ്ടേവാളൻ മെട്രോ സ്റ്റേഷനു സമീപമുള്ള ഗെഡ്വാൾ ഭവനിൽ നടക്കും. ഒക്ടോബർ 20 ന് ഉച്ചക്ക് 2 ന് ആരംഭിക്കുന്ന കോൺഫറൻസ് റവ. ഡാനിയേൽ എബനേസർ (നാഷണൽ ഓവർസീർ, അഗപ്പെ ക്രിസ്ത്യൻ അസ്സംബ്ലി) ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അനീഷ് മനോ സ്റ്റീഫൻ, ഫിന്നി മാത്യു, ചാണ്ടി വർഗീസ്,ബിജി തോമസ്, സാബു കെ.സി. എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കുന്നു. ഇംപാക്ട് 4ജി ആരാധനയ്ക്ക് നേതൃത്വം നൽകുന്നു. വിവരങ്ങൾക്ക്: 9717904453, 7290050605, 7290050604.

# തെരെഞ്ഞെടുത്തു

**തിരുവനന്തപുരം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് വൈപിഇയുടെ സൗത്ത് സോൺ സെക്രട്ടറിയായി ബ്ര.വിനോദ് എ. വി (മണ്ണന്തല), ട്രഷററായി ബ്ര. കുമാർ (കള്ളിമൂട്), ജോയിന്റ് സെക്രട്ടറിയായി ബ്ര. എബി (ഉറിയാക്കോട്) എന്നിവരെ തിരഞ്ഞെടുത്തു വലിയതുറ ചർച്ച് ഓഫ് ഗോഡ് സഭയിൽ കൂടിയ സോണൽ കമ്മറ്റി തെരെഞ്ഞെടുത്തു. സോണൽ കോ-ഓഡിനേറ്ററായി പാസ്റ്റർ വൈജുമോൻ വെങ്കടമ്പ് പ്രവർത്തിക്കുന്നു.

## ഏകദിന യുവജന ക്യാമ്പ്



തലവടി: എടത്വ യു.പി.വൈ.മിന്റെയും തലവടി ചർച്ച് ഓഫ് ഗോഡ് വൈ.പി.ഇ.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ 'ഗ്ലോ ' എന്ന പേരിൽ ഏകദിന യൂത്ത് ക്യാമ്പ് നടന്നു. പാസ്റ്റർ കെ.സി.ജോൺ ഉല്ഘാടനം ചെയ്ത ക്യാമ്പിൽ പാസ്റ്റർ ഇ.എസ് ജോൺ അദ്ധ്യക്ഷനായിരുന്നു.

ഇവാ.സാജൻ ജോയി, ഇവാ.സാം ജി.എസ്, ഡോ.സൂസൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ലോഡ്‌ണവും സംഘവും ഗാനശ്രൂഷകൾക്ക് നേതൃത്വം നൽകി

## കുവൈറ്റ് സംയുക്ത കൺവൻഷൻ



പാ. ബന്നിസൺ മത്തായി

**കുവൈറ്റ്:** കുവൈറ്റിലെ 19 മുഖ്യധാരാ പെന്തെക്കോസ്ത് സഭകളുടെ സംയുക്തവേദിയായ യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ വാർഷിക കൺവൻഷൻ ഒക്ടോബർ 18-20 വരെ നടക്കും. എൻ.ഇ.സി.കെ. ചർച്ച് & പാരീഷ് ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ പാസ്റ്റർ ബന്നിസൺ മത്തായി മുഖ്യ പ്രഭാഷകനാണ്. യു.പി.എഫ്.കെ. ക്വയർ ഗാനങ്ങൾ ആലപിക്കും. അഹമ്മദി, അബാസിയ, ഫാഹയിൽ, തുടങ്ങിയ മേഖലകളിൽ നിന്ന് വാഹന സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. കൺവൻഷന്റെ പ്രവർത്തനങ്ങൾക്ക് - റോയി കെ. യോഹന്നാൻ (ജന. കൺവീനർ), മാത്യു ദാനിയേൽ (സെക്രട്ടറി), ജേക്കബ് തോമസ് (ട്രഷറാർ) റെജി സഖറിയ (ജോ. സെക്രട്ടറി), പാസ്റ്റർ ഏബ്രഹാം ജോർജ് (പ്രോഗ്രാം), ജേക്കബ് തോമസ് (ടെക്നിക്കൽ), പാസ്റ്റർ ടി.എം. സാമുവേൽ (പ്രയർ), ഷിബു വി. സാം (പബ്ലിസിറ്റി), പാസ്റ്റർ സാം തോമസ് (സോവനീർ), ബിജോ കെ. ഈശോ (ട്രാസ്പോർട്ടേഷൻ), അനിൽ ഫിലിപ്പ് (ക്വയർ), പാസ്റ്റർ ജോസഫ് മാത്യു (വോളന്റിയർ) എന്നിവർ നേതൃത്വം നൽകുന്നു.

### ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ

## എൽ.എം. സംസ്ഥാന ക്യാമ്പ് സമാപിച്ചു



എൽ എം സംസ്ഥാന ക്യാമ്പ് സ്റ്റേറ്റ് ഓവർസിയർ റവ. സി സി തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് ലേഡിസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 29, 30 തീയതികളിലായി മുളക്കുഴ ആർ.എഫ്. കുക്ക് കൺവൻഷൻ സെന്ററിൽ നടന്ന സംസ്ഥാന ക്യാമ്പ് സമാപിച്ചു. സംസ്ഥാന പ്രസിഡന്റ് സിസ്റ്റർ സുനു തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

സിസ്റ്റർ പൊന്നമ്മ അലക്സാണ്ടർ സ്വാഗതപ്രസംഗം നടത്തി. സ്റ്റേറ്റ് സെക്രട്ടറി മേരിക്കുട്ടി ഏബ്രഹാം റിപ്പോർട്ട് വായിച്ചു. സിസ്റ്റർ സാറാ പോൽ (രാമേശ്വരം) സമ്മേളനത്തിൽ മുഖ്യ സന്ദേശം നല്കി. പാസറ്റർമാരായ ജെ. ജോസഫ് (കൗൺസിൽ സെക്രട്ടറി), ജോൺസൻ ദാനിയേൽ (എഡ്യുക്കേഷണൽ ഡയറക്ടർ) പാസ്റ്റർമാരായ ഷിബു കെ.മാത്യു, തോമസ് പുളിവേലിൽ, ജോയി എ. ചാക്കോ, ബ്രദർ ജോസഫ് മറ്റത്തുകാലാ, സിസ്റ്റർ ഗിഫ്റ്റി ജോൺ തുടങ്ങിയവർ ആശംസ അറിയിച്ചു. ഉച്ചകഴിഞ്ഞ് നടന്ന യോഗത്തിന് സിസ്റ്റർ സൂസൻ ജോസ് ബേബി അദ്ധ്യക്ഷത വഹിച്ചു. താലന്തു പരിശോധനയ്ക്ക് ജനറൽ ഓർഗനൈസൽ സിസ്റ്റർ ഷോൺ തോമസ് നേതൃത്വം നല്കി. വൈകിട്ട് നടന്ന യോഗത്തിൽ മോളിക്കുട്ടി കോശി അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ റംലാ തോമസ് പ്രസംഗിച്ചു.

ശനിയാഴ്ച നടന്ന യോഗത്തിൽ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി സിസ്റ്റർ ലിസിയാമ്മ മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു.

സ്റ്റേറ്റ് ഓവർസിയര് പാസ്റ്റർ സി സി തോമസ് മുഖ്യ സന്ദേശം നല്കി സിസ്റ്റർ ലീലാമ്മ ജോൺ കൃതജ്ഞത അറിയിച്ചു. സംഗീത ശുശ്രൂഷയ്ക്ക് ക്വയർ നേതൃത്വം കൊടുത്തു. ക്യാമ്പിന് എൽ.എം സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ നേതൃത്വം നല്കി.

## ഐ.പി.സി. ഈസ്റ്റേൺ റീജിയൻ 27-ാമത് വാർഷിക കൺവൻഷൻ

*ഉമ്മൻ എബനേസർ*



പാസ്റ്റർ തോമസ് ഫിലിപ്പ്



റവ.ഗ്ലെൻ ബഡോഷകിം

**ന്യൂയോർക്ക്:** ഐ.പി.സി.ഈസ്റ്റേൺ റീജിയൻ 27-ാമത് വാർഷിക കൺവൻഷൻ ഒക്ടോബർ 6-8 വരെ ന്യൂയോർക്ക് വസ്കാടി സെന്ററിൽ നടക്കും. മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേക മീറ്റിംഗുകളാണ് ക്രമീകരിച്ചിരിക്കുന്നത്. പാസ്റ്റർ തോമസ് ഫിലിപ്പ്, വചന ശുശ്രൂഷ നിർവ്വഹിക്കും., പ്രഥമ സമ്മേളനം റീജിയൻ പ്രസിഡന്റ് റവ.ഇട്ടി ഏബ്രഹാം ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച സെമിനാറും, ഉച്ച കഴിഞ്ഞ് സൺഡേ സ്കൂളിന്റെയും മീറ്റിംഗും ക്രമീകരിച്ചിട്ടുണ്ട്. ഞായറാഴ്ച സംയുക്ത ആരാധന നടക്കും. മാസച്ചുസറ്റ്സ്, കണക്ടിക്കട്ട്, ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, മേരിലാന്റ് എന്നീ സംസ്ഥാനങ്ങളും വാഷിംഗ്ടൺ ഡിസിയും ഉൾപ്പെട്ടതാണ് ഐ.പി.സി ഈസ്റ്റേൺ റീജിയൻ. മലയാളം മീറ്റിംഗുകളിൽ റീജിയൻ മലയാളം ക്വയർ ഗാനങ്ങളാലപിക്കുന്നതാണ്. പി.വൈ.പി.എയുടെ പ്രവർത്തനങ്ങൾ സാമുവേൽ തോമസിന്റെയും സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങൾ ജയിംസ് വർഗീസിന്റെയും സഹോദരിമാരുടെ പ്രവർത്തനങ്ങൾ സോഫി വർഗീസിന്റെയും നേതൃത്വത്തിൽ നടക്കും.

യുവജനങ്ങളേയും കുട്ടികളേയും ഉദ്ദേശിച്ച് പ്രത്യേകമായ മീറ്റിംഗുകളാണ് ക്രമീകരിച്ചിരിക്കുന്നത്. യുവജന മീറ്റിംഗുകളിൽ റവ. ഗ്ലെൻ ബഡോഷകിം ശുശ്രൂഷിക്കും. മനോജ് ഉമ്മൻ ഗാനശുശ്രൂഷ നടത്തും. റീജിയനിൽപ്പെട്ട ശുശ്രൂഷകരും യുവജന നേതാക്കളും നേതൃത്വം നൽകും. സാമുവേൽ തോമസ് പി.വൈ.പി.എ.പ്രസിഡന്റായി പ്രവർത്തിക്കുന്നു. www.pypa.org

## ഐ.പി.സി. സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനങ്ങൾ നവംബർ 14ന് തുടങ്ങും



*പാസ്റ്റർ ഡി. മോഹൻ*



*റവ. രവി മണി*



*ഡോ. തോമസ് ഇടിക്കുള*

**കുമ്പനാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സംസ്ഥാന ശുശ്രൂഷക സമ്മേളനങ്ങൾ കേരളത്തിന്റെ മൂന്ന് മേഖലകളിലായി 2017 നവംബർ 14 മുതൽ 23 വരെ നടക്കും. രണ്ടു ദിനങ്ങളായി മൂന്ന് സ്ഥലങ്ങളിൽ നടക്കുന്ന സമ്മേളനത്തിൽ സഭാ വളർച്ച എന്നതാണ് ചിന്താവിഷയം. പ്രാദേശിക സഭാ വളർച്ചയുടെ തത്വങ്ങൾ അനുഭവമാക്കിയ പാസ്റ്റർ ഡി. മോഹൻ (ചെന്നൈ), റവ. രവി മണി (ബാംഗ്ലൂർ), പ്രമുഖ കൗൺസിലർ ഡോ. തോമസ് ഇടിക്കുള (യു.എസ്.എ) എന്നിവർ മുഖ്യപ്രഭാഷകരാകും.

നവംബർ 14,15 തീയതികളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വായനാട്, കാസർകോട് ജില്ലകളിലെ പാസ്റ്റർമാർക്കായി നിലമ്പൂർ പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജിലും, നവംബർ 20,21 തീയതികളിൽ തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾക്കായി പെരുമ്പാവൂർ കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിലും, നവംബർ 22,23 തീയതികളിൽ ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകൾക്കായി അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിലും സമ്മേളനങ്ങൾ നടക്കും.

പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അധ്യക്ഷത വഹിക്കും. പാസ്റ്റർമാരായ കെ.സി. ജോൺ, തോമസ് ഫിലിപ്പ്, കെ.എം. ജോസഫ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ, ബി. മോനച്ചൻ, വർഗീസ് ഏബ്രഹാം എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസെടുക്കും. എല്ലാ മേഖലകളിലും രാവിലെ ഒൻപതിന് രജിസ്ട്രേഷൻ നടക്കും. ശുശ്രൂഷക സമ്മേളനത്തിൽ ഡിജിറ്റൽ ഡേറ്റാ ശേഖരിക്കുന്നതിനാൽ പാസ്റ്റർമാർ എല്ലാ സെക്ഷനുകളിലും നിർബന്ധമായും പങ്കെടുക്കണമെന്ന് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സി. സി. ഏബ്രഹാം എന്നിവർ അറിയിച്ചു. ശുശ്രൂഷകന്മാരുടെ പഴയ ഐ.ഡി. മറ്റി നവീകരിച്ച ഐ.ഡി. വാങ്ങാനുള്ള അവസാന തീയതി 2017 ഡിസംബർ 30 ആണെന്ന് സ്റ്റേറ്റ് പ്രസ്ബിറ്ററി തീരുമാനിച്ചിട്ടുണ്ട്.

## ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫെയർ പ്രവർത്തനത്തിന് തുടക്കമായി



ചാരിറ്റി & വെൽഫെയർ ബോർഡ് സഹായവിതരണം സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് നിർവ്വഹിക്കുന്നു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ ഷിജു മത്തായിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഓവർസിയർ സി.സി തോമസ് സാധുക്കളായ ഒൻപതു പേർക്ക് ചികിത്സാസഹായവും, നാലു പേർക്കുള്ള ഭവനം പണിയുന്നതിനുള്ള സഹായവും മൂന്നു പെൺകുട്ടികൾക്കുള്ള വിവാഹ സഹായവും നൽകി. 2017ലെ വിപുലമായ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല, ചാരിറ്റി ബോർഡ് ജോയിന്റ് ഡയറക്ടർ പാസ്റ്റർ ജോൺസൺ മരുത്തിക്കാട്ടിൽ, സെക്രട്ടറി ബ്രദർ സജി കുമ്മട്ടിയിൽ, സ്റ്റേറ്റ് കോഡിനേറ്റർ പാസ്റ്റർ ജോൺസൺ തോമസ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ജോർജ്ജുകുട്ടി തങ്കച്ചൻ, മീഡിയ കൺവീനർ പാസ്റ്റർ അനീഷ് ഉമ്മൻ എബ്രഹാം, ബ്രദർ സി.പി.വർഗീസ്, പാസ്റ്റർ ബെന്നി സാമുവൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## പി.സി.എൻ.എ.കെ പ്രയർ ലൈൻ ആരംഭിച്ചു

**ബോസ്റ്റൺ:** 36 മത് നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രാർത്ഥനാ സഹകാരികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രയർ ലൈൻ പ്രവർത്തനം ആരംഭിച്ചു. 20ന് ഞായറാഴ്ച വൈകിട്ട് 9 മണിക്ക് കോൺഫ്രൻസ് കോളായി ചേർന്ന പ്രത്യേക യോഗത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഉത്ഘാടന പ്രസംഗം നടത്തി. പാസ്റ്റർ എം.എ ജോൺ തിരുവനന്തപുരം മുഖ്യാഥിതിയായി പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. തെക്കേ അമേരിക്കയിലെയും കാനഡയിലുമുള്ള നിരവധി പ്രാർത്ഥന സഹകാരികൾ പ്രഥമ ദിനത്തിൽ സംബദ്ധിച്ചു. ബോസ്റ്റൺ പട്ടണത്തിലും അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലും ആത്മിക ചൈതന്യവും ദൈവീക പ്രവർത്തിയും ഉണ്ടാകുവാൻ യോഗത്തിൽ പ്രത്യേക പ്രാർത്ഥന നടത്തി. പ്രയർ കോർഡിനേറ്റർ പാസ്റ്റർ റജി ശമുവേൽ നേതൃത്വം നൽകി. പാസ്റ്റർ ദാനിയേൽ തോമസ് ചാറ്റനുഗ ആമുഖ പ്രാർത്ഥന നടത്തി. ലോക്കൽ പ്രയർ കോർഡിനേറ്റർമാരായ റവ. വി.പി.തോമസ്, ഡോ. റോബിൻസൺ, റവ. സുരേഷ്, ലേഡീസ് പ്രയർ കോർഡിനേറ്റർ സിസ്റ്റർ സൂസൻ ജോൺസൺ തുടങ്ങിയവരും തുടർന്നുള്ള ദിവസങ്ങളിൽ പ്രയർലൈന് നേതൃത്വം നൽകും. എല്ലാ ഞായറാഴ്ചകളിലും ഈസ്റ്റേൺ സമയം 9 മണിക്ക് 5157391423 ഈറല 218301 എന്ന നമ്പരിൽ പ്രയർ ലൈൻ ഉണ്ടായിരിക്കും.

### അഗ്രഗാമികൾ

1912 ൽ അമേരിക്കയിൽ നിന്നും ഇന്ത്യയിലെത്തി സുവിശേഷീകരണ രംഗത്തും സഭാസ്ഥാപനത്തിലും അക്ഷീണം അടരാടുകയും, ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്ത മിഷനറി വര്യൻ റവ. റോബർട്ട് എഫ് കുക്കിന്റെ ജീവിതത്തെ പുതുതലമുറയ്ക്ക് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുകയാണ്. പാസ്റ്റർ ജെ. ജോസഫും പാസ്റ്റർ സണ്ണി പി. സാമുവേലും രചിച്ച 'ഇന്ത്യ ദൈവസഭാ ചരിത്രം' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ഭാഗങ്ങൾ തുടർന്ന് വായിക്കാം.

# ഭാരതത്തെ സ്നേഹിച്ച കുക്ക് സായിപ്പ് 8



ഒന്നാമത്തെ ഞായറാഴ്ച്ച രാവിലെ വളരെ കുറച്ച് ആളുകൾ മാത്രമേ വന്നു ചേർന്നുള്ളൂ. ആളുകളുടെ എണ്ണം അധികവേഗം വർദ്ധിച്ചു. ഒരോ രാത്രിയും യോഗസ്ഥലം ജനങ്ങളെക്കൊണ്ട് നിറഞ്ഞു. പ്രായാധിക്യമുള്ള രണ്ടുപേർ അടൂരിൽ നിന്നും ആത്മികദാഹത്താൽ പന്ത്രണ്ടു മൈൽ നടന്ന് കൊട്ടാരക്കര കൺവൻഷനിൽ സംബന്ധിക്കുവാനെത്തി. പാസ്റ്റർ കുക്കും മറ്റും താമസിച്ചിരുന്ന ചെറിയ ഭവനം ഒരു മലയുടെ പാർശ്വത്തിലായിരുന്നു. അതു തുറസ്സായ ഒരു താഴ്വരയിലേക്കും മനോഹരമായ പാടശേഖരങ്ങളിലേക്കും ദർശനമായി നിന്നു.

## വെള്ളിക്കരയിലെ ആദ്യയോഗം

മുപ്പതു മൈൽ ദൂരം ഓട്ടോബസിലും എട്ടു മൈൽ ദൂരം കാളവണ്ടിയിലും യാത്ര ചെയ്ത് മനോഹരമായ കുന്നുകൾക്കിടയിലുള്ള കുമ്പനാട്ടെത്തി. റോഡുയാത്ര കഴിഞ്ഞ് നെല്പാടങ്ങൾ കുറുകെ കടന്ന് രണ്ടു തോടുകളും കടന്ന് സന്ധ്യയായപ്പോഴേക്കും അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. ഒരു ചെറിയ മൺ കുടിലിലായിരുന്നു പാസ്റ്റർ കുക്കിനും മറ്റും താമസിക്കുവാൻ ക്രമീകരിച്ചിരുന്നത്. പ്രഭാതമായപ്പോൾ തന്നെ പുതിയ മിഷണറിയെ കാണുവാൻ ആളുകൾ തടിച്ചുകൂടി. പാസ്റ്റർ കുക്ക് എഴുന്നേറ്റ് വസ്ത്രം മാറി തയ്യാറാകുന്നതുവരെ തടിച്ചു കൂടിയ ജനങ്ങൾ കുറെ മാറി നില്ക്കുവാൻ ക്രമീകരണം ചെയ്യണമെന്ന് പാസ്റ്റർ കുക്ക് ഒരു സഹപ്രവർത്തകനോടു പറഞ്ഞു. ജനങ്ങൾ മാറാതെ നിന്നതിനാൽ ഒരു വലിയ പായ് വാതിൽക്കൽ കെട്ടി തൂക്കി ഇട്ടു. എന്നാലും എവിടെയെങ്കിലും വിടവുണ്ടെങ്കിൽ അതിൽകൂടി ജനങ്ങൾ ഒളിഞ്ഞു നോക്കിക്കൊണ്ടിരുന്നു. കാഴ്ച്ച ബംഗ്ലാവിൽ കിടന്ന ഒരു മൃഗത്തെ സൂഷ്മതയോടെനോക്കുന്നതുപോലെയാണ് ജനങ്ങൾ തങ്ങളെ നോക്കിയിരുന്നത്. ഒമ്പതു മണിയായപ്പോൾ യോഗത്തിനുള്ള മണിയടിച്ചു. അരമണിക്കൂർ മുമ്പു തന്നെ ജനങ്ങൾ തടിച്ചുകൂടിയിരുന്നു. യോഗം ആരംഭിച്ചു. വളരെ ശ്രദ്ധയോടു കൂടെ ജനം വചനം ഗ്രഹിച്ചു. സത്യം അവർ മനസ്സിലാക്കി. യോഗത്തിനു മുമ്പും യോഗം കഴിഞ്ഞും ആളുകൾ തുടർച്ചയായി വിശ്വാസ കാര്യങ്ങളെപ്പറ്റി ചോദ്യം ചോദിച്ചുകൊണ്ടിരുന്നു. അതിനാൽ പാസ്റ്റർ കുക്കിന് ഭക്ഷണം കഴിക്കുന്നതിനോ വിശ്രമിക്കുന്നതിനോ പോലും സമയം ലഭിച്ചിരുന്നില്ല. മത്തായി. 6:31. 'വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ .....'എന്ന മത്തായിയുടെ സുവിശേഷത്തിലെ വാക്യം പാസ്റ്റർ കുക്ക് അനുസ്മരിച്ചു.

ആദ്യ ദിവസം മുന്നൂറിൽ പരം ആളുകൾ യോഗത്തിൽ സംബന്ധിച്ചു. ഞായറാഴ്ച്ച രാവിലെ എണ്ണൂറിൽപരം ആളുകൾ യോഗത്തിൽ സംബന്ധിക്കുവാൻ വന്നു. ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് കുമ്പനാട്ടു റോഡ് പരിസരത്ത് ഒരു പരസ്യയോഗം നടന്നു. ഞായറാഴ്ച്ച പ്രഭാത ആരാധന മൂന്നുമണി വരെ തുടർന്നു. അതിനെ തുടർന്ന് കുമ്പനാട്ട് പരസ്യയോഗ സ്ഥലത്തേക്ക് പാട്ടുപാടിക്കൊണ്ട് ജനം നീങ്ങി. യോഗസ്ഥലത്തു ചെന്നപ്പോൾ തന്നെ അവിടെ ധാരാളം ആളുകൾ ഉണ്ടായിരുന്നു. ഡ്രം അടിച്ചും മറ്റും പാട്ടുപാടിയപ്പോൾ ജനങ്ങൾ വളരെ അധികം തടിച്ചുകൂടി. ഈ പരസ്യയോഗത്തിൽ ആയിരങ്ങൾ സംബന്ധിച്ചു. റോമാലേഖനം 8:4-18 വരെയുള്ള വാക്യങ്ങൾ ആധാരമാക്കി പാസ്റ്റർ കുക്ക് പ്രസംഗിച്ചു. ജനങ്ങൾ അതീവശ്രദ്ധയോടെ യോഗം ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവർക്ക് അത് വലിയ അനുഗ്രഹമായിരുന്നു. പരിശുദ്ധാത്മസാന്നിദ്ധ്യം യോഗങ്ങളിൽ വ്യക്തമായി അനുഭവപ്പെട്ടു. അനേകർക്കു രോഗശാന്തി ലഭിച്ചു. അവസാന രാത്രിയിൽ യോഗം അന്ന് അവസാനിക്കുകയാണെന്ന് അറിയിച്ചു. യോഹ : 3:3-16 വാക്യം ആധാരമാക്കി പ്രസംഗിച്ചു. വലിയ ജനാവലി യോഗത്തിൽ സംബന്ധിച്ചിരുന്നു. യോഗാനന്തരം അനേകർ പാസ്റ്റർ കുക്കിനെ തങ്ങളുടെ ഭവനങ്ങളിലെ രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ക്ഷണിച്ചു. അടുത്ത യോഗം അഞ്ചു മൈൽ ദൂരെയായിരുന്നു. ആ ഗ്രാമത്തിലെ ആളുകൾ തലേ രാത്രി തന്നെ അവിടെ വന്ന് പാസ്റ്റർ കുക്കിനെ കൂട്ടികൊണ്ടുപോകുവാൻ താമസിച്ചു. രാവിലെ പാസ്റ്ററുടെ ലഗേജുകൾ ചുമന്നുകൊണ്ട് അവർ അവരുടെ ഗ്രാമത്തിലേക്കു പോയി.

പാസ്റ്റർ പുറകെ സൈക്കിളിൽ യാത്ര തിരിച്ചു. പുതിയ ഗ്രാമത്തിലേക്കു പോകുന്നതിനു മുമ്പുതന്നെ പല വീടുകളിൽ കയറി പ്രാർത്ഥിച്ചു. ഒരു വഴികാട്ടിയാണ് പ്രാർത്ഥിക്കേണ്ടതായ വീടുകൾ കാട്ടിക്കൊടുത്തത്. ആ ഗ്രാമം വിട്ടുപോകുമ്പോഴേക്ക് സൂര്യന്റെ ചൂട് വളരെ വർദ്ധിച്ചിരുന്നു. വെണ്ണിക്കുളത്തായിരുന്നു അടുത്ത യോഗം. കുന്നും കുഴിയുമുള്ള റോഡുകളിൽ കൂടി വളരെ ബദ്ധപ്പെട്ടു യാത്ര ചെയ്തു മുമ്പോട്ടു പോകേണ്ടിയിരുന്നു. ഒരു മൈൽ ദൂരംകൂടെ ചെന്നാൽ ലക്ഷ്യസ്ഥാനത്തെത്തുമെന്ന് കൂടെയുണ്ടായിരുന്ന സഹായി പറഞ്ഞു. മുമ്പോട്ട് ഒട്ടും പോകുവാൻ വയ്യാത്തതുപോലെ ക്ഷീണം തോന്നി അദ്ദേഹം ഒരു മരച്ചുവട്ടിൽ ഇരുന്നു. അതിനടുത്ത് ഒരു ഗവൺമെന്റ് സ്ക്കൂൾ കെട്ടിടം കണ്ടു. സൈക്കിൾ അവിടെ വച്ചശേഷം സ്ക്കൂളിൽ കയറി ബഞ്ചിൽ അല്പനേരം കിടന്നു. അതി കഠിനമായ ദാഹം തോന്നി. പക്ഷേ അടുത്തുണ്ടായി കിണറ്റിലെ വെള്ളം മലിനമായിരുന്നു. ഒരു മണിക്കൂറിനു ശേഷം ക്ഷീണം മാറിയപ്പോൾ യാത്ര തുടർന്നു. അവിടെ ഒരു കുടിലിൽ സൈക്കിൾ ഏലിപിച്ചിട്ട് അവർക്കു മുമ്പോട്ടു പോകേണ്ടിയിരുന്നു. ചെറിയ നടപ്പാത മാത്രമുള്ള ഒരു ചെറിയ കാട്ടിലുടെയാണ് അവർ നടന്നത്. വളരെ താഴ്ന്ന താഴ്വരകളും ഉയർന്ന കുന്നുകളും കയറണമായിരുന്നു. ഒരു കുന്നിന്റെ മുകളിൽ ചെന്നപ്പോൾ മുള കൊണ്ടും ഓലകൾ കൊണ്ടും നിർമ്മിച്ച ഒരു കുടിൽ കണ്ടു. അതായിരുന്നു യോഗം നടക്കുന്ന സമയത്ത് അവർക്ക് താമസിക്കുവാൻ ഉണ്ടായിരുന്ന കുടിൽ. അതിമനോഹരമായ പ്രകൃതിദൃശ്യങ്ങളായിരുന്നു ചുറ്റും. അവിടെ ചെന്നശേഷം ക്ഷീണം കൊണ്ട് ഒരു കസേരയിൽ വീണുപോയി. പെട്ടെന്ന് പ്രവർത്തകർ കട്ടിൽ കൊണ്ടുവന്നു. പാസ്റ്റർ കുക്ക് കട്ടിലിൽ കിടന്നു. തന്റെ കുടുംബം തന്നോടു കൂടെ ഉണ്ടായിരുന്നെങ്കിൽ എന്നു ചിന്തിച്ചു. അവിടെ വന്നപ്പോൾ ഉണ്ടായ കഠിനമായ ശരീരത്തിന്റെ ക്ഷീണാവസ്ഥയിൽ ബ്രദർ വർഗ്ഗീസ് ഭയപ്പെട്ടുപോയി. എന്നാൽ ദൈവം വിടുതൽ നല്കി. ദൈവം അത്ഭുതകരമായ ശുശ്രൂഷ അവിടെ നിറവേറുവാൻ പാസ്റ്റർ കുക്കിനെ സഹായിച്ചു. ഭക്ഷണം കഴിക്കാതെ അഞ്ചു മൈൽ ദൂരം കഠിനമായ സൂര്യതാപമേറ്റ് നടന്നു കഴിഞ്ഞപ്പോഴേക്കും പാസ്റ്റർ കുക്ക് നന്നെ ക്ഷീണിച്ചിരുന്നു. ദൈവം അത്ഭുതകരമായ വിമുക്തി നല്കുകയും തുടർന്നുള്ള യോഗങ്ങൾ അനുഗ്രഹകരമായി തീരുകയും ചെയ്തു.

വെള്ളിക്കരയിലും അനുഗ്രഹകരമായ സുവിശേഷ വേല നടന്നു. കുമ്പനാട്ടു നിന്നും ഒരു മൈൽ അകലെയാണ് വെള്ളിക്കര. രാവിലെ ബൈബിൾ പഠനവും ഉച്ചസമയത്ത് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും വൈകിട്ട് പ്രസംഗയോഗവും നടന്നു. ഒരു ദിവസം രോഗിയായ ഒരു ബാലനെ സന്ദർശിക്കുവാൻ വേണ്ടി നടന്നുപോകുമ്പോൾ പ്രായമായ മറ്റൊരാളെ കൂടെ കാണണമെന്നു പറഞ്ഞു. വൈകിട്ടാകട്ടെയെന്നു പാസ്റ്റർ കുക്ക് പറഞ്ഞപ്പോൾ വൈകുന്നതിനു മുമ്പു ചിലപ്പോൾ അയാൾ മരിച്ചുപോകുമെന്നു പറഞ്ഞു. അതനുസരിച്ച് ഈ വൃദ്ധനെ കാണുവാൻ ഭവനത്തിൽ കയറിയപ്പോൾ വളരെ വിഷമിച്ച് അന്ത്യശാസം വലിക്കുന്ന ലക്ഷമമാണു കണ്ടത്. അയാളുടെ നാഡിയിടിപ്പ് വളരെ കുറഞ്ഞിരുന്നു. എൺപതു വയസ്സിൽ കൂടുതൽ ഉള്ള ആളായിരുന്നു. അതിനാൽ ഇനി സുഖം പ്രാപിക്കാൻ സാദ്ധ്യത വളരെ കുറവായി തോന്നി. അതിനാൽ ആത്മാവിന്റെ നിത്യതയെപ്പറ്റിയും രക്ഷയെപ്പറ്റിയും പാസ്റ്റർ പറഞ്ഞ് പ്രാർത്ഥിച്ചു. ഈ പറഞ്ഞ കാര്യങ്ങൾ ശരിയായി ഗ്രഹിക്കുവാൻ തന്നെ അയാൾക്കു കഴിയുമായിരുന്നോ എന്നു സംശയമാണ്. എന്നാൽ പ്രാർത്ഥനയ്ക്കു ശേഷം ദൈവം വിടുതൽ നല്കി. അടുത്ത ദിവസം അതുവഴി കടന്നു പോകുമ്പോൾ പാസ്റ്റർ അവിടെ കയറി. അയാളുടെ നിലയ്ക്കു കാര്യമായ വ്യത്യാസം വന്നതായി കണ്ടു. ചോദിച്ചതിനൊക്കെ വ്യക്തമായ ഉത്തരം പറയാനും അയാൾക്കു കഴിഞ്ഞു. കർത്താവിനെ കാണുവാൻ താൻ വ്യഗ്രതയോടെ എന്നാണ് അയാൾ പറഞ്ഞത്. വ്യക്തമായ പ്രത്യാശ അയാളുടെ മുഖത്തുണ്ടായിരുന്നു. അങ്ങനെ പ്രത്യാശയോടെ ഏതാനും ദിവസങ്ങൾ കിടന്നശേഷം അയാൾ നിത്യതയിലേക്കു കടന്നുപോയി.

ഒരു ഞായറാഴ്ച്ച ആരാധനയ്ക്കു മുമ്പ് പിശാചു ബാദയുള്ള ഒരു ബാലികയെ പ്രാർത്ഥനയ്ക്കു കൊണ്ടുവന്നു. ആളുകൾ പ്രസംഗപീഠത്തിനു പുറകിലുള്ള പാസ്റ്റർ കുക്കിന്റെ താമസസ്ഥലത്താണ് യുവതിയെ കൊണ്ടുവന്ന് ആക്കിയത്. ജനങ്ങൾ തടിച്ചുകൂടാതിരിക്കാനാണ് അങ്ങനെ ചെയ്തത്. പാസ്റ്ററുടെ പ്രാർത്ഥനയെ തുടർന്ന് പിശാച് അവളെ വിട്ടുപോകുകയും അവൾ സ്വതന്ത്രയായിതീരുകയും ചെയ്തു. പാസ്റ്റർ അവൾക്ക് ഒരു വേദപുസ്തകം കൊടുത്തിട്ട് മുറിയിൽ തന്നെ ഇരിക്കുവാൻ പറഞ്ഞു. ആരാധനയിൽ ഈ കുട്ടിയുടെ പിതാവ് വളരെ സന്തോഷത്തോടെ കണ്ണുനീർ വർഷിച്ചുകൊണ്ട് തന്റെ മകൾക്കു സൗഖ്യം ലഭിച്ചതിനെപ്പറ്റി സാക്ഷ്യം പറഞ്ഞു. അവിശ്വാസിയായ ഒരാൾ ഈ കുട്ടിയുടെ സാക്ഷ്യം നേരിട്ടു കേൾക്കണെമന്ന് ആവശ്യപ്പെട്ടു. കുട്ടിയെ മുറിയിൽ നിന്നും വിളിച്ചു. അവൾ യോഗത്തിൽ അതിമനോഹരമായ സാക്ഷ്യം പറഞ്ഞു. ഈ സംഭവം ദൈവത്തിനു മഹത്വം കരേറ്റുന്ന വലിയ ഒരു സംഭവമായിരുന്നു. വീട്ടിൽ മടങ്ങിയെത്തിയശേഷം മകൾ അമ്മയോട് അവരുടെ ജീവിതം വിശുദ്ധമുള്ളതാക്കി തീർക്കണമെന്നു പറഞ്ഞു. അമ്മയുടെ വിശുദ്ധിയില്ലാത്ത ജിവിതം മൂലമായിരുന്നു ഈ സംഭവങ്ങൾ ഉണ്ടായത്. രാത്രിയിൽ അസ്വസ്ഥതയില്ലാതെ മകൾ ഉറങ്ങിയാൽ താൻ ജീവിത വിശുദ്ധി പ്രാപിച്ചു ദൈവസന്നിധിയിലേക്കു വരുമെന്നു പ്രതിജ്ഞ എടുത്തു. ഉറങ്ങാൻ പോകുന്നതിനു മുമ്പ് പിതാവും മകളും പ്രാർത്ഥിച്ചു. മകൾ വളരെ ശാന്തമായി ഉറങ്ങി. ഈ സംഭവം അമ്മയെ ചിന്തിപ്പിച്ചു. അവൾ തന്റെ പാപം നിറഞ്ഞ ജീവിത വഴികൾ ഉപേക്ഷിച്ചു. ദൈവവഴിയിലേക്കു തിരിഞ്ഞു. അടുത്ത ദിവസം പനി ബാധിച്ചു വളരെ വിഷമിക്കുന്ന ഒരാൾ തനിക്കുവേണ്ടി തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാട്ടിലേക്കു വരണം എന്നാവശ്യപ്പെട്ടുകൊണ്ട് തന്റെ ഭാര്യയെ അയച്ചു. എന്നാൽ ആ വീട്ടിൽ ചെന്നെത്തുവാനുള്ള വഴിയുടെ ദുർഘടത മനസ്സിലാക്കി പാസ്റ്റർ പോകുവാൻ വിഷമമാണെന്നറിയിച്ചു. ഒരു വസ്ത്രം പ്രാർതഥിച്ചു കൊടുത്തയച്ചു. വീട്ടിൽ ചെന്ന് ഈ വസ്ത്രം രോഗിയുടെ ശരീരത്തിലിട്ടു പ്രാർത്ഥിക്കുവാൻ താല്പര്യപ്പെട്ടു. ഉച്ചയായപ്പോൾ വീണ്ടും ആ സ്ത്രീ പാസ്റ്ററെ കാണുവാൻ വന്നു. അത്യാവശ്യമായി തന്റെ വീട്ടിൽ വന്നു പ്രാർത്ഥിക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. അയാളുടെ നില അത്രമാത്രം വഷളായിരിക്കുന്നു എന്ന് അവർ പറഞ്ഞു. പാസ്റ്റർ നാളെ രാവിലെ വരാമെന്നു പറഞ്ഞ് അയച്ചു. അടുത്ത ദിവസം രാവിലെ തന്നെ പാസ്റ്ററെ കൂട്ടിക്കൊണ്ടു പോകുവാൻ ആ സ്ത്രീ വന്നു. അതികഠിനമായ വഴികളിലൂടെയുള്ള ക്ലേശപൂർണ്ണമായ യാത്രയായിരുന്നു അത്. വലിയ ഒരു മല കയറി ഇറങ്ങി മറ്റൊരു മലയുടെ വശത്തുകൂടി കടന്നുപോകണമായിരുന്നു. അവസാനം രോഗിയുടെ സമീപം എത്തി. പാസ്റ്റർ യാത്രയിൽ വളരെ ക്ഷീണിച്ചിരുന്നു. ധരിച്ചിരുന്ന വസ്ത്രം വിയർപ്പിനാൽ നനഞ്ഞൊലിച്ചിരുന്നു. ധരിച്ചിരുന്ന വസ്ത്രങ്ങൾ മാറി ഉണങ്ങുവാൻ ഇട്ടു. ഇന്ത്യൻ രീതിയിൽ ഒരു മുണ്ട് ഉടുക്കുകയും മറ്റൊരു മേൽമുണ്ട് പുതയ്ക്കുകയും ചെയ്തുകൊണ്ടാണ് വസ്ത്രം ഉണങ്ങുന്നതുവരെ അദ്ദേഹം ഇരുന്നത്. വസ്ത്രങ്ങൾ ഉണങ്ങിയ ശേഷം അതു ധരിച്ചുകൊണ്ട് പാസ്റ്റർ രോഗിയുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. വളരെ അധികം ആളുകൾ ആ വീടിനു ചുറ്റും കൂടിയിരുന്നു. കൈവച്ചു പ്രാർത്ഥിച്ചപ്പോൾ ആ രോഗിയിൽ ദൈവത്തിന്റെ ആത്മാവ് ശക്തിയായി പ്രവർത്തിച്ചു. ദൈവത്തെ സ്തുതിച്ചുകൊണ്ടു രോഗി ചാടി എഴുന്നേറ്റു. അയാൾ വെളിയിലേക്കു ദൈവത്തെ സ്തുതിച്ചുകൊണ്ടെ ഓടി. ഇതിനു ദൃക്സാക്ഷിയായ ഒരാൾ ഞാനിപ്പോൾ ദൈവമുണ്ട് എന്നു വിശ്വസിക്കുന്നു എന്ന് ഉച്ചത്തിൽ പറഞ്ഞു. പാസ്റ്റർ മടങ്ങിപ്പോരുമ്പോൾ ആ കുടുംബത്തിൽ പണം ഒട്ടും ഇല്ലെന്നു മനസ്സിലായി. രോഗിക്കു ആഹാരം വാങ്ങിക്കൊടുക്കുവാൻ വേണ്ടി കുറെ പണം പാസ്റ്റർ ആ സ്ത്രീയുടെ കൈവശം ഏല്പിച്ചിട്ടാണ് തിരിച്ചുപോന്നത്. മടങ്ങിവരുമ്പോൾ പല വീടുകളിലും ജനങ്ങൾ പ്രാർത്ഥനയ്ക്കായി വിളിച്ചു. അവിടെയൊക്കെ പാസ്റ്റർ കയറി പ്രാർത്ഥിച്ചു. താമസസ്ഥലത്തു മടങ്ങിയെത്തി. അന്നത്തെ യോഗം കഴിഞ്ഞ് സ്നാനശുശ്രൂഷ ഉണ്ടായിരുന്നു. ഇരുപത്തിരണ്ടു പേർ സ്നാനപ്പെട്ടു. അതിനുശേഷം തിരുവത്താഴ ശുശ്രൂഷ നടന്നു. തുടർന്ന് ഹൈന്ദവിശ്വാസത്തിൽ നിന്നും ക്രിസ്തുമാർഗ്ഗത്തിലേക്കു വന്ന ഒരു യുവതിയുടെയും യുവാവിന്റെയും വിവാഹം നടത്തി. ഹിന്ദുവിശ്വാസത്തിൽ നിന്നും ക്രിസ്തുവിശ്വാസത്തിലേക്ക് വന്ന മാതാപിതാക്കന്മാരുടെ പന്ത്രണ്ടു കുട്ടികളുടെ പ്രതിഷ്ഠാശുശ്രൂഷയും നടന്നു. ആറുമാസമായി ബധിരയായ ഒരു സ്ത്രീ സുഖം പ്രാപിച്ചതായിരുന്നു മറ്റൊരു സംഭവം. രണ്ടു പുരുഷന്മാരാണ് ആ സ്ത്രീയെ ഒരു പ്രഭാതത്തിൽ കൊണ്ടുവന്നത്. അവളെ ബാധിച്ചിരുന്ന ദുരാത്മാവിനെ ശക്തമായ ഭാഷയിൽ ശാസിച്ചു. അവൾ വീട്ടിലേക്കു മടങ്ങിപ്പോയി. സന്ധ്യയ്ക്ക് ഒരു പനി ഉണ്ടായി. അവൾ അപ്പോൾ ശർദ്ദിക്കുകയും തുടർന്ന് സംസാരശേഷി വീണ്ടെടുക്കുകയും ചെയ്തു. അവരുടെ കൂടെ വന്ന ഒരു പുരുഷൻ ദൈവത്തിലേക്കു തിരിയുകയും സ്നാനപ്പെടുകയും ചെയ്തു. അയാൾ സ്നാനപ്പെട്ടതിനാൽ അനേകരിൽ നിന്നും പീഢ സഹിക്കേണ്ടി വന്നു.

*(തുടരും)*

# അധ്യാപകസംഗമവും ടീനേജ് സെമിനാറും



**കോതമംഗലം:** ഏജി മലയാളം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സംസ്ഥാന അധ്യാപക സംഗമവും ടീനേജ് സെമിനാറും സെപ്റ്റംബർ രണ്ടിനു കോതമംഗലം ഏജി സഭാ ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ പി. ബേബി ഉദ്ഘാടനം ചെയ്തു.

ഡയറക്ടർ സുനിൽ പി. വർഗീസ് അധ്യക്ഷനായിരുന്നു. ബാബു ജോയി ആമുഖ പ്രസംഗവും ട്രഷറർ ബിജു ഡാനിയേൽ വിഷയവതരണവും നടത്തി. പാസ്റ്റർമാരായ രാജീവ് ജോൺ പൂഴനാട്, ജോയി ജോർജ്, ജേക്കബ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. സുവി. പി.സി. തോമസ്, സുവി. ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ ക്ലാസെടുത്തു. പാസ്റ്റർ ജോൺ മാത്യു ഗാനങ്ങൾ ആലപിച്ചു.

## ഓസ്റ്റിൻ വർഷിപ്പ് സെൻറർ കൺവൻഷൻ



ഡോ. ജോർജ് കോവൂർ

**ടെക്സസ്:** ഓസ്റ്റിൻ വർഷിപ്പ് സെൻററിന്റെ ആഭിമുഖ്യത്തിൽ വാർഷിക കൺവൻഷൻ റിവൈവൽ ഒക്ടോബർ 13 മുതൽ 15 വരെ നടക്കും. ഡോ. ജോർജ് കോവൂർ യോഗങ്ങളിൽ മുഖ്യ പ്രഭാഷണം നടത്തും. വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 9 വരെ റൗണ്ട് റോഡ് പാം വാലി ലൂതറൻ ചർച്ച് അങ്കണത്തിൽ പൊതുയോഗം ഉണ്ടായിരിക്കും. സെൻറർ ക്വയർ വിവിധ ഭാഷകളിൽ ഗാനങ്ങൾ ആലപിക്കും. സീനിയർ പാസ്റ്റർ ജെയിംസ് പൊന്നോലിൽ, സഭാ സെക്രട്ടറി ബാബു ജോർജ്, ട്രഷറാർ അലക്സ് ജോർജ്, ഇവാഞ്ചലിസം കോർഡിനേറ്റർ റൊണാൾഡ് കുര്യൻ തുടങ്ങിയവർ ത്രിദിന കൺവൻഷന് നേതൃത്വം നൽകും.

## മെഗാബൈബിൾ ക്വിസ്

**ബെംഗളുരു:** പി.വൈ.പി.എ ബാംഗ്ലൂർ സൗത്ത് സെന്റർ ആഭിമുഖ്യത്തിൽ നവംബർ 11–ന് 9 മുതൽ 4 വരെ വിവേക നഗർ ഐ.പി.സി എബനേസർ ചർച്ച് ഹാളിൽ വെച്ച് മെഗാബൈബിൽ ക്വിസ് 2017 മത്സരം നടത്തുന്നു. ഉല്പത്തി, 2 ശമുവേൽ, ആമോസ്, അപ്പൊസ്തല പ്രവർത്തികൾ, എബ്രായർ എന്നീ അദ്ധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇംഗ്ലീഷ്, മലയാളം, കന്നട ഭാഷയിൽ നടക്കുന്ന മത്സരത്തിൽ മൂന്ന് അംഗങ്ങൾക്ക് ഒരു ടീമിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന ടീമിന് മുന്നൂറ് രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഒന്ന് മുതൽ അഞ്ച് സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ടീമിന് ക്യാഷ് പ്രൈസ് സമ്മാനമായ് നൽകും. പി.വൈ.പി.എ സൗത്ത് സെന്റർ സെക്രട്ടറി ജിബിൻ ഫിലിപ്പ് ജോർജ്, ജനറൽ കൺവീനർ ഏബ്രഹാം പണിക്കർ, ബ്രദർ പോൾ പി. ചാക്കോ എന്നിവർ നേതൃത്വം നൽകും കൂടുതൽ വിവരങ്ങൾക്ക് – 8884943940.






# ആത്മീയ സമ്മേളനങ്ങളുടെ നടത്തിപ്പ്



പാസ്റ്റർ ഓ.ജെ. മാത്യു
8281292249

**പെ**ന്തെക്കോസ്തു സഭകളിൽ ലോക്കൽ തലം മുതൽ ജനറൽ തലംവരെ ഓരോ വർഷവും അനവധി സമ്മേളനങ്ങളും സെമിനാറുകളും വാർഷീക കൺവൻഷനുകളും നടക്കുക പതിവാണല്ലോ. ഈ സമ്മേളനങ്ങളുടെ നടത്തിപ്പിന് എഴുതപ്പെട്ട പ്രമാണങ്ങൾ ഒന്നും തന്നെയില്ല. എന്നിരുന്നാലും പൊതുവായ ചില കാര്യങ്ങൾ പിന്തുടരാറുണ്ട്. എന്നാൽ പലപ്പോഴും അരോചകത്വം തോന്നിയ ചില കാര്യങ്ങൾ പൊതുവിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഈ വരികൾ കുറിക്കുന്നത്.

ആരെ ഒക്കെയോ തൃപ്തിപ്പെടുത്തുവാനെന്നവണ്ണം കാര്യപരിപാടി തയ്യാറാക്കുന്നതായി കണ്ടു വരുന്നു. ചിലരെ ഉൾപ്പെടുത്തിയില്ലായെങ്കിൽ അവരുടെ നിസ്സഹരണം നേരിടേണ്ടിവരും എന്ന് സംഘാടകർ ഭയപ്പെടുന്നു എന്ന തോന്നലാണ് ഉളവാക്കുന്നത്. അവസരം കൊടുക്കാത്ത പക്ഷം പരിഭവിക്കുന്നവരും ഉണ്ട് എന്ന സത്യം മറുവശത്തുണ്ട്. ഉപവാസ പ്രാർത്ഥനകളുടെ സമാപനസമ്മേളനത്തിൽ ആശംസ നേരുവാൻ ആളുകൾ തയ്യാറാവുന്നു അഥവാ പറയിപ്പിക്കുന്നു. ഇത്തരത്തിലുള്ള പ്രവണത ഒഴിവാക്കേണ്ടതല്ലേ! സാംസ്കാരിക സമ്മേളനത്തിലോ വാർഷീക മീറ്റിംഗുകൾക്കോ ആകുന്നു എങ്കിൽ സാരമില്ല എന്നു വയ്ക്കാം. എന്നാൽ ആശംസക്കാർ മാറി നിൽക്കുവാൻ തയ്യാറാവുകയുമില്ല. എന്നിട്ട് മേനിക്ക് പറയും, “ഞാൻ ഇങ്ങനെ ഒരവസരം പ്രതീക്ഷിച്ചിരുന്നില്ല.” എന്തുചെയ്യാം അവർ നിർബന്ധിതരാണെന്നാണ് വിവക്ഷിക്കുന്നത്. സത്യം അതല്ല എന്നു വരികിലും.

ഒരു പ്രാദേശിക സഭയുടെ പുത്രികാസംഘടനകളുടെ വാർഷീക മീറ്റിംഗ്. വിശിഷ്ടാതിഥിയായി ഒരാൾ എത്തിച്ചേർന്നിട്ടുണ്ട്. തനിക്കില്ലാത്ത യോഗ്യതകൾ ഒന്നൊന്നായി അദ്ധ്യക്ഷൻ വർണ്ണിച്ചു കേൾപ്പിച്ചു. ഒടുവിൽ വിശിഷ്ട അതിഥി പ്രസംഗിക്കേണ്ട അവസരം വന്നു. താൻ ആരംഭത്തിൽത്തന്നെ പറഞ്ഞത്, “ഇന്ന് മുഖ്യസന്ദേശം ഞാൻ നൽകണമെന്ന് പ്രോഗ്രാം ഷീറ്റിൽ നിന്നും വായിച്ചപ്പോൾ ഞെട്ടിപ്പോയി” എന്തിനു ഞെട്ടണം? പിന്നെന്തിനാ അദ്ദേഹം വേഷം കെട്ടി വന്നത്. ഇതൊക്കെ ഒരു നമ്പറല്ലേ. ചുമതലപ്പെട്ടവർ താൻ എന്തു ചെയ്യേണം എന്ന് അറിയിച്ചില്ലാ എന്നുണ്ടോ?

സ്റ്റേജിലെ നേതൃബാഹുല്യമാണ് മറ്റൊരു മേഖല. നല്ല പങ്കിനും സ്റ്റേജിൽ തന്നെ ഉപവിഷ്ടരാകണം എന്ന താൽപ്പര്യം വച്ചു പുലർത്തുന്നവരാണ് പലരും എന്ന് നിരീക്ഷണത്തിൽ മനസ്സിലാകുന്നു. സംഘാടകരിൽ പ്രധാനപ്പെട്ടവരും അതിഥിയോ അതിഥികളോ മാത്രം സ്റ്റേജിൽ ഇരിക്കുകയും മറ്റുള്ളവർ സദസ്സിന്റെ ഭാഗം ആവുകയും ചെയ്യുന്നതല്ലേ ഏറ്റവും ഭംഗി. നേതൃബാഹുല്യത്താൽ രാഷ്ട്രീയ പാർട്ടികളുടെ സ്റ്റേജ് തകർന്നു വീണ സംഭവം വായിച്ചതോർക്കുന്നു. അതിനും നാം പ്രതിവിധി കാണുന്നവരാണ്. നമ്മുടെ സ്റ്റേജുകൾ കോൺക്രീറ്റ് നിർമ്മിതമാണല്ലോ. അപ്പോൾ ഭയക്കേണ്ടതില്ല. എന്നിട്ടും ആളുകളെ ഉൾക്കൊള്ളാൻ മതിയാകാതെ വരുന്നു. സ്റ്റേജിൽ ഉപവിഷ്ടരായി നോക്കുകുത്തികളായവരുടെ അവസ്ഥ പലപ്പോഴും പരിതാപകരവും അപലനീയവുമാണ്. സ്റ്റേജിൽ ഇരുത്തുന്നവരുടെ സംഖ്യ പരിമിതപ്പെടുത്തേണ്ടതാണ് എന്നൊരു നിർദ്ദേശം മുൻപോട്ടു വയ്ക്കുന്നു.

വ്യക്തി പ്രശംസ പലപ്പോഴും അതിരുലംഘിക്കുന്നതായി കണ്ടുവരുന്നു. ചാക്കോച്ചൻ തോമാച്ചനേയും വർഗ്ഗീസിനേയും പുകഴ്ത്തിപ്പറയും. അവർ തിരിച്ചും. ചിലരുടെ അഭിവാദന രീതിയാണ് സഹിക്കുവാൻ പറ്റാത്തത്. മീറ്റിംഗിൽ ഉപവിഷ്ടരായിക്കുന്ന മഹാജനങ്ങളേയും വന്നു ചേർന്നിട്ടില്ലാത്തവരേയും വരുവാൻ സാദ്ധ്യതയുള്ളവരേയും ചേർത്ത് വന്ദനം പറഞ്ഞാലേ ചിലർക്ക് തൃപ്തിവരൂ. ചുരുക്കിപ്പറഞ്ഞാൽ കേൾവിക്കാരൻ ബോറടിക്കയില്ല. അല്ലാത്ത പക്ഷം ഇതൊന്നു നിർത്തികിട്ടിയാൽ നന്നായിരുന്നു എന്നു തോന്നിപ്പോകുന്ന അവസ്ഥ പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഒരു മഹാസമ്മേളനത്തോടനുബന്ധിച്ച് നടന്ന സംസ്ക്കാരിക യുവജന സമ്മേളനത്തിൽ പ്രധാനസന്ദേശം ക്ഷണിക്കപ്പെട്ട ദൈവദാസൻ ചെയ്യുന്നു. അതിന്റെ ഇടയിൽ അതാ ഉത്ഘാടകനായ മന്ത്രി ആഗതനായി. മന്ത്രി താമസിച്ചു എത്തിയതിനാൽ ഉത്ഘാടനം നടത്താതെ തന്നെ പരിപാടികൾ ആരംഭിച്ചിരുന്നു. അതു നന്നായെന്നു തോന്നുന്നു. മന്ത്രിയുടെ ആഗമനത്തിൽ സംഘാടകരും വേദിയിൽ ഇരുന്നിരുന്ന ചിലരും അതിന്റെ പിന്നാലെ കൂടി. എന്നാൽ പ്രസംഗകൻ അതിൽ ശ്രദ്ധ കൊടുക്കാതെ തന്റെ പ്രസംഗം തുടർന്നത് പ്രശംസിച്ചു പറഞ്ഞത് ശ്രദ്ധയിൽ വന്നു. ദൈവസാന്നിധ്യമാണ് മന്ത്രിയേക്കാളും നാം വിലമതിക്കേണ്ടത്. മീറ്റിംഗിന്റെ പകുതിക്ക് ഉത്ഘാടനം നടത്തി മന്ത്രിസ്ഥലം വിട്ടു. (അദ്ദേഹത്തിന്റെ അടുത്തവേദി ദൈവമക്കളുടെ ശത്രുക്കളുടേതാകാം). രാജാവിനേക്കാൾ രാജഭക്തി പ്രകടിപ്പിക്കുന്നവർ ആകുവാൻ പാടില്ല.

ശ്രദ്ധ ചെലുത്തേണ്ട മറ്റൊരു മേഖല ശബ്ദവ്യത്യാസമാണ്. ഇക്കാലത്ത് ആധുനിക ഇലക്ട്രോണിക് സംവിധാനങ്ങൾ സുലഭമാണ്. നാം പറയുന്ന ചെറുശബ്ദം പോലും ഒപ്പിയെടുത്ത് കേൾവിക്കാർക്ക് എത്തിച്ചു കൊടുക്കുവാൻ ഇന്ന് സംവിധാനം ഉണ്ട്. എന്നിരുന്നാലും മൈക്കിന്റെ മുൻപിൽ അലറി വിളിച്ചാലേ ചിലർക്ക് തൃപ്തിവരികയുള്ളൂ. നാം പൊതുവേ ആത്മീയ ആവേശം പ്രകടിപ്പിക്കുന്നവരാണല്ലോ. എന്നാൽ പരിധിക്കപ്പുറമായി ശബ്ദം സൃഷ്ടിച്ചാൽ അധികം താമസിക്കാതെ അനേകർ ബധിരൻ ആകുവാനുള്ള സാദ്ധ്യതയുണ്ടെന്നു തോന്നുന്നു. പരിശുദ്ധാത്മ നിറവിന്റെ പേരിൽ നാം ആവേശത്തോടെ പറയുന്നത് ആളുകൾക്ക് തിരിയാതെ വന്നാൽ അങ്ങനെ ചെയ്യുന്നതു കൊണ്ട് എന്താണു ലാഭം? മറ്റു മതപ്രഭാഷകരെ ശ്രദ്ധിക്കൂ. അവർ ജനങ്ങൾക്ക് മനസ്സിലാകത്തക്കവണ്ണം സാവകാശമായി പറഞ്ഞ് സമർത്ഥിക്കുന്നു. ആവേശം തെറ്റല്ല. എന്നാൽ മൈക്കിൽ കൂടി പ്രകടിപ്പിക്കുന്ന അമിതാവേശം ആർക്കും ഗുണം ചെയ്യുകയില്ല എന്നു ഓർത്തിരിക്കുന്നത് നല്ലതാണ്. ആരാധനയുടെ മദ്ധ്യേ രണ്ടു കാതും അടയ്ക്കേണ്ടി വന്ന അവസ്ഥ ഈയുള്ളവന് ഉണ്ടായിട്ടുണ്ട്.

ചില പാസ്റ്റർമാർക്ക് തൊണ്ടകീറി പറയുന്നതിലാണ് സംതൃപ്തി. പാവം വിശ്വാസികൾ സഹിക്കുക അല്ലാതെ മറ്റെന്തു ചെയ്വാനാണ്. ഞായറാഴ്ച മാത്രം സഹിച്ചാൽ മതിയല്ലോ എന്നോർത്ത് ആശ്വസിക്കുന്നുണ്ടാകും. പാസ്റ്റർ ആത്മീയ ആവേശത്തിൽ ആകുമ്പോൾ വിശ്വാസികളുടെ കൈയ്യടി ഉച്ചസ്ഥായിലാകും. പിന്നെത്തെ പൂരം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ആത്മാവിൽ ആരാധിക്കുന്നതിന് എതിരായിട്ടല്ല ഇതു പറയുന്നത്. പ്രസംഗത്തിൽ പാലിക്കേണ്ട സംയമനം ആണ് ഉദ്ദേശിക്കുന്നത്. ചില ആഴ്ചകൾ കഴിയുമ്പോൾ വീണ്ടും കൺവൻഷൻ സീസൺ കേരളത്തിൽ ആരംഭിക്കുകയാണല്ലോ. നാം അൽപ്പം ശ്രദ്ധ കൊടുത്താൽ നമ്മുടെ ആത്മീയ സമ്മേളനങ്ങൾ പൊതുജനങ്ങളെ ആകർഷിക്കുന്നതാകും. അതിനു രണ്ടു പക്ഷമില്ല.

കവിത

# പൂവും മുള്ളും

അനി ജോസഫ് കല്ലയം, തിരുവനന്തപുരം

മനമുരുകി ഞാനാ പവിഴമല്ലി പൂക്കുന്ന
മലഞ്ചരുവിലേക്കു ചെന്നു.
ദൂരവേ കണ്ടു ഞാൻ കുഞ്ഞിളം കാറ്റിൽ
മന്ദമായ് ചാഞ്ചാടും ഒരു ചെറുപൂവിനെ
അതിനെ കൈക്കലാക്കുവാൻ
വെമ്പി ഞാൻ വേഗത്തിൽ ഗമിക്കവെ
അടുത്തേയ്ക്കു ചെല്ലുമ്പോൾ ഞാനറിഞ്ഞു
ഒരു ചെറു പൂവാണവിടെ കണ്ടതെങ്കിലും
ചുറ്റുമനേകം മുള്ളുകൾ പൂവിനു വേണ്ടി
ധീരതയോടെ കാവലായ് നിൽപ്പുണ്ടവിടെ
അതിയായ ആഹ്ലാദത്തോടടുത്തു ചെന്ന ഞാൻ
അതിലേറെ നിരാശനായ് നിന്നു പോയി
ഒരു നിമിഷം ചിന്തയിൽ മുഴുകി ഞാൻ നിൽക്കവെ
സർവ്വത്തിൽ ഉടയോൻ തന്നെനിക്കു നവ്യമായൊരാലോചന
കുഞ്ഞേ നീയൊരു പനിനീർപുഷ്പം - ശത്രു
നിന്നെയടർത്തുവാൻ നിന്നോടടുത്ത് വന്നിടുമ്പോൾ
നിനക്കു മുള്ളെന്നു തോന്നുന്നയനേകം സഹനങ്ങൾ
നിൻ ജീവിതത്തിൽ ചുറ്റുമായ് നിന്നിടുന്നു
നിന്റെ യൗവ്വനത്തിലെ ശോഭയും നറുമണവും
എന്തിനു ശത്രുവിനു കൊടുക്കുന്നു
നിന്റെയീ സഹനത്തെ സഹിച്ചാൽ ശത്രു
നിന്റെയടുക്കൽ കടന്നു വരികില്ലൊരിക്കലും
മുള്ളും നിനക്ക് മൃദുവായി മാറുംകാലം സമാഗമമായിടുന്നു
ശത്രുവായവൻ നിന്നെക്കശക്കിയെറിഞ്ഞിടാൻ
എത്ര വട്ടം വന്നു നിൻ ജീവിതത്തിൽ
വിട്ടുകൊടുക്കില്ല നിന്നെ പ്രിയ പൈതലേ
വഴി വിട്ടു ജീവിക്കാതിരിക്കുവാൻ നിനക്കു വന്നയീ സഹനങ്ങളെ
ഓർത്തു സ്തുതിച്ചീടുക നിൻ ദൈവത്തെ.

## അക്കാദമി പുരസ്ക്കാരം ജോർജ് കോശിക്ക്



**അങ്കമാലി:** സാഹിത്യ രംഗത്തെ സമഗ്ര സംഭാവനക്കുള്ള ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ മഹാകവി കെ.വി.സൈമൺ അവാർഡ് ജോർജ്ജ് കോശി മൈലപ്രയ്ക്ക് ലഭിച്ചു. 'പോകാം വിശുദ്ധ നാട്ടിലേക്ക്' എന്ന ജോർജ്ജ് കോശിയുടെ യാത്രാവിവരണ ഗ്രന്ഥമാണ് അവാർഡിന് അർഹമായത്. മനോരമ ബുക്ക്സാണ് ഈ ഗ്രന്ഥത്തിന്റെ പ്രസാധകർ. ബാലസാഹിത്യം, കീർത്തനം, ദൈവശാസ്ത്രം, ചരിത്രം തുടങ്ങിയ മേഖലകളിൽ പതിറ്റാണ്ടുകളായി ജോർജ്ജ് കോശി ചെയ്തുവരുന്ന സേവനങ്ങളെ അക്കാദമി വിലയിരുത്തി. സെപ്തംബർ 10ന് നാസ് ഓഡിറ്റോറിയത്തിൽ നടന്ന 'സ്മൃതി സന്ധ്യ' പ്രോഗ്രാമിൽ പ്രശസ്ത ഗാനരചയിതാവ് ജോർജ്ജ് പീറ്റർ ചിറ്റൂർ, ജോർജ്ജ് കോശിക്ക് അവാർഡും പ്രശസ്തി പത്രവും സമ്മാനിച്ചു. സംഘാടകരായ ഫിബാ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

അക്കാദമി പ്രസിഡന്റ് ജെ.സി. ദേവ് ഉദ്ഘാടനം ചെയ്തു. ജോയ് ജോൺ അധ്യക്ഷത വഹിച്ചു. ടോണി ഡി.ചെവ്വൂക്കാരൻ അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി. വർഗ്ഗീസ് കുര്യൻ പ്രസംഗിച്ചു. 'നല്ല പോർ പൊരുതിയവർ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം എം.എ. ജോയി, ഇ.ജെ.പൈലിക്ക് നൽകി നിർവ്വഹിച്ചു. ലിജോ വർഗീസ് പാലമറ്റം കൃതജ്ഞത രേഖപ്പെടുത്തി.

## പ്രെയർ ബോർഡ് പ്രാർത്ഥനാ സംഗമം



കോട്ടയം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ ബോർഡിന്റെ നേതൃത്വത്തിൽ എറണാകുളം മേഖലാ പ്രാർത്ഥനാ സംഗമം മാമംഗലം ദൈവസഭാ ഹാളിൽ നടന്നു. പ്രെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ വി.പി.തോമസ്, വൈപിഇ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ എ.റ്റി.ജോസഫ് എന്നിവർ വചനശുശ്രൂഷ നിർവഹിച്ചു. പ്രെയർ ബോർഡ് ജോയിന്റ് ഡയറക്ടർ പാസ്റ്റർ ഇ.എസ്.ജോൺ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ വർഗീസ് ഈപ്പൻ, ബോർഡ് അംഗങ്ങളായ പാസ്റ്റേഴ്സ് സി.ഐ.തോമസ്, തോമസ് ജോർജ്, എം.ഇ.റെജി എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പാസ്റ്റർമാരായ കെ.എ.ഡേവിഡ്, കെ.എ.ജയിംസ് എന്നിവർ ഗാനശുശ്രൂഷ നയിച്ചു.



വടകോട് കൺവൻഷനിൽ പാസ്റ്റർ ഫിന്നി ജോസഫ് പ്രസംഗിക്കുന്നു

## വടകോട് കൺവൻഷൻ

**കൊട്ടാരക്കര:** ഇൻഡ്യ ദൈവസഭാ കൊട്ടാരക്കര ഡിസ്ട്രിക്റ്റിന്റെയും വടകോട് സഭയുടെയും സംയുക്താഭിമുഖ്യത്തിൽ വടകോട് ദൈവസഭാ ഗ്രൗണ്ടിൽ സുവിശേഷ യോഗങ്ങൾ നടന്നു. ഡിസ്ട്രിക് പാസ്റ്റർ ഏബ്രഹാം മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റെജി ശാസ്താംകോട്ടാ, പാസ്റ്റർ ഫിന്നി ജോസഫ്, പുത്തൂർ പാസ്റ്റർ പി.കെ മാത്യു എന്നിവർ പ്രസംഗിച്ചു. റിവൈവൽ സിംഗേഴ്സ് കൊട്ടാരക്കര ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ കുഞ്ഞുമോൻ പാപ്പച്ചൻ, പാസ്റ്റർ തോമസ് ജോർജ് തുടങ്ങിയവർ നേതൃത്വം നല്കി.


Sera Designs


Pakkil.P.O,Kottayam - 12

Expert in all kinds of designing

ഫോട്ടോ ഫ്രെയിമിംഗ്, ഫ്ളെക്സ് ബോർഡ്, ലാമിനേഷൻ, മഗ് പ്രിന്റിംഗ്, ടീ-ഷർട്ട്, പ്ലെയ്റ്റ് പ്രിന്റിംഗ്, ഡി.റ്റി.പി., ഐ.ടി കാർഡ്, വിസിറ്റിംഗ് കാർഡ് വർക്കുകൾ ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു.

Contact
9496801531
E-mail: seragraphics007@gmail.com





ആലപ്പുഴ പുന്നമടക്കായലിൽ ഉല്ലാസ യാത്രയ്ക്ക് ആലപ്പുഴയിലെ No.1 ഹൗസ് ബോട്ട് ഉടമകളായ ബെഥേൽ ടൂറിൽ നിന്നും കുറഞ്ഞ നിരക്കിൽ ഹൗസ് ബോട്ടുകൾ ലഭിക്കുന്നു.





സബ്സിഡിയോടുകൂടി സോളർ പ്ലാന്റുകൾ ചെയ്തുകൊടുക്കുന്നു. കൂടാതെ Exide, Amaron Tubular & Automotive ബാറ്ററികൾ, ഇൻവർട്ടറുകൾ RO വാട്ടർ പ്യൂരിഫയറുകൾ മുതലായവ മിതമായ നിരക്കിൽ ലഭിക്കുന്നു.

ഇൻവർട്ടറുകൾക്കും ബാറ്ററികൾക്കും 5 Yrs. റീപ്ലെയ്സ്മെന്റ് വാറണ്ടി ഉണ്ടായിരിക്കുന്നതാണ്.

Amaron Exide Authorised Dealer:
BETHEL BATTERIES, INVERTERS & UPS
ERNAKULAM & ALAPPUZHA
Ph: 9562451164, 9446616859, 0477-2231494
ALL KERALA SERVICE AVAILABLE

# നിത്യതയിൽ

### പാസ്റ്റർ ഇ.എം. കുരുവിള



**എടത്വ:** ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ എടത്വ മനയിൽ ഇരുപത്താറിൽ പസ്റ്റർ ഇ.എം കുരുവിള (ബേബിച്ചൻ-75) നിത്യതയിൽ പ്രവേശിച്ചു. ന്യൂ ഇൻഡ്യാ ദൈവസഭയുടെ സണ്ടേസ്കൂൾ ഡയറക്ടറും, കുട്ടനാട് സെന്റർ ശുശ്രൂഷകനും, സഭയുടെ കേന്ദ്ര സംസ്ഥാന കൗൺസിൽ അംഗവുമായിരുന്നു.

മുളക്കുഴ മൗണ്ട് സയോൺ സെമിനാരിയിലെ പഠനശേഷം ചർച്ച് ഓഫ് ഗോഡിന്റെ ശുശ്രൂഷകനായി കീക്കോഴൂർ, എറണാകുളം, അതിരുങ്കൽ, ഇടമൺ, മേപ്രാൽ, മഴുക്കീർ എന്നീ സഭകളുടെ ശുശ്രൂഷകനായി. ആ സമയത്ത് കാരാഴ്മാ, ആനപ്രമ്പാൽ ബൈബിൾ സ്കൂളുകളിൽ അദ്ധ്യാപകനുമായിരുന്നു. ദൈവസഭയുടെ കൗൺസിൽ അംഗമായും ഡിസ്ട്രിക്ട് പാസ്റ്ററായും സേവനം ചെയ്തു.

1984 മുതൽ ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സഭയുമായി ചേർന്ന് റാന്നി ബഥേൽ, തൈമറവുംകര, അഞ്ചാനി, ചങ്ങനാശേരി, ഇരുവള്ളിപ്ര തുടങ്ങിയ സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചു. തുടർന്ന് സ്വദേശമായ എടത്വയിൽ സഭ സ്ഥാപിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് വരുകയായിരുന്നു. ചങ്ങനാശേരി, റാന്നി, തിരുവല്ല, കോട്ടയം, മൂന്നാർ, കൊല്ലം തുടങ്ങിയ സെന്ററുകളുടെ ശുശ്രൂഷകനായും പ്രവർത്തിച്ചു.


ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് ആസ്ഥാനമായ ചിങ്ങവനം ബെഥേസ്ഥ നഗറിലെ സംസ്കാര ശുശ്രൂഷകൾക്കു ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ഭവനത്തിലെ ശുശ്രൂഷകൾക്ക് സഭാ ശുശ്രൂഷകനും സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡ് സഭാ പ്രസിഡന്റ് പാസ്റ്റർ വി.എ തമ്പി നേതൃത്വം നല്കി. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സഭയെ പ്രതിനിധികരിച്ച് ഓവർസിയർ പാസ്റ്റർ സി.സി. തോമസും, കർണ്ണാടകാ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയും ഭവനത്തിലും സെമിത്തേരിയിലുമെത്തി അനുശോചനം രേഖപ്പെടുത്തി. ഭാര്യ : റെയ്ച്ചൽ കുരുവിള. മക്കൾ: ഹെപ്സി, അക്സ, പ്രിസ്ക (മൂവരും യുഎസ്എ). പാസ്റ്റർ ഫിന്നി കുരുവിള. മരുമക്കൾ: ഏഴംകുളം കണിയാംപറമ്പിൽ സാം തോമസ്, റാന്നി കോടംകണ്ടത്തിൽ തോമസ് കെ. ജോർജ്, ഓതറ തൈമറവുംകര വാലിയിൽ വി.ഓ ജോൺസൻ (മൂവരും യുഎസ്എ). പാക്കിൽ അമരപറമ്പിൽ ഷീമോൾ.

### മേരി ചാക്കോ



**റാന്നി:** മന്ദമരുതി കണ്ണങ്കര പരേതനായ കെ.റ്റി.ചാക്കോ സാറിന്റെ ഭാര്യ റിട്ടയേർഡ് അദ്ധ്യാപികയും വട്ടാർക്കയം ചർച്ച് ഓഫ് ഗോഡ് സഭാംഗവുമായ മേരി ചാക്കോ (76) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് നിർവ്വഹിച്ചു. പാസ്റ്റർ പി.എ.മാത്യു ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.സി.ചെറിയാൻ, ജെ. ജോസഫ്, ഷിബു കെ.മാത്യു, ഏ.റ്റി. ജോസഫ്, ജോസ് ബേബി, റ്റി.എം. മാമച്ചൻ, തോമസുകുട്ടി ഏബ്രഹാം തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ ഷേർളി, ഡോ. ഷാന്റി ചാക്കോ, ഷൈനി, ഷോളി (ന്യൂയോർക്ക്) മരുമക്കൾ ഷാജി, അജി, ജോർജുകുട്ടി, ഷിബു.

### കെ.വി.ചാക്കോ



**വാഴൂർ:** 14-ാം മൈൽ ചർച്ച് ഓഫ് ഗോഡ് സഭാംഗവും, പുളിക്കകവല കുടുംമ്പിശേരിയിൽ അംഗവുമായ കെ.വി. ചാക്കോ (ജോയി സാർ-82) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ സഭയുടെ സെമിത്തേരിയിൽ കർണാടക സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ നടത്തി. കേരളാ സ്റ്റേറ്റ് ഓവർസീയർ റവ. സി.സി. തോമസ് ഭവനം സന്ദർശിച്ച് ആശ്വാസ വാക്കുകൾ പറഞ്ഞ് പ്രാർത്ഥിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ ശാമുവേൽ ഫിലിപ്പ്, സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ.കെ. ഐസക്ക് എന്നിവർ ഭവനത്തിലും സെമിത്തേരിയിലും ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. 14-ാം മൈൽ ദൈവസഭയുടെ ആരംഭകാല പ്രവർത്തകനായിരുന്ന വെച്ചുച്ചിറ പുത്തൻപറമ്പിൽ കുടുംബാംഗവുമായ മറിയാമ്മയാണ് (അമ്മിണി) ഭാര്യ. ദോഹ, സൗദി അറേബ്യ എന്നിവിടങ്ങളിൽ നിന്ന് അനവധി പേർ ശുശ്രൂഷയിൽ സഹകരിച്ചു ദോഹ എ.ജി. സഭയുടെ പാസ്റ്റർ, ദോഹ ദൈവ സഭാ അസോസിയേറ്റ് പാസ്റ്റർ എം.വി. ജോർജ്, പാസ്റ്റർ വൈ. റെജി തുടങ്ങിയവർ അനുശോചിച്ചു. മക്കൾ: ലൈലാമ്മ സാമു, ലാലി കോശി (സൗദി), ലാലു ജേക്കബ് (ദോഹ), ലിജു ഏബ്രഹാം ജേക്കബ് (സൗദി). മരുമക്കൾ: സാമു തോമസ്, കോശി വർഗീസ്, മേഴ്സി ലാലു, ജെസ്സി ലിജു.

### മറിയക്കുട്ടി



**പുൽപ്പള്ളി:** ശശിമല ഏ.ജി സഭാംഗം പള്ളിപ്പാട്ട് മറിയക്കുട്ടി (98) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരശുശ്രൂഷ തിരുവാലി ഏ.ജി സഭാ സെമിത്തേരിയിൽ നടത്തി. പാസ്റ്റർ പി.വി.മാത്യു ശുശ്രൂഷകൾ നിയന്ത്രിച്ചു. പാസ്റ്റർ പി. എം.ജോർജ്ജുകുട്ടി സംസ്ക്കാര ശുശ്രൂഷ നടത്തി. പരേത പുൽപ്പള്ളി ഏ.ജി സഭയിലെ ആദികാല വിശ്വാസി ആയിരുന്നു. കഴിഞ്ഞ 15 വർഷമായി തിരുവാലി ബഥേൽ ആശ്രമത്തിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. പാസ്റ്റർമാരായ ഇ.വി.പീലിക്കുഞ്ഞ്, പ്രകാശ് സ്റ്റീഫൻ, മാത്യു ലാൽ, ഇ.എം. ചെറിയാൻ, ബിജു തോമസ്, ബിജോയി, ആശ്രമത്തിലെ മുൻ പ്രസിഡന്റ് സിസ്റ്റർ ഏലിയാമ്മ ജേക്കബ് എന്നിവർ പ്രസംഗിച്ചു. സഭാ വ്യത്യാസമെന്യേ പാസ്റ്റേഴ്സും വിശ്വാസികളും സഹകരിച്ചു. മക്കൾ : തോമസ് ശാന്ത. മരുമകൾ: ലൂസി

### പാസ്റ്റർ എം തങ്കച്ചൻ കരിക്കം



**കുണ്ടറ:** ചർച്ച് ഓഫ് ഗോഡ് സഭാംഗവും ജനറൽ മിനിസ്റ്ററുമായ പാസ്റ്റർ എം.തങ്കച്ചൻ കരിക്കം (52) നിത്യതയിൽ ചേർക്കപെട്ടു. സംസ്കരശുശ്രൂഷ കുണ്ടറ ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭയുടെ അദ്ധ്യക്ഷതയിൽ കിള്ളൂർ ചർച്ച് ഓഫ് ഗോഡ് സഭയുടെ കരിക്കത്തുള്ള സെമിത്തേരിയിൽ നടത്തി.

### കെ.വി. വർഗീസ്



**കോട്ടയം:** അരീപ്പറമ്പ് കളപ്പുരയ്ക്കൽ കെ.വി. വർഗീസ് (കുട്ടപ്പൻ 92) നിര്യാതനായി. സംസ്കാരം അരീപ്പറമ്പ് ഐപിസി ശാലേം സഭാ ഹാളിൽ ശുശ്രൂഷയ്ക്ക് ശേഷം ഐപിസി സെമിത്തേരിയിൽ നടത്തി. ഭാര്യ: വെള്ളൂർ വടക്കേക്കര പരേതയായ ഏലിയാമ്മ. മക്കൾ: പാസ്റ്റർ കെ. വി. സാമുവൽ (ഫെയ്ത്ത് സിറ്റി സഭ, തിരുവനന്തപുരം), കെ.വി. രാജു (ഗുഡ്ന്യൂസ് വാരിക, നേർവീഥി മാഗസിൻ), ലീലാമ്മ, സാലിക്കുട്ടി, ശലോമ (യുഎസ്സ്), ബീന. മരുമക്കൾ: എലിസബത്ത്, ജയ (കട്ടപ്പന പോസ്റ്റ് ഓഫീസ്), പി. ജെ. സ്കറിയ (കിളിരൂർ പതിനെട്ടിൽ), റോയ് (മസ്കറ്റ്), ബിജു (ലക്നൗ).

### മേരി ജോൺ



**ഇടയാറന്മുള:** വടക്കേടത്ത് എബനേസർ ഭവനിൽ വി.വി. ജോണിന്റെ ഭാര്യ മേരി ജോൺ (71) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ മാലക്കര ചർച്ച് ഓഫ് ഗോഡ് സഭാ സെമത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസിന്റെ നേതൃത്വത്തിൽ നടത്തി. പരേത എരുമക്കാട് പൊങ്ങനാംകണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: സന്തോഷ് (കുവൈറ്റ്), സുജ സിജി (കുവൈറ്റ്) മരുമക്കൾ: റെനി, സണ്ണി (കുവൈറ്റ്).

### ബിനു കെ ജോയി



**ചെങ്ങന്നൂർ:** പാണ്ടനാട് നാക്കട കൂടാംപള്ളത്ത് ബിനു കെ. ജോയി (40) ബഹറനിൽ വെച്ച് നിര്യാതനായി. സംസ്കാര ശുശ്രൂഷ പാസ്റ്റർ ജോസ് കെ.തോമസിന്റെ നേതൃത്വത്തിൽ നാക്കട ഏ.ജി സഭയുടെ സെമിത്തേരിയിൽ നടത്തി. പാസ്റ്റർമാരായ എൻ.കെ. ബെന്നി, ജോൺസ് മാത്യു, ബാബു ഏബ്രഹാം, പി.ഡി.ജോൺസൺ, റോയ്സൺ, സാബു, ജോൺ കെ. മാത്യു, ജോൺസൺ എറവുങ്കര, ബിനു വി.എസ്, സി.വൈ.തോമസ്, സജിത് ലാൽ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺ ഫിലിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. ഭാര്യ റോബി വഴുവാടി കോയിപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: ഇവാ, എലൻ.

### മറിയാമ്മ



**മീനടം:** മുണ്ടിയാക്കൽ ചേന്നാട്ട് (കോഴഞ്ചേരി) പരേതനായ സി.ടി. വർഗീസിന്റെ ഭാര്യ മറിയാമ്മ (തങ്കമ്മ -95) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ ഇലക്കൊടിഞ്ഞി സഭയുടെ സെമിത്തേരിയിൽ നടത്തി. പുതുപ്പള്ളി ഓതറ കുടുംബാംഗമാണ് പരേത. മക്കൾ: കുഞ്ഞുമോൾ, സി.വി.തോമസ്, ലാലമ്മ, ദീനാമ്മ, പരേതരായ സി.വി.രാജു, സി.വി.പാപ്പച്ചൻ പൊടിയറ്റം, മോനച്ചൻ വളൂർ, റെജി വർഗീസ് തോട്ടത്തിൽ.

### ബിനോയ് കുമാർ



**പാറശ്ശാല:** അസംബ്ളീസ് ഓഫ് ഗോഡ് സതേൺ ഡിസ്ട്രിക്ടിലെ ചെങ്കവിള സഭാ ശുശ്രൂഷകൻ പാസ്റ്റർ സനിൽകുമാറിന്റെ മകൻ ബിനോയ് കുമാർ(7) സെപ്റ്റംബർ ആറിനു നിത്യതയിൽ ചേർക്കപ്പെട്ടു. കരൾ രോഗം ബാധിതച്ചതിനെ തുടർന്നു അഞ്ചു വർഷമായി ചികിത്സയിൽ ആയിരുന്നു ബിനോയി. സംസ്കാര ശുശ്രൂഷ സെപ്റ്റംബർ ഏഴിനു നടന്നു. അസംബ്ളീസ് ഓഫ് ഗോഡ് സതേൺ ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ ഡോ. റ്റി. സത്യനേശൻ പ്രധാന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ജ്ഞാനസെൽവൻ, പാസ്റ്റർ എൻ. പീറ്റർ തുടങ്ങിയവർ നേതൃത്വം നൽകി. അമ്മ-ബിന്ദു, സഹോദരി-കെസിയ(2). ഏ.ജി. മാവിളകടവ് ശുശ്രൂഷകൻ പാസ്റ്റർ സുനിൽകുമാർ പിതൃസഹോദരനാണ്.

### ഓ.ഡാനിയേൽ



**അഞ്ചൽ:** ചർച്ച് ഓഫ് ഗോഡ് അഞ്ചൽ സഭാംഗം വിളയിൽ പടിഞ്ഞാറ്റതിൽ ഓ.ഡാനിയേൽ (95) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസിന്റെ നേതൃത്വത്തിൽ സഭാ സെമത്തേരിയിൽ നടത്തി. കടമ്പനാട്- തുവയൂർ തെക്ക് വിളയിൽ പടിഞ്ഞാറ്റതിൽ പരേതരായ പാസ്റ്റർ സി.കെ.ഉമ്മന്റേയും മറിയാമ്മയുടേയും മൂത്തമകനാണ് പരേതൻ. 1979 -ൽ അഞ്ചലിലേക്ക് കുടിയേറിയ ഡാനിയേൽ അഞ്ചൽ ചർച്ച് ഓഫ് ഗോഡ് സഭയുടെ സ്ഥാപനത്തിന് മുഖാന്തരമായി. അഞ്ചൽ മുടിവെട്ടത്ത് കിഴക്കേവിളയിൽ കുഞ്ഞുമ്മയാണ് ഭാര്യ. മക്കൾ: ജോർജ്ജുകുട്ടി, ലീലാമ്മ, ജോയി, ലിസി, മേഴ്സി, പാസ്റ്റർ ബേബി, ഷേർലി, പരേതനായ ബാബു. മരുമക്കൾ: തങ്കമ്മ, സൂസമ്മ, അമ്മിണി, വർഗീസ്, പാസ്റ്റർ അലക്സാണ്ടർ, ഗ്രേസി, പാസ്റ്റർ മോനച്ചൻ (ചർച്ച് ഓഫ് ഗോഡ്, നിലമ്പൂർ) പരേതനായ പാസ്റ്റർ കുര്യൻ.

### എ.വി.സ്കറിയ



**മാലക്കര:** മാലക്കര ചർച്ച് ഓഫ് ഗോഡ് സഭയുടെ അംഗം ആശാരിയാണ് എ.വി.സ്കറിയ (64) നിര്യാതനായി. സംസ്കാര ശുശ്രൂഷ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസിന്റെ നേതൃത്വത്തിൽ നടത്തി. പുല്ലാട് ഐക്കര കുടുംബാംഗം സൂസമ്മയാണ് ഭാര്യ. മക്കൾ : ജിജി, ജിനു (ഷാർജ). മരുമകൻ: സിനു (അബുദബി).

## ഡോ. നബീൽ ഖുറേഷി



**ഹൂസ്റ്റൺ:** സുവിശേഷകനും യുവ പ്രഭാഷകനുമായ നബീൽ ഖുറേഷി (34) നിത്യതയിൽ പ്രവേശിച്ചു. പാകിസ്ഥാനിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത മുസ്ളീം കുടുംബത്തിൽ അമേരിക്കൻ സിറ്റിസനായി ഏപ്രിൽ 13, 1983 ൽ കാലിഫോർണിയായിൽ ജനിച്ചു. തന്റെ കോളേജ് പഠനകാലത്ത് അനേക ക്രിസ്തീയ ഇസ്ളാം സവാദങ്ങൾ നടത്തിയിട്ടുണ്ട്. വർഷങ്ങളോളം നീണ്ടു നിന്ന സംവാദത്തിനൊടുവിൽ അദ്ദേഹം ക്രിസ്ത്യാനി ആകുക മാത്രമല്ല, ഒരു നല്ല ദൈവ പൈതലായി മാറി. അനേക പെന്തക്കോസ്ത് കോൺഫറൻസുകളിൽ, സഭകളിൽ ദൈവവചന ശുശ്രൂഷകനായി വേദികൾ പങ്കിട്ടിട്ടുണ്ട്. നല്ല ഒരു പുസ്തക രചയിതാവും കൂടിയാണ്. Seeking Allah, Finding Jesus. എന്ന പുസ്തകത്തിന് New York Times bestseller അവാർഡും കിട്ടിയിട്ടുണ്ട്.

കഴിഞ്ഞ ആഴ്ച ഇദ്ദേഹത്തിന്റെ ആരോഗ്യം വഷളായി കൊണ്ടിരിക്കുന്നതായി തന്റെ വീഡിയോ ബ്ലോഗിൽ കൂടി അദ്ദേഹം പ്രാർത്ഥനാ സഹകാരികളുമായി പങ്കുവെച്ചു. കീമോതെറാപ്പിയോട് തന്റെ ശരീരം പ്രതികരിക്കാത്തതിനാൽ ഡോക്ടർമാർ തുടർ ചികിത്സകളെല്ലാം നിർത്തിവെച്ചിരിക്കുകയാണെന്നും, ഇനി സ്വാന്തനചികിത്സ തേടുവാൻ ഭവനത്തിലേക്ക് അയച്ചിരിക്കുകയാണെന്നും തന്റെ വീഡിയോ സന്ദേശത്തിൽ ഇദ്ദേഹം അറിയിച്ചു. 2016 ആഗസ്റ്റിൽ ആണു താൻ ഉദരസംബന്ധമായ കാൻസർ ബാധിതനായി എന്ന വാർത്ത പുറത്തുവന്നത്. ന്യൂയോർക്ക് ടൈംസിന്റെ ബെസ്റ്റ് സെല്ലറായ തന്റെ മൂന്നാമത്തെ പുസ്തകം പുറത്തുവന്ന അതേദിവസം തന്നെയാണു തന്റെ രോഗവിവരവും താൻ പൊതു ലോകത്തെ അറിയിച്ചത്. ഈസ്റ്റേൺ വെർജീനിയ മെഡിക്കൽ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കിയ മെഡിക്കൽ ഡോക്ടർ ആയ ഡോ. ഖുറേഷി പഠനകാലത്താണു ക്രിസ്തീയ വിശ്വാസത്തിൽ ആകൃഷ്ടനായത്. താൻ പിൻതുടർന്നുവന്നിരുന്ന വിശ്വാസപ്രമാണത്തിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന നബീൽ ക്രിസ്ത്യൻ അപ്പോളജിസ്റ്റ് ആയ ഡേവിഡ് വുഡ് എന്ന സഹപാഠിയെ കണ്ടെത്തുന്നതിലൂടെയാണു ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നു വരുന്നത്. പിന്നീട് രവി സക്കറിയ മിനിസ്ട്രീസിലൂടെ ഇദ്ദേഹം അറിയപ്പെടുന്ന ക്രിസ്ത്യൻ അപ്പോളജിസ്റ്റായി മാറുകയായിരുന്നു.

തന്റെ രോഗവിവരങ്ങളും, പ്രാർത്ഥനാവിവരങ്ങളും വീഡിയോ സന്ദേശത്തിലൂടെ ഡോ ഖുറേഷി അപ്പോളപ്പോൾ പുറത്തു വിട്ടിരിന്നു. മാനുഷിക നിലയിൽ ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്തുകഴിഞ്ഞ അവസരത്തിലും, സ്നേഹവാനായ ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങളിൽ മുറുകെ പിടിച്ച് മരണത്തെ തികഞ്ഞ മനോധൈര്യത്തോടെ യും, സന്തോഷവദനായും കാണുന്ന നബീലിന്റെ സാക്ഷ്യവാക്കുകൾ തനിക്കായി പ്രാർത്ഥിക്കുവാൻ സഹകാരികളോട് ആവശ്യപ്പെടുന്നതായിരുന്നു. വിശ്വാസത്തിൽ നിലനിൽക്കുന്നതിനുവേണ്ടി ഏറെ സഹിച്ച ഈ ദൈവദാസന്റെ ജീവിതവും, സാക്ഷ്യവും സ്പർശിക്കാത്തവർ ഇല്ലായിരുന്നു എന്നു വേണം കരുതാൻ.

ഭാര്യ: മിച്ചൽ. മകൾ: അയാ.

JYOTHIMARGOM
P.O.Box-15, Eraviperoor P.O.,
Tiruvalla-689 542, Pathanamthitta
Ph : 9447455820, 9048869944

33rd Years of Publications
JYOTHIMARGOM
Most Popular Christian News Paper
email : jyothimargom@gmail.com, Web: www. jyothimargom.com

LICENCE NO.KL/TLA/112/2015-2017
Posted on 13th October 2017 at RMS Tiruvalla
Published on 12th October 2017
RNI.No.KER MAL/2002/8041

# അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു തുടക്കമായി

## ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മ



തോമസ് വടക്കേകൂറ്റ് | കെ.എൻ. റസ്സൽ | പാസ്റ്റർ ജെ. ജോസഫ് | പാസ്റ്റർ രാജു ആനിക്കാട് | പാസ്റ്റർ ഷിബു കെ. മാത്യു | പാസ്റ്റർ സാംകുട്ടി മാത്യു

**കടുത്തുരുത്തി:** ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു (ACT) തുടക്കമായി. സെപ്റ്റംബർ 25 ന് കടുത്തുരുത്തിയിലുള്ള ഐപിസി വൈക്കം സെന്ററിന്റെ ഓഫീസിൽ നടന്ന പ്രഥമ യോഗത്തിൽ വിവിധ ക്രൈസ്തവ പത്രങ്ങളുടെ ഭാരവാഹികളും എഴുത്തുകാരും സംബന്ധിച്ചു. ബ്രദർ കെ. എൻ. റസ്സൽ അധ്യക്ഷത വഹിച്ചു.

പത്രപ്രവർത്തകരും എഴുത്തുകാരും നേരിടുന്ന വെല്ലുവിളികളെ ഒരുമിച്ചു നിന്ന് നേരിടുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് ഇതാരംഭിക്കുന്നത് എന്നും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുകയും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ലക്ഷ്യമെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പാസ്റ്റർ രാജു ആനിക്കാട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. പാസ്റ്റർ അനിൽ കൊടിത്തോട്ടം ചർച്ചകൾക്കു നേതൃത്വം നൽകി.

രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളായി ബ്രദർ തോമസ് വടക്കേക്കൂറ്റ് (രക്ഷാധികാരി), ബ്രദർ കെ.എൻ. റസ്സൽ (പ്രസിഡന്റ്), പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ വർഗീസ് മാത്യു (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ രാജു ആനിക്കാട് (ജനറൽ സെക്രട്ടറി), പാസ്റ്റർ ഷിബു കെ. മാത്യു (ട്രഷറാർ), ബ്രദർ സജി ഫിലിപ്പ് തിരുവഞ്ചൂർ (സെക്രട്ടറി), ബ്രദർ സാംകുട്ടി മാത്യു (പ്രസ് സെക്രട്ടറി), മാത്യു പാലത്തുങ്കൽ (മീഡിയാ കൺവീനർ), പാസ്റ്റർ സന്തോഷ് ജോസഫ്, ബ്രദർ പീറ്റർ ജെയിംസ് (ഓൺലൈൻ കോഡിനേറ്റേഴ്സ്) എന്നിവരെയും കമ്മറ്റി അംഗങ്ങളായി പാസ്റ്റർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ സി.സി. ജോണി, പാസ്റ്റർ മാർട്ടിൻ വർഗീസ്, ബ്രദർ ഷാനവാസ് എസ്., പാസ്റ്റർ സജി നെടുങ്കണ്ടം, പാസ്റ്റർ ഷൈജു ഞാറയ്ക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.

ഈ കൂട്ടായ്മയുടെ ഔദ്യോഗിക ഉദ്ഘാടനം പൗവ്വർവിഷൻ ടി.വി. ചെയർമാൻ പാസ്റ്റർ കെ.സി. ജോൺ നവംബർ 4ന് കടുത്തുരുത്തിയിൽ നിർവ്വഹിക്കും. സഭാ നേതാക്കന്മാർ, പത്രപ്രവർത്തകർ, ശുശ്രൂഷകന്മാർ, വിശ്വാസികൾ തുടങ്ങിയവർ പങ്കെടുക്കും.

# വി.ടി. എബ്രഹാം വീണ്ടും എസ്ഐഎജി ജനറൽ സൂപ്രണ്ട് കെ.ജെ. മാത്യു ജനറൽ സെക്രട്ടറി



ഡോ. വി.ടി. എബ്രഹാം | പാസ്റ്റർ കെ.ജെ. മാത്യു

**തിരുവനന്തപുരം:** സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്പണ്ടായി പാസ്റ്റർ വി.ടി എബ്രഹാമിനെ വീണ്ടും തെരെഞ്ഞെടുത്തു.

സെപ്റ്റംബർ 19-21 വരെ തിരുവനന്തപുരം ഗിരദീപം കൺവൻഷൻ സെന്ററിൽ നടന്ന 36-ാമത് എസ്ഐഎജി ജനറൽ ദ്വിവത്സര കോൺഫറൻസിലാണ് അദ്ദേഹം തെരെഞ്ഞെടുക്കപ്പെട്ടത്. തുടർച്ചയായി നാലാം തവണയാണ് ഡോ. വി.ടി. എബ്രഹാം എഐഎജി ജനറൽ സൂപ്രണ്ടാകുന്നത്. ജനറൽ അസിസ്റ്റന്റ് സൂപ്രണ്ടായി പാസ്റ്റർ പോൾ തങ്കയ്യയും ജനറൽ സെക്രട്ടറിയായി പാസ്റ്റർ കെ.ജെ. മാത്യുവും ജനറൽ ട്രഷറായി ടി.എസ്സ്. രാജശേഖറും ജനറൽ കമ്മറ്റി മെമ്പറായി പാസ്റ്റർ തിമൊഥി റാവുവും തെരെഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്ത പാസ്റ്റർ കെ.ജെ. മാത്യു ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പാളാണ്. പാസ്റ്റർ വി.ടി. എബ്രഹാം ഒഴികെ എല്ലാവരും ജനറൽ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പുതുമുഖങ്ങളാണ്.

പാസ്റ്റർ ഡി. മോഹൻ, പാസ്റ്റർ ടി.ജെ. സാമുവൽ എന്നിവരായിരുന്നു പ്രധാന പ്രഭാഷകർ. മുൻ ജനറൽ സെക്രട്ടറി ഡോ. ഐസക് വി.മാത്യു റിപ്പോർട്ടുകൾ അവതരിപ്പിച്ചു. മുൻ ജനറൽ ട്രഷറാർ പാസ്റ്റർ അബ്ദുൾ കരിം രണ്ടര കോടിയോളം രൂപയുടെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

എസ്ഐഎജിയിൽ നിന്നും അഖലേന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് പാസ്റ്റർ എബ്രഹാം തോമസ്സിനെ (ചെന്നൈ) തെരെഞ്ഞെടുത്തു. കർതൃമേശയോടെ കോൺഫറൻസ് സമാപിച്ചു.

## ആക്ട് സാഹിത്യ പുരസ്കാരം എൻട്രികൾ ക്ഷണിക്കുന്നു

**കോട്ടയം:** ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സ് 2016 ലെ മികച്ച രചനകൾക്ക് പുരസ്കാരം നൽകുന്നു. 2016 ൽ ക്രൈസ്തവ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള ആദ്ധ്യാത്മിക ലേഖനം, സാമൂഹിക പ്രാധാന്യമുള്ള ലേഖനം, ന്യൂസ് സ്റ്റോറി, ലേ ഔട്ട് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഏറ്റവും മികവു പുലർത്തുന്ന രചനയ്ക്കായിരിക്കും സമ്മാനം നൽകുക. ഓരോ വിഭാഗത്തിലും 5000 രൂപ വീതമായിരിക്കും സമ്മാനം. എഴുത്തുകാർക്കും പ്രസിദ്ധീകരണത്തിനും എൻട്രികൾ അയയ്ക്കാം. ഒരാൾക്ക് 2 രചനകൾ വീതം അയയ്ക്കാം. ഓരോ രചനയുടെയും 3 കോപ്പികൾ വീതം അയയ്ക്കണം. പ്രസിദ്ധീകരിച്ച ആനുകാലികത്തിന്റെ ഒറിജിനലോ ഫോട്ടോ കോപ്പിയോ അയയ്ക്കാം. വിദേശ മലയായളികൾക്കും പങ്കെടുക്കാം. അയയ്ക്കേണ്ട വിലാസം: Raju Anikkad, Mukkooril House, Anicadu - 689585, Pathanamthitta Dist. Mob: 9446187207.




Printed, Published and owned by Pr. P.G. Mathews, Jeswin Villa, Kumbanad P.O., Thiruvalla 689 547, Printed at Cochin Printech, Kalamasserry, Cochi. Design & Typesetting Global Computers, Thiruvalla
Editor Pr. J.Joseph, Onattu Shalom, Eraviperoor P.O.,, Pathanamthitta (Dist.), Kerala - 689 542